
ഹിമഗിരികളിൽ
ഒരു തിരിനാളം...
ഇമ്മാനുവൽ പി ജോസഫ്

# ഹിമഗിരികളിൽ
# ഒരു തിരിനാളം...

**മാനുവൽ പി. ജോസഫ്**

സുവിശേഷവേലയിൽ വ്യാപൃതനായി ഇപ്പോൾ
കുടുംബസമേതം മൈസൂരിൽ താമസിക്കുന്നു.

ഭാര്യ : ജെസ്സി

മക്കൾ : ആശിഷ്, തുഷാര, വിനയ്

mob : 9448200266

e-mail: mpjmysore@gmail.com

# ഹിമഗിരികളിൽ ഒരു തിരിനാളം...

മാനുവൽ പി. ജോസഫ്

പ്രസാധകർ

**ONEPOINT**

Bangalore-43

Malayalam
HIMAGIRIKALIL ORU THIRINALAM
Author : Manual P. Joseph
Copyright Reserved
First Published : March 2007
Cover : Titus V. Zachariah
Typeset : Anil George
Printed : Good News Printers, Bangalore
Published by Onepoint, Bangalore- 43

# അവതാരിക

സമീപകാലത്ത് ഞാൻ വായിച്ച ക്രിസ്തീയ ഗ്രന്ഥങ്ങളിൽ, എന്റെ ശ്രദ്ധ പൂർണ്ണമായും പിടിച്ചെടുത്ത ഒന്നാണ് ഈ ചെറുപുസ്തകം. ലളിതമായ ഭാഷ, നല്ല ഒഴുക്കുള്ള അവതരണ ശൈലി, അവസാനംവരെ താല്പര്യം പിടിച്ചു നിർത്തുന്ന പ്രതിപാദന രീതി, എല്ലാറ്റിനും ഉപരി വെല്ലുവിളിക്കുന്ന ഒരു പ്രമേയം.

അനുപമമായ അനുഭവങ്ങൾ അവതരിപ്പിക്കുമ്പോൾ, അനുവാചകനും അതിന് ദൃക്സാക്ഷിയാകുന്നതായി തോന്നിപ്പോകും. ഒരെഴുത്തുകാരന്റെ ശക്തിയാണത്. ഹിമാലയൻ മലനിരകളിലൂടെ കയറിയിറങ്ങി നടക്കുന്നവർക്കുണ്ടാകുന്ന കുളിർമ വായനക്കാരന്റെ മനസ്സിൽ സൃഷ്ടിക്കുവാൻ ഗ്രന്ഥകാരന് കഴിഞ്ഞിട്ടുണ്ട്. അപ്പോൾ തന്നെ, സുവിശേഷീകരണത്തിന്റെ അഗ്നി നമ്മുടെ ഉള്ളിൽ ആളിക്കത്തിക്കുവാനും സാധിച്ചിരിക്കുന്നു.

ഈ മിഷൻ ഫീൽഡിലേക്ക് ഒരു യാത്രപോകുവാൻ നമ്മെ മാടിവിളിക്കുന്ന 'മാസിഡോണിയൻ ആഹ്വാനമാണ് ഈ ലഘുഗ്രന്ഥം. നാടിനെയും നാട്ടാരെയും കുറിച്ച് പറയുമ്പോൾ തന്നെ സ്റ്റാറ്റിസ്റ്റിക്സിന്റെ മുഷിപ്പ് തെല്ലും അനുഭവപ്പെടുന്നില്ല. അപ്പോൾ തന്നെ അറിയേണ്ടതെല്ലാം പറയേണ്ടതെല്ലാം പറഞ്ഞു വയ്ക്കുന്നുമുണ്ട്.

മിസിയോളജിയിൽ ഒരു മികച്ച സംഭാവനയാണ് ഈ ഗ്രന്ഥം. എഴുത്തിന്റെ ക്രാഫ്റ്റ് അറിഞ്ഞോ അറിയാതെയോ കൈയ്യിലടുക്കി വച്ചിട്ടുള്ള ഗ്രന്ഥകാരൻ, എഴുത്തിനെയും ഒരു മിഷൻ പ്രവർത്തനമായി പരിഗണിച്ച് ഈ മേഖലയിലേക്ക് കൂടുതൽ ശ്രദ്ധപതിപ്പിക്കണം എന്നാണ് എന്റെ വിനീതമായ അപേക്ഷ.

ജോർജ്ജ് കോശി മൈലപ്ര
ഡയറക്ടർ –
ഏഷ്യ മീഡിയ അസ്സോസ്സിയേറ്റ് ഇന്റർനാഷണൽ

# ഉള്ളടക്കം


| | | |
|---|---|---|
| 1. | ഉയരങ്ങളിലെ വിരുന്ന് | 11 |
| 2. | ഗിരിനിരകളുടെ അകവും പുറവും | 14 |
| 3. | നേപ്പാളിലെ ക്രിസ്തീയ സാക്ഷ്യം: ഉല്പത്തിയും പുറപ്പാടും | 16 |
| 4. | മലനിരകളുടെ വിലാപം | 22 |
| 5. | ശൈത്യകാലം വരുന്നു | 27 |
| 6. | വിലയേറിയ അപ്പം | 29 |
| 7. | പശുത്തൊഴുത്തിൽ പിറന്നവർ | 31 |
| 8. | ലുത്തോ പാവ്ലോ, ചിലാവുനേ ബിജാവ്നേ | 34 |
| 9. | മായാസ്പദന്റെ കഥ | 37 |
| 10. | കണ്ണുനീരോടെ വിതച്ചാൽ | 44 |
| 11. | ജൂംലയിലെ ദിനങ്ങൾ | 52 |
| 12. | അത്യുന്നതന്റെ മറവിൽ | 56 |
| 13. | കൊയ്ത്ത് വളരെ ഉണ്ട് | 65 |
| 14. | അനുബന്ധം | 69 |




Nepal

# 1. ഉയരങ്ങളിലെ വിരുന്ന്

2004, ജൂൺ 4. രാവിലെ നേപ്പാൾഗഞ്ചിലെ വിമാനത്താവളത്തിൽ നിന്നും ജുംലക്ക് പോകുന്ന യതി എയർലൈൻസിന്റെ കൊച്ചു വിമാനത്തിൽ കയറിയപ്പോൾ ഞാൻ സംശയിച്ചു, ഈ വിമാനം ജുംലയിൽ എത്തിച്ചേരുമോ? അത്ര പരിതാപകരമായിരുന്നു 21 സീറ്റുകൾ മാത്രമുള്ള ആ വിമാനത്തിന്റെ അവസ്ഥ. എന്നോടൊപ്പം ഭാര്യ ജെസ്സിയും മൂന്നു വയസ്സുകാരനായ ആശിഷ് മോനും പത്തു മാസം മാത്രം പ്രായമുള്ള തുഷാര മോളുമുണ്ടായിരുന്നു. യതി എയർലൈൻസിന്റെ ആകെയുള്ള രണ്ട് വിമാനങ്ങളിൽ ഒരെണ്ണം ആഴ്ചകൾക്ക് മുമ്പ് മാത്രമാണ് മല നിരകൾക്കിടയിൽ തകർന്ന് വീണത് എന്ന ഓർമ്മ മനസ്സിലൊരു നടുക്കം സൃഷ്ടിച്ചിരുന്നു. ബെന്നി ഞങ്ങളോടൊപ്പം വിമാനത്താവളം വരെ വന്നു; ജുംലയിൽ ഇറങ്ങുമ്പോൾ നെയ്ബു കാത്തു നിൽപ്പുണ്ടാകും എന്നുപറഞ്ഞു. അല്പസമയത്തിനുള്ളിൽ 21 യാത്രക്കാരുമായി ആ കൊച്ചുവിമാനം ഉയരങ്ങളിലേക്ക് പറന്നുയർന്നു. സമതല പ്രദേശങ്ങളും മലമ്പ്രദേശങ്ങളും കടന്ന് അതിമനോഹരമായ ഹിമാലയൻ പർവ്വതനിരകളുടെ മുകളിലൂടെ ഒരു കഴുകനെപ്പോലെ അത് പറന്നുകൊണ്ടിരുന്നു. മലനിരകൾക്കിടയിലേക്ക് ചാഞ്ഞിറങ്ങുന്ന മേഘക്കൂട്ടങ്ങളെ പിന്നിട്ട് വിമാനം പറന്നപ്പോൾ ആശിഷ് മോനൊരു സംശയം: 'നമ്മൾ യേശു അപ്പച്ചന്റെ അടുത്തേക്കാണോ പോകുന്നത്?'

40 മിനിറ്റുകൾക്ക് ശേഷം ഞങ്ങൾ 15000 അടി ഉയരത്തിൽ കിടക്കുന്ന ജുംല താഴ്‌വരയിലെ ചെറിയവിമാനത്താവളത്തിൽ ഇറങ്ങി. 500 മീറ്റർ മാത്രം റൺവേയുള്ള ജുംലയിൽ വളരെ ചെറിയ വിമാനങ്ങൾക്കും ഹെലികോപ്റ്ററുകൾക്കും മാത്രമേ ഇറങ്ങാൻ കഴിയൂ. മൂടിക്കെട്ടിയ അന്തരീക്ഷമാണെങ്കിൽ പലദിവസങ്ങളോളം യാത്ര നടക്കുകയും ഇല്ല. റൺവേയുടെ അരികിലും കൺട്രോൾ ടെർമിനലിന്റെ മുകളിലുമെല്ലാം മാവോ തീവ്രവാദികളുടെ ഒളിയാക്രമണത്തെ പ്രതിരോധിക്കാൻ തോക്കു പിടിച്ച് പട്ടാളക്കാർ നിൽക്കുന്നു. എയർപ്പോർട്ടിന്റെ അപ്പുറത്തായി താഴ്‌വരകളിലേക്കൊഴുകുന്ന തിലക് നദി. സദാ വീശിക്കൊണ്ടിരിക്കുന്ന ഹിമക്കുളിരുള്ള കാറ്റ്. അപ്പോഴാണ് ഒരു പ്രശ്നം, എയർപ്പോർട്ടിൽ വരാമെന്ന് പറഞ്ഞിരുന്ന നെയ്ബുവിനെ കാണാനില്ല. ഇനി എന്തു ചെയ്യും? യാതൊരു മുൻപരിചയവും ഇല്ലാത്ത ആ ദേശത്ത് ഞങ്ങൾ നിസ്സഹായരായി ദീർഘനേരം നിന്നു. മറ്റു ഗത്യന്തരമൊന്നുമില്ലാതെ ഒടുവിൽ ഒരു പോർട്ടറെ വിളിച്ച് ഞങ്ങളുടെ ബാഗു

കൾ എടുപ്പിച്ച് പുറത്തേക്ക് നടന്നു. ഗെയിറ്റിൽ യാത്രക്കാരെക്കുറിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തുന്ന ഒരു പോലീസുകാരൻ.

'കുൻ ജില്ലാ ബാട്ട ആയേക്കോ ച്ചാ?'(ഏത് ജില്ലയിൽ നിന്നാണ് വരുന്നത്?)

പോലീസുകാരൻ ചോദിച്ചു. ഞങ്ങൾ നേപ്പാളികൾ അല്ലെന്ന കാര്യം അയാൾക്ക് മനസ്സിലായില്ല. 'കേരള ബാട്ട, സൗത്ത് ഇന്ത്യ', ഞാൻ ഉത്തരം പറഞ്ഞു. ഞങ്ങൾ വിദേശികളാണെന്ന് മനസ്സിലാക്കിയ അയാൾ ഞങ്ങളെ അവിടെ നിർത്തിയിട്ട്, മറ്റ് യാത്രക്കാരെയെല്ലാം കടത്തിവിട്ടു.

അല്പം കഴിഞ്ഞ് പോലീസുകാരൻ വയർലെസ്സിൽക്കൂടി കൺട്രോൾ റൂമിലേക്ക് ഞങ്ങളെക്കുറിച്ച് വിളിച്ചു പറയുന്നത് കേട്ടു. ആകെ പ്രശ്നമാകുമോ? ഞങ്ങൾ ശരിക്കും അമ്പരന്നു. മാവോവാദി ആക്രമണങ്ങൾ രൂക്ഷമായിരിക്കുന്നതുകൊണ്ട് പരിശോധന വളരെ കർശനമാക്കിയിരിക്കുന്നു. എന്റെ പോക്കറ്റിൽ കിടക്കുന്ന ഐഡന്റിറ്റി കാർഡിന്റെ കാര്യം ഞാൻ പെട്ടെന്ന് ഓർത്തു. നേപ്പാൾഗഞ്ചിൽ നിന്നും ഞങ്ങൾ ഉണ്ടാക്കിയിരുന്ന എന്റെ ഫോട്ടോപതിച്ച ഐഡന്റിറ്റി കാർഡ്; മായാസദന്റെ പ്രോഗ്രാം കോർഡിനേറ്റർ എന്ന് അതിൽ രേഖപ്പെടുത്തിയിരുന്നു. ഐഡന്റിറ്റി കാർഡ് കണ്ട പോലീസുകാരൻ ശാന്തനായി. വീണ്ടും വയർലെസ്സ് സെറ്റെടുത്ത് അയാൾ കാർഡിലെ വിവരങ്ങൾ കൺട്രോൾ റൂമിലേക്ക് വിളിച്ചു പറഞ്ഞു. അവിടെ നിന്നുള്ള നിർദ്ദേശാനുസരണം ഒരു ഫോമിൽ ഞങ്ങളുടെ പേരും വിവരങ്ങളുമെല്ലാം എഴുതി ഒപ്പിട്ട് വാങ്ങിയിട്ട് ഞങ്ങളെ പോകുവാൻ അനുവദിച്ചു. ഞങ്ങൾ വലിയ ആശ്വാസത്തോടെ പുറത്ത് കടന്നു. ലഗ്ഗേജുകളുമായി പോർട്ടർ മുമ്പിലും ഞങ്ങൾ പിന്നാലെയുമായി വഴിയന്വേഷിച്ച് മായാസദനിലേക്ക് നടന്നു.

ജുംലാ ബസാർ പിന്നിട്ട് വീണ്ടും മുകളിലേക്കുള്ള വഴിയിലൂടെ ഞങ്ങൾ നടന്നു നീങ്ങി. ഏതാണ്ട് മൂന്നു കിലോമീറ്ററോളം കഴിഞ്ഞപ്പോൾ ചുറ്റും കല്ലുകൾ കൊണ്ട് മതിൽ കെട്ടിയ ഒരു കോമ്പൗണ്ടിന്റെ മുമ്പിലെത്തി. കോമ്പൗണ്ട് നിറയെ ആപ്പിൾ മരങ്ങൾ കായ്ച്ചു നിൽക്കുന്നു; രണ്ട് വീടുകളുമുണ്ട്. ഗെയിറ്റിന്റെ അടുത്ത് എത്തിയപ്പോൾ തന്നെ 'അങ്കിൾ ആയോ....അങ്കിൾ ആയോ....'എന്ന് ഉച്ചത്തിൽ ആർത്തു വിളിച്ചുകൊണ്ട് കുട്ടികൾ ഓടിയെത്തി. പിറകെ പത്മദീദിയും എത്തി. സംശയമില്ല, മായാസദൻ തന്നെ! ഒരിക്കലും കണ്ടിട്ടില്ലാത്ത ഇ ൗ കുട്ടികൾ ഞങ്ങളെ ഹർഷാരവത്തോടെ സ്വീകരിച്ചു. നെയ്ബു ഞങ്ങളെ കൂട്ടികൊണ്ട് വരുവാൻ എയർപോർട്ടിലേക്ക് അല്പം മുമ്പ് മറ്റൊരു വഴിയിലൂടെ പോയിരിക്കുകയാണത്രേ.

ഇവിടെ വന്നിറങ്ങിയതുമുതൽ പുറംലോകവുമായുള്ള എല്ലാബന്ധങ്ങളും മിക്കവാറും അവസാനിച്ചിരിക്കുന്നു എന്നുപറയാം. ഇത് തികച്ചും വ്യത്യസ്ഥമായ ഒരു ലോകം. ഒരിക്കലും ടാർ ചെയ്യാത്ത മൺവഴികളാണെല്ലാം. ചീറിപ്പായുന്ന വാഹനവ്യൂഹമോ അംബരചുംബികളായ കോൺക്രീറ്റ് സൗധങ്ങളോ ആധുനിക ലോകത്തിന്റെ വലിയ സാധ്യതകളോ ഒന്നും കണ്ടിട്ടില്ലാത്ത അനേകായിരം ജനങ്ങൾ, വലിയ ദാരിദ്രത്തിലും അരിഷ്ടതയിലും, ഈ അനന്തമായ മലനിരകൾക്കിടയിൽ ജീവിക്കുന്നുണ്ട് എന്ന ചിന്ത എന്നെ വല്ലാതെ അസ്വസ്ഥനാക്കി. ഇവിടെ നിന്ന് മലനിരകളും താഴ്വരകളും താണ്ടി ആറേഴ്ദിവസങ്ങളോളം നടന്നാൽ

മാത്രമേ ബസ് ഗതാഗതമുള്ള സ്ഥലത്ത് എത്താൻ പറ്റുകയുള്ളു.

ഇത്തിരി മാത്രമുള്ള മണ്ണിൽ ഒത്തിരി അദ്ധ്വാനിച്ച് ജീവൻ നിലനിർത്താൻ മാത്രം ഭക്ഷണം കഴിച്ച് ജീവിതത്തിന്റെ മദ്ധ്യാഹ്നത്തിൽ തന്നെ വാർദ്ധക്യം ബാധിച്ച് മരിക്കുന്ന ഇവിടുത്തെ ജനങ്ങളുടെ നൊമ്പരങ്ങളും ദു:ഖങ്ങളും ഹൃദയവിചാരങ്ങളും എന്തായിരിക്കും? എന്തെന്ത് അനുഭവങ്ങൾ ആയിരിക്കും ഇവിടെ ഞങ്ങളെ കാത്തിരിക്കുന്നത്?

ഈ നാടിനെ നേരിട്ടറിയുവാനും എന്റെ ആത്മമിത്രമായ ബെന്നി ചെറിയാൻ ആരംഭിച്ച മിഷണറി പ്രവർത്തനങ്ങളിൽ സഹായിക്കാനുമാണ് ഞാൻ ഇവിടേക്ക് എത്തിയിരിക്കുന്നത്. മേഘപാളികളെ തുളച്ചുയർന്നു നിൽക്കുന്ന ഹിമാലയൻ മലനിരകൾ. അതിനിടയിലുള്ള അതിമനോഹരമായ ജുംല താഴ്‌വര. പറഞ്ഞു കേട്ടിട്ടുള്ളതിനേക്കാൾ എത്രയോ ഭംഗിയേറിയതാണ് ഈ പ്രദേശം. ഞങ്ങൾ ഇവിടെ എത്തിയിട്ട് ഏതാനും മണിക്കൂറുകൾ മാത്രമേ ആയിട്ടുള്ളൂ. എങ്കിലും ഒരു ആയുഷ്കാലത്തിന്റെ പരിചയം തോന്നിക്കുന്ന അന്തരീക്ഷം. സർവ്വശക്തനായ ദൈവത്തിന്റെ കരവിരുതിന്റെ മഹത്വം ഞാൻ ഇതുവരെ തെല്ലും അറിഞ്ഞിരുന്നില്ല എന്ന് ഇപ്പോൾ തോന്നുകയാണ്. ഇപ്പോൾ പകൽ രണ്ടു മണി. തെളിഞ്ഞ നീലാകാശത്തിൽ അങ്ങിങ്ങായി മാത്രം വെള്ളിമേഘക്കൂട്ടങ്ങൾ. വർഷത്തിൽ ഏറ്റവും ഉയർന്ന താപനിലയുള്ള ഈ സമയത്തും തണുപ്പ് വസ്ത്രത്തിനുള്ളിലേക്ക് അരിച്ചിറങ്ങുകയാണ്.

ഞാൻ എന്റെ കണ്ണുകൾ പർവ്വതങ്ങളിലേക്ക് ഉയർത്തുന്നു. എന്റെ സഹായം എവിടെനിന്ന് വരും? എന്റെ സഹായം ഹിമാലയൻ പർവ്വതനിരകളേയും മനോഹരമായ ജുംല താഴ്‌വരയേയും ഇവിടുത്തെ അനേകായിരം മനുഷ്യാത്മാക്കളെയും സൃഷ്ടിച്ച ദൈവത്തിങ്കൽ നിന്നു വരുന്നു. ■

# 2. ഗിരിനിരകളുടെ അകവും പുറവും

ലോകത്തിലെ ഏറ്റവും നല്ലരാജ്യം ഏതാണ്? നേപ്പാളിലെ, പ്രത്യേകിച്ച് ഹിമാലയൻ പ്രദേശത്തെ, ജനങ്ങളിൽ മിക്കവാറുംപേരും പറയും അത് നേപ്പാളാണെന്ന്. പ്രധാനമായും രണ്ട് കാരണങ്ങളാണ് അവർ ചൂണ്ടിക്കാണിക്കാറ്. ഒന്ന്, ലോകത്തിലെ മിക്കവാറും രാജ്യങ്ങളിൽ പ്രധാനമന്ത്രിമാർ ഭരിക്കുമ്പോൾ നേപ്പാളിൽ രാജാവുണ്ട് (മന്ത്രിയേക്കാൾ മേലെയാണല്ലൊ രാജാവിന്റെ സ്ഥാനം എന്ന് അവർ ചിന്തിക്കുന്നുണ്ടാകാം). രണ്ട്, മറ്റ് പല രാജ്യങ്ങളിലും യാത്രയ്ക്കായി ബസ്സുകൾ ഉപയോഗിക്കുമ്പോൾ നേപ്പാളിൽ പലയിടങ്ങളിലും യാത്ര വിമാനത്തിലാണ്. (ഉയർന്ന ഹിമാലയൻ പ്രദേശങ്ങളിൽ റോഡുകൾ നിർമ്മിക്കാൻ ഇതുവരെയും സാധിക്കാത്തതുകൊണ്ടാണിത്).

നമ്മുടെ മാതൃരാജ്യമായ ഇന്ത്യയ്ക്കും ലോകത്തിന്റെ മേൽക്കൂര എന്നറിയപ്പെടുന്ന തിബറ്റിനും ഇടയിലായി ഹിമാലയൻ പർവ്വതത്തിന്റെ മടിത്തട്ടിൽ കിടക്കുന്ന നേപ്പാൾ എന്ന കൊച്ചുരാജ്യം ഒട്ടേറെ പ്രത്യേകതകൾ ഉള്ളതാണ്. 1,47,181 ചതുരശ്രകിലോമീറ്റർ മാത്രം വിസ്തൃതിയുള്ള നേപ്പാളിലെ ജനസംഖ്യ രണ്ടര കോടിയോളമാണ്. ലോകത്തിലെ ഏകഹിന്ദുരാജ്യമെന്ന് അറിയപ്പെടുന്ന നേപ്പാൾ ലോകത്തിലെ ദരിദ്രരാജ്യങ്ങളുടെ പട്ടികയിൽ ഏറ്റവും മുൻപന്തിയിൽ തന്നെ സ്ഥാനം പിടിച്ചിരിക്കുന്നു. ജനസംഖ്യയിൽ 80 ശതമാനവും ഹിന്ദുക്കൾ തന്നെ. രണ്ടാം സ്ഥാനം 10 ശതമാനം വരുന്ന ബുദ്ധമതക്കാർക്കാണ്. ഗൗതമബുദ്ധന്റെ ജന്മസ്ഥലമായ ലുംബിനി നേപ്പാളിലാണ്. ഇസ്ലാംമതക്കാരും ഇപ്പോൾ ധാരാളമായി നേപ്പാളിലുണ്ട്. നൂറ്റാണ്ടുകളായി പുറംലോകത്തിന് അടഞ്ഞുകിടന്നിരുന്ന നേപ്പാളിൽ അല്പമെങ്കിലും മതസ്വാതന്ത്ര്യം അനുവദിച്ച് കിട്ടിയിട്ട് അൻപത് വർഷത്തോളം മാത്രമേ ആയിട്ടുള്ളൂ. അനേകം ക്രിസ്തീയ സംഘടനകൾ ഇപ്പോൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. എങ്കിലും ആകെയുള്ള ജനസംഖ്യയുടെ 0.45 ശതമാനം മാത്രമാണ് നേപ്പാളിൽ ക്രിസ്ത്യാനികളുള്ളത്.

ഭൂമിശാസ്ത്രപരമായി നേപ്പാളിനെ മൂന്ന് ഭാഗങ്ങളായി തിരിക്കാം. ഏറ്റവും താഴെയുള്ള താരതമ്യേന ചെറിയ സമതലപ്രദേശമാണ് തറായ് മേഖല. ഇന്ത്യയോട് ചേർന്നുകിടക്കുന്ന ഈ സമതല പ്രദേശം പൊതുവേ ഫലഭൂയിഷ്ഠമാണ്. അതിന് മുകളിൽ കുന്നുകളും മലനിരകളും നിറഞ്ഞ വിശാലമായ ഭൂപ്രദേശം.

തലസ്ഥാനമായ കാഠ്മണ്ഡു അടക്കം നേപ്പാളിലെ പ്രധാനപ്പെട്ട പട്ടണങ്ങളെല്ലാം ഇവിടെയാണ് ഉള്ളത്. ലോകത്തിലെ ഏറ്റവും വലിയ പർവ്വതമായ ഹിമാലയ ത്തിന്റെ ഭാഗമായ, വളരെ ഉയർന്ന മലനിരകൾ നിറഞ്ഞ ഹിമാലയൻ തടമാണ് മൂന്നാമത്തേത്. റോഡ്ഗതാഗതം ഇല്ലാതെ പുറംലോകത്ത് നിന്നും ഏതാണ്ട് ഒറ്റ പ്പെട്ട് കിടക്കുന്ന പ്രദേശങ്ങളാണ് ഇത്. ലോകത്തിലെ ഏറ്റവും ഉയരമുള്ള കൊടു മുടിയായ എവറസ്റ്റ് കൊടുമുടി നേപ്പാളിലാണ് സ്ഥിതി ചെയ്യുന്നത്.

14 അഞ്ചലുകളായി നേപ്പാൾ വിഭജിക്കപ്പെട്ടിരിക്കുന്നു. പല ജില്ലകൾ അടങ്ങു ന്നതാണ് ഒരു അഞ്ചൽ. ഹിമാലയൻ മേഖലയിൽപ്പെട്ട, അഞ്ച് ജില്ലകളുള്ള കർണ്ണാലി അഞ്ചലാണ് ഏറ്റവും വലിയത്. നേപ്പാളിലെ ഏറ്റവും പിന്നോക്ക പ്രദേ ശവും ഇത് തന്നെ. നേപ്പാളിലെ ഏറ്റവും ദരിദ്ര ജില്ലയായ മുകു, കർണ്ണാലി അഞ്ചലി ലാണ്.

ദീർഘകാലങ്ങളായി നേപ്പാൾ, രാജഭരണത്തിൻ കീഴിലാണ്. പണ്ട് നിരവധി നാട്ടുരാജാക്കന്മാരുടെ ഭരണത്തിൻ കീഴിലായിരുന്ന ഈ ദേശത്തെ നേപ്പാൾ എന്ന ഒറ്റരാജ്യമാക്കിതീർത്തത് പൃഥ്വിനാരായൺഷാ എന്ന ഗോർക്കാ രാജാവാ ണ്. കഴിഞ്ഞ പത്ത് വർഷമായി രാജഭരണത്തിനെതിരെ സായുധ പോരാട്ടം നട ത്തുന്ന മാവോ തീവ്രവാദികളുടെ പ്രവർത്തനങ്ങൾ ഇപ്പോൾ നേപ്പാളിലുടനീളം വ്യാപിച്ചിരിക്കുന്നു. ഉൾപ്രദേശങ്ങളെല്ലാം തന്നെ അവരുടെ നിയന്ത്രണത്തിലാ ണ്. പട്ടണങ്ങളിലും ബോംബ് സ്ഫോടനങ്ങളും വെടിവെയ്പും നിത്യസംഭവ ങ്ങളായിത്തീർന്നിരിക്കുന്നു. സർക്കാർ ഓഫീസുകളും സ്ഥാപനങ്ങളുമെല്ലാം തീവ്ര വാദി ആക്രമണത്തിൽ തകർന്നുകൊണ്ടിരിക്കുകയാണ്. റോയൽ നേപ്പാളി ആർമിയും മാവോതീവ്രവാദികളും തമ്മിലുള്ള രൂക്ഷപോരാട്ടം ദിവസേന നേപ്പാ ളിൽ എല്ലായിടത്തും നടക്കുന്നുണ്ട്. ഇരുപക്ഷത്തുമുള്ള അനേകർ കൊല്ലപ്പെട്ടു കൊണ്ടിരിക്കുന്നു. പ്രായോഗികമായി നേപ്പാൾ ഇപ്പോൾ ഒരു യുദ്ധക്കളമാണ്. സമാധാന ശ്രമങ്ങളെ എല്ലാം പരാജയപ്പെടുത്തിക്കൊണ്ട് പോരാട്ടം കൂടുതൽ രൂക്ഷമാകുമ്പോൾ സ്വതവേ ദരിദ്രരാജ്യമായ നേപ്പാൾ കൊടിയ ദാരിദ്ര്യത്തിലേക്ക് കൂപ്പ് കുത്തുകയാണ്. ■

# ૩. നേപ്പാളിലെ ക്രിസ്തീയ സാക്ഷ്യം: ഉല്പത്തിയും പുറപ്പാടും

മിഖായേലിനെക്കുറിച്ച് ചോദിച്ചാൽ നേപ്പാളിൽ ഇന്നുള്ള മിക്ക ക്രിസ്ത്യാനികളും കൈ മലർത്തുകയായിരിക്കും ചെയ്യുക. നമുക്കും മിഖായേലിനെക്കുറിച്ച് അധികമൊന്നും അറിയില്ല. എന്നാൽ നേപ്പാളി ക്രിസ്ത്യാനികളുടെ ചരിത്രം പഠിക്കുന്ന ആരും ഇങ്ങനെയൊരാളെക്കുറിച്ച് കേൾക്കാതിരിക്കാൻ സാധ്യതയില്ല. തൊഴിൽ സംബന്ധമായി 1700-കളുടെ മധ്യത്തിൽ തിബറ്റിൽ എത്തിച്ചേർന്ന ഈ നേപ്പാളി യുവാവ് ഒരു വിദേശ മിഷണറിയിൽ നിന്നും ജീവിക്കുന്ന ദൈവമായ യേശുക്രിസ്തുവിനെക്കുറിച്ച് കേൾക്കുവാനിടയായത് യാദൃശ്ചികം മാത്രമെന്നു തോന്നാം. എന്നാൽ സർവ്വജ്ഞാനിയായ ദൈവത്തിന് യാദൃശ്ചികത എന്നൊന്നില്ലല്ലോ. ക്രിസ്തുവിലുള്ള പുതിയ ജീവിതം ആരംഭിച്ച മിഖായേൽ (ക്രിസ്ത്യാനിയായപ്പോൾ സ്വീകരിച്ച പേരാണിത്. ആദ്യത്തെ പേര് എന്തായിരുന്നു എന്ന് അറിയില്ല) താമസിയാതെ നേപ്പാൾ താഴ്‌വരയിലുള്ള സ്വന്തനാട്ടിൽ എത്തിച്ചേർന്നു. പക്ഷെ ഉയർന്ന ജാതിക്കാരായ തന്റെ ഭവനക്കാരിൽ നിന്നും ബന്ധുജനങ്ങളിൽ നിന്നും ഒരു പുതിയ വിശ്വാസവുമായെത്തിയ മിഖായേലിന് ഒട്ടും അനുകൂലമായ പ്രതികരണമല്ല ലഭിച്ചത്. തന്റെ ഭവനത്തിൽ നിന്നും ബന്ധുമിത്രാദികളുടെ ഇടയിൽ നിന്നും ഭ്രഷ്ടനാക്കപ്പെട്ട ആ യുവാവ് തന്റെ വിശ്വാസം സംരക്ഷിക്കുന്നതിനായി നേപ്പാൾ വിട്ടുപോകുവാൻ നിർബന്ധിതനായത്രേ. പിന്നീട് ഇദ്ദേഹം വടക്കേ ഇന്ത്യയിലേക്ക് പോയി അവിടെ ക്രിസ്തീയ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് ജീവിച്ചു എന്നാണ് അറിവ്. മിഖായേൽ എന്ന പ്രസ്തുത യുവാവാണ് ആദ്യത്തെ നേപ്പാളി ക്രിസ്ത്യാനി എന്നാണ് കരുതപ്പെടുന്നത്.

നേപ്പാളിന്റെ ചരിത്രം പലതുകൊണ്ടും ഇരുളടഞ്ഞതാണ്. ഭൂമിശാസ്ത്രപരമായ പ്രത്യേകതകളാലും സാമ്പത്തിക-സാമൂഹിക-മതപരമായ പിന്നോക്കാവസ്ഥകളാലും, അനേക നൂറ്റാണ്ടുകൾ പുറംലോകത്തിന്റെ വലിയ ശ്രദ്ധയാകർഷിക്കാത്ത ഭൂവിഭാഗമായി ഇതു കിടന്നു. അനേകം നാട്ടുരാജ്യങ്ങളായി വിഭജിക്കപ്പെട്ടു കിടന്നിരുന്ന നേപ്പാളിന് സുദീർഘമായ ചരിത്രമൊന്നും അവകാശപ്പെടാനില്ല.

പതിനെട്ടാം നൂറ്റാണ്ടിന് മുമ്പ് നേപ്പാളിൽ ക്രിസ്ത്യാനികൾ ഉണ്ടായിരുന്നു എന്നതിനോ എന്തെങ്കിലും മിഷണറിപ്രവർത്തനങ്ങൾ നടന്നിരുന്നു എന്നതിനോ തെളിവില്ല. 1600-കളിൽ ജെസ്യൂട്ട് പാതിരിമാർ ഇന്ത്യയിലും തിബറ്റിലുമുള്ള തങ്ങളുടെ മിഷൻ സെന്ററുകളിലേക്ക് പോയിവന്നിരുന്നത് നേപ്പാളിൽക്കൂടിയായിരുന്നു. എങ്കിലും എന്തുകൊണ്ടോ നേപ്പാളിനെ ഒരു മിഷൻ ഫീൽഡായി അവർ തെരഞ്ഞെടുത്തില്ല. പിന്നീട് വന്ന കപ്പൂച്ചിയൻ പാതിരിമാരും തിബറ്റിലേക്ക് യാത്ര ചെയ്യുന്നതിനുള്ള ഒരു മാർഗ്ഗമായി മാത്രമാണ് നേപ്പാളിനെ ആദ്യമൊക്കെ കണ്ടത്. എന്നാൽ 1715-ൽ ആദ്യമായി കപ്പൂച്ചിയൻ പാതിരിമാരുടെ മിഷൻ സെന്റർ നേപ്പാൾ താഴ്വരയിലാരംഭിച്ചു. പലവിധ പ്രതികൂലങ്ങളുടെ മദ്ധ്യത്തിലുള്ള അവരുടെ ആദ്യകാല പ്രവർത്തനങ്ങളെപ്പറ്റി വളരെയധികമൊന്നും അറിവില്ല. നേപ്പാളിൽ ആദ്യമായി ക്രിസ്തുമതസ്ഥരായി ജീവിച്ചവർ തിബറ്റിൽ വച്ച് മതപരിവർത്തനം ചെയ്യപ്പെട്ട ഏതാനും നേപ്പാളി കച്ചവടക്കാരാണ് എന്ന് പറയപ്പെടുന്നു.

പിന്നീട് ഭരണാധികാരികളുടെ പക്കൽ നിന്നും കൂടുതൽ സഹകരണങ്ങൾ ലഭിച്ചതോടെ സാവധാനം പലരും ക്രിസ്തുമതാവലംബികളായിത്തീർന്നു. ഇങ്ങനെ ആദ്യകാലങ്ങളിൽ മുമ്പോട്ടുവന്ന അപൂർവ്വം ചിലർ ഉയർന്നജാതിക്കാരായ ബ്രാഹ്മണരിൽ നിന്നും മറ്റും പലവിധ എതിർപ്പുകളും നേരിടേണ്ടി വന്നിട്ടുണ്ട്. എന്നാൽ ആധുനിക നേപ്പാളിന്റെ സ്ഥാപകൻ എന്നറിയപ്പെടുന്ന പൃഥ്വിനാരായൺ ഷാ എന്ന ഗോർക്കാ രാജാവ് 1760-കളിൽ നേപ്പാൾ താഴ്വരയിലെ അനേകം ചെറിയ നാട്ടുരാജ്യങ്ങളെ കീഴടക്കി തന്റെ രാജ്യം സ്ഥാപിച്ചതോടെയാണ് അതുവരെയുണ്ടായിരുന്ന ക്രിസ്തീയ പ്രവർത്തനങ്ങൾക്കും വലിയതോതിൽ ഭീഷണി നേരിട്ടത്. തൽഫലമായി, ഇവിടെയുണ്ടായിരുന്ന കപ്പൂച്ചിയൻ പാതിരിമാരും നേപ്പാളി ക്രിസ്ത്യാനികളുടെ ചെറിയ സമൂഹവും ഇന്ത്യയിലേക്ക് പലായനം ചെയ്യുകയും ബീഹാറിൽ താമസമാക്കുകയും ചെയ്തു. ഇതിന് ശേഷം ഏകദേശം രണ്ടു നൂറ്റാണ്ടോളം നേപ്പാളിന്റെ വാതിലുകൾ പൂർണ്ണമായി ക്രിസ്തീയ പ്രവർത്തനങ്ങൾക്ക് അടഞ്ഞുതന്നെ കിടന്നു. വിദേശികളേയോ ക്രിസ്തീയ പ്രവർത്തനങ്ങളേയോ ഒട്ടും സ്വാഗതം ചെയ്യാത്ത നിലപാടാണ് ഈ കാലയളവിൽ പൃഥ്വിനാരായൺ ഷായുടെ പിൻഗാമികളായ രാജാക്കന്മാർക്കും ഉണ്ടായിരുന്നത്. ഇങ്ങനെ പുറംലോകവുമായി വലിയ ബന്ധങ്ങളൊന്നുമില്ലാതെ ദേവീദേവന്മാർക്കായി സമർപ്പിക്കപ്പെട്ട ലോകത്തിലെ ഈ ഏകഹിന്ദു രാഷ്ട്രം ഒരു ദീർഘകാലം നിലകൊണ്ടു.

എന്നാൽ, 1835-നു ശേഷം ഇന്ത്യയിലെ ഡാർജീലിങ്ങ് കുന്നിൻ പ്രദേശങ്ങളിൽ ബ്രിട്ടീഷുകാർ തേയിലത്തോട്ടങ്ങൾ ആരംഭിച്ചപ്പോൾ വൻതോതിൽ നേപ്പാളികൾ തൊഴിലാളികളായി ഇവിടേക്ക് വരുവാനിടയായി. ഏറെത്താമസിയാതെ ഇവിടെ പ്രവർത്തനമാരംഭിച്ച പല ക്രിസ്തീയ മിഷണറിമാരിൽനിന്നും ഈ നേപ്പാളികൾക്ക് ക്രിസ്തുവിന്റെ സുവിശേഷം കേൾക്കാൻ അവസരം ലഭിച്ചു. ഇവിടെ ബ്രിട്ടീഷുകാരുടെ ഇടയിൽ പ്രവർത്തിച്ചിരുന്ന സ്റ്റാർട്ട് എന്ന ആംഗ്ലിക്കൻ ശുശ്രൂഷകനാണ് ആദ്യമായി പുതിയനിയമത്തിന്റെ ചിലഭാഗങ്ങൾ നേപ്പാളി ഭാഷയിലേക്ക് തർജ്ജമ ചെയ്തത്. 1852-ൽ കൽക്കട്ടയിലാണ് ഇത് അച്ചടിച്ചത്. പിന്നീട്, സ്റ്റാർട്ടിന്റെ സഹശുശ്രൂഷകനായിരുന്ന നിയബെലും ഈ പ്രവർത്തനങ്ങളിൽ താല്പര്യം കാണിച്ചു. എന്നാൽ നിയബെലിന്റെ മരണശേഷം ആരും ഈ കാര്യ

ത്തിൽ ശ്രദ്ധിച്ചില്ല. അതുകൊണ്ട് വേദപുസ്തക വിവർത്തനം ചില സുവിശേഷ ങ്ങളിൽ ഒതുങ്ങിനിന്നു.

വില്യം മക്ഫർലെയിൻ എന്ന ചർച്ച് ഓഫ് സ്കോട്ട്ലാന്റ് മിഷണറിയാണ് ഡാർജീലിങ്ങിൽ ഒരു നേപ്പാളി സഭ ഉണ്ടാകുന്നതിൽ നിർണ്ണായകമായ ചുവടുവയ്പുകൾ നടത്തിയത്. 1870-ൽ അദ്ദേഹം ഡാർജീലിങ്ങിൽ പ്രവർത്തനം ആരംഭിച്ചു. ഏകദേശം നാലു വർഷങ്ങൾക്ക് ശേഷം ഭീംലാൽ ദിവാൻ എന്നയാൾ ആദ്യമായി വിശ്വാസസ്നാനം ഏൽക്കുവാൻ മുമ്പോട്ടുവന്നു. പിന്നീടുള്ള വർഷങ്ങളിൽ, വളരെ സാവധാനം, ക്രിസ്തുവിന്റെ സുവിശേഷം പലരുടേയും ഹൃദയങ്ങളെ സ്വാധീനിച്ചു. അതോടൊപ്പം പലവിധത്തിലുള്ള എതിർപ്പുകളും തുടങ്ങി.

നേപ്പാൾ, സുവിശേഷത്തിനായി തുറക്കപ്പെടുന്നതിന് അനേക വർഷങ്ങൾക്ക് മുമ്പ് തന്നെ ഡാർജീലിങ്ങിൽ രൂപംകൊണ്ട നേപ്പാളിസഭയുടെ പ്രവർത്തനം മൂലം നേപ്പാളിന്റെ അതിർത്തി ഗ്രാമങ്ങളിലും ചില ഉൾപ്രദേശങ്ങളിലുമുള്ള ആയിരക്കണക്കിന് നേപ്പാളികൾ സുവിശേഷം കേൾക്കാനിടയായി.

20-ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ ഏറെ സുവിശേഷീകരണ ശ്രമങ്ങൾ നടക്കുകയുണ്ടായി. തത്ഫലമായി ധാരാളം നേപ്പാളികൾ ദൈവസ്നേഹം തിരിച്ചറിയുകയും ചെയ്തു. സുവിശേഷവുമായി അതിർത്തി കടന്ന് നേപ്പാളിലേക്ക് പോയ പലരേയും അധികാരികൾ കണ്ടുപിടിക്കുകയും ഉപദ്രവിക്കുകയും താക്കീത് നൽകി തിരിച്ചയക്കുകയും ചെയ്തിട്ടുണ്ട്; ചിലരെപ്പറ്റിയൊന്നും പിന്നെ കേട്ടിട്ടേയില്ല. ഈ കാലയളവിലാണ് ഇന്ത്യയിലെ പ്രസിദ്ധ ക്രിസ്തീയ സന്യാസി ആയിരുന്ന സാധുസുന്ദർസിംഗും അതിർത്തികടന്ന് നേപ്പാളിൽ ക്രിസ്തുവിന്റെ സന്ദേശം പ്രചരിപ്പിക്കുവാൻ ശ്രമിച്ചത്. അദ്ദേഹവും പലവിധ പീഢനങ്ങളും എതിർപ്പുകളും നേരിട്ടു എന്ന് മാത്രമല്ല നേപ്പാളിൽ നിന്ന് ഭ്രഷ്ടനാക്കപ്പെടുകയും ചെയ്തു.

1875-ൽ ഡാർജീലിങ്ങിൽ വെച്ചുതന്നെ ക്രിസ്തുവിനെ അറിയാനിടയായ ബാബാ ഗംഗാ പ്രസാദ് പ്രഥാൻ ആണ് അറിയപ്പെടുന്നതിൽ ആദ്യത്തെ നേപ്പാളി സുവിശേഷപ്രസംഗകൻ. ഏകദേശം 40 വർഷത്തോളം ഇദ്ദേഹം മൂന്ന് സ്കോട്ടിഷ് മിഷണറിമാരോടൊപ്പം അദ്ധ്വാനിച്ചതിന്റെ ഫലമായാണ് 1914-ൽ ആദ്യമായി നേപ്പാളി ബൈബിൾ പൂർണ്ണരൂപത്തിൽ തർജ്ജമ ചെയ്ത് പ്രസിദ്ധീകരിക്കാൻ സാധിച്ചത്. ഡാർജിലിങ്ങിൽ താമസിച്ച് ദൈവവചനം പ്രസംഗിക്കുകയും പഠിപ്പിക്കുകയും നേപ്പാളി ഭാഷയിൽ ധാരാളം ക്രിസ്തീയ പ്രസിദ്ധീകരണങ്ങൾ ആരംഭിക്കുകയും ചെയ്ത ബാബാ ഗംഗാപ്രസാദ് തന്റെ ചിരകാലാഭിലാഷമനുസരിച്ച് മക്കളും പേരക്കുട്ടികളുമടക്കം 40 പേരുള്ള ഒരു സംഘമായി വളരെ കഷ്ടപ്പെട്ട് നേപ്പാളിലെ കാഠ്മണ്ഡുവിൽ 1914-ൽ എത്തിച്ചേർന്നു. സ്വന്തരാജ്യത്ത് ഒരു ക്രിസ്തീയ സാക്ഷ്യം ഉണ്ടാകുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ഏറ്റവും വലിയ ആഗ്രഹം. എന്നാൽ അവർ ക്രിസ്ത്യാനികളാണെന്ന് തിരിച്ചറിഞ്ഞ അധികാരികൾ അവരെ നേപ്പാളിൽ താമസിക്കുവാൻ അനുവദിക്കാതെ ഡാർജീലിങ്ങിലേക്ക് തന്നെ തിരിച്ചയച്ചു. 1932-ൽ താൻ കർത്താവിന്റെ അടുക്കൽ ചേരുന്ന

തുവരേയും ഗംഗാപ്രസാദ് ഡാർജീലിങ്ങിലെ നേപ്പാളി വിശ്വാസികളുടെ ഇടയിൽ വലിയോരു സ്വാധീന ശക്തിയായിരുന്നു. സംസ്കൃതഭാഷയിൽ നിന്നും ഉരുത്തിരിഞ്ഞ നേപ്പാളി ഭാഷയിൽ 1820-ന് മുമ്പ് യാതൊന്നും അച്ചടിച്ചിട്ടില്ല എന്നു കരുതുന്നു. അന്ന് നേപ്പാളിലുടനീളം ഓരോ ഗോത്രക്കാർക്കും അവരവരുടേതായ പ്രാദേശിക ഭാഷകൾ ഉണ്ടായിരുന്നു. ഇന്നും അത്തരത്തിലുള്ള ഗോത്രഭാഷകൾ നേപ്പാളിൽ ധാരാളമുണ്ട്. ആധുനിക നേപ്പാളിന്റെ സ്ഥാപകനായ പൃഥ്വിനാരായൺ ഷാ തന്റെ ഭാഷയായ നേപ്പാളിയെ ദേശീയഭാഷയായി പ്രചരിപ്പിക്കുകയാണ് ചെയ്തത്. ഹിന്ദിയുടെ ലിപി തന്നെയാണ് നേപ്പാളി ഭാഷയ്ക്കും.

ഡാർജീലിങ്ങിൽ രൂപംകൊണ്ട നേപ്പാളി സഭ ക്രിസ്തീയ പ്രസിദ്ധീകരണ രംഗത്ത് വലിയ നേട്ടം കൈവരിക്കുകയുണ്ടായി. ഗംഗാപ്രസാദ് പ്രഥാനിന്റെ സഹായത്തോടെ 1914-ൽ പൂർത്തിയാക്കപ്പെട്ട സമ്പൂർണ്ണ ബൈബിളിന്റെ 4500 പ്രതികൾ ആദ്യമായി പ്രസിദ്ധീകരിച്ചത് നേപ്പാളിന്റെ സുവിശേഷീകരണ രംഗത്തെ ഒരു മഹാസംഭവമായിരുന്നു. എന്നാൽ ഏറ്റവും സങ്കടകരമായ കാര്യം, പിന്നീട് 1977-ൽ വീണ്ടുമൊരു പരിഷ്കരിച്ച പതിപ്പ് തയ്യാറായപ്പോൾ മാത്രമാണ് ബൈബിൾ വീണ്ടും അച്ചടിച്ചത്. പരിഷ്കരിച്ച പുതിയ നിയമം മാത്രമാണ് ഇടക്കാലത്ത് അച്ചടിച്ചത്.

നേപ്പാളിന്റെ വാതിലുകൾ ക്രിസ്ത്യാനികൾക്കായി തുറക്കപ്പെടുന്നതിന് വളരെക്കാലം മുമ്പ് മുതൽ തന്നെ ഡാർജീലിങ്ങിൽ നിന്നുള്ള വിശ്വാസികൾ നേപ്പാളിൽ അച്ചടിച്ച സുവിശേഷ സാഹിത്യങ്ങൾ പ്രചരിപ്പിക്കുന്നതിന് വളരെയധികം പ്രയത്നിച്ചിരുന്നു. ഈ കാലമൊക്കെയും, നേപ്പാളിൽ ബൈബിളോ സുവിശേഷസാഹിത്യങ്ങളോ പ്രചരിപ്പിക്കുന്നതും ഉപയോഗിക്കുന്നതും നിരോധിച്ചിരുന്നു. അതുകൊണ്ട് ഇത്തരത്തിൽ സുവിശേഷസാഹിത്യങ്ങളുമായി നേപ്പാളിലേക്ക് നുഴഞ്ഞ് കയറാൻ ശ്രമിച്ച അനേകരേയും അധികാരികൾ കണ്ടുപിടിക്കുകയും കർശനമായ താക്കീത് നൽകി തിരിച്ചയയ്ക്കുകയും ചെയ്തിട്ടുണ്ട്.

1947-ൽ ബ്രട്ടീഷുകാരിൽ നിന്നും ഇന്ത്യ സ്വാതന്ത്ര്യം നേടുകയും മതേതരത്വത്തിൽ ഊന്നിയ ഒരു ജനാധിപത്യ സർക്കാർ ഇന്ത്യയിൽ അധികാരമേൽക്കുകയും ചെയ്തത് നേപ്പാളിലും വലിയ പ്രതിഫലനങ്ങൾ ഉളവാക്കി. ഈ കാലയളവിലൊക്കെയും നേപ്പാളിൽ യഥാർത്ഥത്തിൽ അധികാരം കയ്യാളിയിരുന്നത് പ്രധാനമന്ത്രിമാരായിരുന്ന റാണാമാരായിരുന്നു. 1940-കളിൽ അന്നത്തെ രാജാവായിരുന്ന ത്രിഭുവൻ അധികാരമൊന്നുമില്ലാതെ തന്റെ കൊട്ടാരത്തിൽ വീട്ടുതടങ്കലിൽ എന്നപോലെ കഴിയുകയായിരുന്നു. എന്നാൽ പിന്നീട് ഇന്ത്യയിലേക്ക് രക്ഷപ്പെട്ട ത്രിഭുവൻ രാജാവിന് അന്നത്തെ ഇന്ത്യയിലെ ജനാധിപത്യ സർക്കാർ രാഷ്ട്രീയാഭയം നൽകുകയും നേപ്പാളിന്റെ യഥാർത്ഥ ഭരണാധികാരിയായി അദ്ദേഹത്തെ അംഗീകരിക്കുകയും ചെയ്തു.

ഈ കാലത്ത് നേപ്പാളിലുടനീളം റാണാഭരണം അവസാനിപ്പിക്കുന്നതിന് അനേകം പ്രക്ഷോഭങ്ങൾ നടന്നു. എങ്കിലും അവയെല്ലാം അടിച്ചമർത്തപ്പെട്ടു. എന്നാൽ ഇന്ത്യയുടെ ശക്തമായ ഇടപെടൽ മുഖാന്തരം നേപ്പാളിൽ ജനാധിപത്യപരമായ നടപടികൾക്ക് തുടക്കം കുറിക്കുവാനും ത്രിഭുവൻ രാജാവിനെ നേപ്പാളിന്റെ യഥാർത്ഥ ഭരണാധികാരിയായി വീണ്ടും അവരോധിക്കുവാനും അധികാരം കയ്യടക്കിയിരുന്ന റാണാമാർ അധികാരം ഒഴിയുവാനും ഡൽഹിയിൽ വച്ച് നടന്ന ചർച്ചയിൽ തീരുമാനമായി. ഇതേത്തുടർന്ന്, 1951-ൽ, ത്രിഭുവൻ വീര വിക്രം ഷാ

ദേവ് രാജാവ് തലസ്ഥാനമായ കാഠ്മണ്ഡുവിലേക്ക് മടങ്ങുകയും ജനാധിപത്യ പരമായും പുരോഗമനാത്മകമായും ഉള്ള നടപടികൾക്ക് തുടക്കം കുറിച്ചുകൊണ്ട് വീണ്ടും ഭരണമേൽക്കുകയും ചെയ്തു. നേപ്പാളി ക്രിസ്ത്യാനികളുടെ ചരിത്ര ത്തിൽ ഇതൊരു വലിയ അവസരമായിത്തീർന്നു. നേപ്പാളിന്റെ ചരിത്രത്തെ മുഴു വൻ മാറ്റുന്ന ഒരു തുടക്കമായിരുന്നു അത്. ഇന്ത്യയിൽ വെച്ച് ക്രിസ്ത്യാനിക ളായി തീർന്ന അനേകം നേപ്പാളികൾക്ക് തങ്ങളുടെ സ്വന്തനാട്ടിലേക്ക് മടങ്ങു വാൻ ഇത് വഴി തുറന്നു. മെച്ചമായ മതസ്വാതന്ത്ര്യവും രാഷ്ട്രീയാന്തരീക്ഷവും നേപ്പാളിന്റെ മണ്ണിൽ സംജാതമായി. രണ്ടു നൂറ്റാണ്ടോളം സുവിശേഷത്തിന് അട ഞ്ഞുകിടന്നിരുന്ന നേപ്പാളിന്റെ മണ്ണിൽ, ക്രിസ്തുവിന്റെ സുവിശേഷത്തിന് വേരു റപ്പിക്കുവാൻ അത് കളമൊരുക്കി.

ത്രിഭുവൻ രാജാവ് 1954-ൽ മരണമടഞ്ഞതിനെ തുടർന്ന് മഹേന്ദ്രരാജാവ് അധി കാരം ഏറ്റു. അദ്ദേഹം കൂടുതൽ ജനാധിപത്യപരമായ അധികാരങ്ങൾ വിഭാ വനം ചെയ്തുകൊണ്ടുള്ള ഭരണഘടന പ്രഖ്യാപിക്കുകയും, രാജ്യത്തിന്റെ വിക സനത്തിനും സാമൂഹികവും സാമ്പത്തികവുമായ പുരോഗതിക്കുമായി ലോക രാജ്യങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. മറ്റെല്ലാ രാജ്യങ്ങളിൽ നിന്നും ഒറ്റപ്പെട്ട് അനേകകാലം കഴിഞ്ഞിരുന്ന നേപ്പാളിന്റെ വാതിലുകൾ പുരോഗമനാത്മകമായ പ്രവർത്തനങ്ങൾക്കായി തുറക്കുകയും സഹ കരണത്തിന്റെ മാർഗ്ഗമവലംബിക്കുകയും ചെയ്തു.

ഇങ്ങനെ പുരോഗമനാത്മക പ്രവർത്തനങ്ങൾക്കായി അനേകം വിദേശ ക്രിസ്തീയ മിഷൻ സംഘടനകൾ നേപ്പാളിലേക്ക് സ്വാഗതം ചെയ്യപ്പെട്ടു. മതപരി വർത്തനം ചെയ്യാൻ ശ്രമിക്കരുതെന്ന നിബന്ധന ഉണ്ടായിരുന്നെങ്കിലും തീർച്ച യായും നേപ്പാളിന്റെ ആത്മീയ-സാമൂഹിക മണ്ഡലങ്ങളിൽ ഇത് വലിയോരു ഉണർവിന് കാരണമായിത്തീർന്നു. ഇന്നും നേപ്പാളിലെ പുരോഗമനാത്മകമായ പ്രവർത്തനങ്ങളിൽ എല്ലാം നിർണ്ണായകമായ പങ്ക് വഹിക്കുന്നത് ഇവിടെ പ്രവർത്തിക്കുന്ന ഒട്ടനവധി വിദേശമിഷണറി സംഘടനകൾ ആണ്.

സ്വന്തം നാട്ടിൽ ക്രിസ്ത്യാനികളായി ജീവിക്കാൻ സ്വാതന്ത്ര്യമില്ലാതിരുന്നതി നാൽ ഇന്ത്യയിലേക്ക് ഓടിപ്പോയിരുന്ന അനേക വിശ്വാസികൾ പിൽക്കാലത്ത് നേപ്പാളിൽ തിരിച്ചുവന്നു താമസമാക്കി. പിന്നീട് നേപ്പാളിൽ അനേകർ കർത്താ വിനെ വിശ്വസിക്കാനിടയാവുകയും ക്രിസ്തീയ സഭകൾ രൂപം കൊള്ളുകയും ചെയ്തു. ഈ സഭകൾ സാവധാനം വളർന്നുവരികയും കൂടുതൽ സ്ഥലങ്ങളി ലേക്ക് സുവിശേഷം വ്യാപിക്കുകയും ചെയ്തു. നേപ്പാളികളായ അനേകം വേല ക്കാർ ഏറെ പ്രതിബന്ധങ്ങളും പ്രതികൂലങ്ങളും സഹിച്ചുകൊണ്ടുതന്നെ സുവി ശേഷത്തിന്റെ വ്യാപനത്തിന് വേണ്ടി വളരെയധികം യത്നിക്കുകയുണ്ടായി. എങ്കിലും നേപ്പാളിൽ രൂപംകൊണ്ട പല ക്രിസ്തീയസഭകളും പലകാര്യത്തിലും പുതിയനിയമ രീതിയിൽ നിന്നും വ്യതിചലിച്ചാണ് പ്രവർത്തിക്കുന്നത് എന്നത് ദു:ഖകരമായ ഒരു വസ്തുതയായി അവശേഷിക്കുന്നു. നേപ്പാളിൽ സുവിശേഷം വ്യാപിക്കുവാൻ ആരംഭിച്ചതിനുശേഷമുള്ള ഈ കഴിഞ്ഞ അര നൂറ്റാണ്ടിൽ എതിർപ്പുകളുടെയും പീഢകളുടെയും ഒരു പരമ്പര തന്നെ ഉണ്ടായിട്ടുണ്ട്. നേപ്പാ ളിൽ സുവിശേഷത്തിന്റെ വ്യാപനത്തിനു വേണ്ടി അദ്ധ്വാനിച്ചവരുടെ കൂട്ടത്തിൽ പല ഇന്ത്യക്കാരും പ്രത്യേകിച്ച് നിരവധി കേരളീയരുമുണ്ട്. ഇവിടെ ക്രിസ്തു വിന്റെ സുവിശേഷത്തിനുവേണ്ടി കഷ്ടമനുഭവിച്ചിട്ടുള്ള വിശ്വസ്തമനുഷ്യരെക്കുറി ച്ചുള്ള ശരിയായ കണക്കുകൾ കർത്താവിന്റെ വീണ്ടും വരവിൽ മാത്രമേ കൃത്യ

മായി അറിയാൻ സാധിക്കുകയുള്ളൂ. നമ്മൾ അറിഞ്ഞിട്ടില്ലാത്ത അനേകം പ്രയത്നങ്ങളുടേയും കണ്ണുനീരിന്റേയും കഥകളും, നമ്മൾ കേട്ടിട്ടില്ലാത്ത അനേകം ഭക്തന്മാരുടെ ചരിത്രവും അന്ന് ക്രിസ്തുവിന്റെ മഹിമാസനത്തിന് മുമ്പിൽ വെളിപ്പെടുത്തപ്പെടും.

✸ ✸ ✸ ✸ ✸ ✸ ✸

നേപ്പാളി ക്രിസ്ത്യാനികൾ ഈ നാളുകളിൽ മുൻകാലങ്ങളെ അപേക്ഷിച്ച് കൂടുതൽ പ്രവർത്തന സ്വാതന്ത്ര്യം അനുഭവിക്കുന്നുണ്ട്. മതപരിവർത്തനത്തിനെതിരായ നിയമങ്ങളിപ്പോഴും നിലനിൽക്കുന്നുണ്ടെങ്കിലും കഴിഞ്ഞ രണ്ട് ദശകങ്ങളിലായി നേപ്പാളിൽ വിശ്വാസികളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. എന്നിരിക്കിലും രണ്ടരക്കോടിയോളം വരുന്ന നേപ്പാളികളിൽ 0.45 ശതമാനം ക്രിസ്ത്യാനികൾ മാത്രമേയുള്ളൂ ഇന്നും എന്ന വസ്തുത പ്രത്യേക ശ്രദ്ധയർഹിക്കുന്നു. ഇതിൽതന്നെ ഒരുവലിയ ശതമാനവും പ്രധാനപ്പെട്ട പട്ടണങ്ങളിലും തലസ്ഥാനമായ കാഠ്മണ്ഡുവിലും ആണുള്ളത്.

പീഢനങ്ങളുടേയും ഞെരുക്കങ്ങളുടേയും കാലങ്ങൾ വിട്ട് നഗരങ്ങളിലെ സ്വാതന്ത്ര്യവും പുരോഗതിയുടെ അനുഗ്രഹങ്ങളും അനുഭവിക്കുന്ന ഇന്നത്തെ വിശ്വാസികളിൽ ഒരുനല്ലവിഭാഗം സുഖസുഷുപ്തിയിലേക്ക് വഴുതി വീണുകൊണ്ടിരിക്കുന്നതുകൊണ്ട്, സുവിശേഷം എത്താത്ത വിദൂരപ്രദേശങ്ങൾ ഇന്നും അവഗണിക്കപ്പെട്ടുതന്നെ കിടക്കുന്നു. തന്നെയുമല്ല, നഗരങ്ങളിൽ പലയിടത്തും സുവിശേഷം അറിയിക്കുവാനുള്ള തീഷ്ണതയും ഉത്സാഹവും കെട്ടടങ്ങിയതുപോലെ തോന്നുന്നു. ഇവിടെ കർത്താവിന്റെ രാജ്യത്തിന് വേണ്ടിയുള്ള പോരാട്ടം ഭൗതീക സുഖാന്വേഷണ വ്യഗ്രതക്ക് വഴിമാറുമ്പോൾ തകർന്നടിയുന്നത് അനേകകാലങ്ങൾ കൊണ്ട് അനേകം ഭക്തന്മാർ രക്തം ചിന്തിയും കണ്ണുനീർ ചൊരിഞ്ഞും പണിതുറപ്പിച്ച വലിയ ക്രിസ്തീയ സാക്ഷ്യമാണ്. നമ്മുടെ നാട്ടിലും സഭകൾ ഈ പ്രശ്നം കൂടുതൽ ഗുരുതരമായ നിലയിൽ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു എന്നത് വിസ്മരിക്കുന്നില്ല. ആഴമായി ദൈവവചനം പഠിപ്പിക്കുകയും, സഭയുടെ ഉപദേശപരമായും പ്രായോഗികമായും ഉള്ള എല്ലാകാര്യങ്ങളും മുൻവിധികൾ കൂടാതെ വെളിപ്പെടുത്തുകയും, ദൈവവചനത്തിലെ പ്രമാണങ്ങളും ആദിമസഭയുടെ മാതൃകയും മുറുകെപ്പറ്റുകയും ചെയ്താൽ മാത്രമേ പക്വതയും സമർപ്പണവുമുള്ള ശിഷ്യന്മാരുടെ എണ്ണം പെരുകിവരികയുള്ളൂ. അല്ലെങ്കിൽ സഭകൾ 'ആത്മീയ ശിശുപാലന കേന്ദ്രങ്ങൾ'മാത്രമായി എന്നും അവശേഷിക്കും. സുവിശേഷീകരണത്തിന്റെ വെല്ലുവിളികൾ ഏറ്റെടുക്കാൻ ഇത്തരം സഭകൾക്കൊരിക്കലും പ്രാപ്തിയുണ്ടാവില്ല.

നേപ്പാളിലെ മലനിരകൾക്കിടയിൽ ഒറ്റപ്പെട്ടു കിടക്കുന്ന ആയിരക്കണക്കിന് വിദൂര ഗ്രാമങ്ങളിൽ യേശുവിന്റെ നാമം ഇന്നും കേട്ടിട്ടേയില്ല. ഇരുട്ടിലും മരണനിഴലിലും മരിച്ച് ജീവിക്കുന്ന ആ പട്ടിണിപ്പാവങ്ങൾ ഇന്നും പാടേ അവഗണിക്കപ്പെട്ടു കിടക്കുന്നു. ഇവരുടെ അടുത്തേക്ക് രക്ഷയുടെ സുവിശേഷം കൊണ്ടുചെല്ലുവാനും ക്രിസ്തുവിന്റെ വിമോചനം പ്രഖ്യാപിക്കുവാനും മലകളിലും കുന്നുകളിലും ഇടറാത്ത പാദങ്ങളുള്ള സുവാർത്താദൂതികൾ ഇനിയും വന്നുചേരേണ്ടിയിരിക്കുന്നു. ■

# 4. മലനിരകളുടെ വിലാപം

ചുമടുകളുമേറ്റി നിരനിരയായി മലകൾ കയറിയിറങ്ങി നീങ്ങുന്ന യാക്കുകളെയും കോവർ കഴുതകളെയും ഞാൻ ആദ്യമായി കാണുന്നത് ജുംലയിൽ വെച്ചാണ്. ജുംലയിൽ മാത്രമല്ല, കർണ്ണാലി അഞ്ചലിൽ എല്ലായിടത്തും ഇതൊരു പതിവ് കാഴ്ചയാണ് എന്ന് ഞാൻ പിന്നീട് അറിഞ്ഞു. കണ്ണെത്താദൂരത്തോളം നിരനിരയായി ഉയരം കൂടിയ പർവ്വതങ്ങൾ....ഇടയ്ക്കിടെ താഴ്‌വാരങ്ങൾ. ഈ മലകൾ കയറിയിറങ്ങി ചുമടുകൾ കൊണ്ടുപോകുന്നതിന് ഏറ്റവും യോജിച്ച വാഹനമൃഗങ്ങളാണ് യാക്കുകളും കോവർകഴുതകളും. കൂടാതെ കുതിരകളെയും വലിയ കോലാടുകളെയുമെല്ലാം ചുമടുകൾ കൊണ്ടുപോകുവാൻ ഇന്നാട്ടുകാർ ഉപയോഗിക്കാറുണ്ട്.

നേപ്പാളിലെ ഏറ്റവും ദുർഗമവും ദുർഘടം നിറഞ്ഞതുമായ ഭൂപ്രദേശമാണ് ഹിമാലയൻ പർവ്വതമേഖലയായ കർണാലി അഞ്ചൽ. കർണാലി അഞ്ചലിൽ ജുംല, മുകു, ഹുംല, ഡോൾപ, കാലിക്കോട്ട് എന്നിങ്ങനെ അഞ്ചു ജില്ലകളാണുള്ളത്. ഓരോ ജില്ലയ്ക്കും തങ്ങളുടേതായ പ്രാദേശിക ഭാഷകളുണ്ട്. ജുംലയിൽ ജുംലി ഭാഷയും മുകുവിൽ മുകാളി ഭാഷയുമാണ് ഉപയോഗിക്കുന്നത്. അല്പം മാത്രം മണ്ണും ബാക്കി കല്ലുകളും പാറക്കെട്ടുകളും നിറഞ്ഞ ഇ ൗ പർവ്വത പ്രദേശം പൊതുവെ ഫലഭൂയിഷ്ഠി കുറഞ്ഞതാണ്. ഇവിടുത്തെ ജനങ്ങൾ മലനിരകൾക്കിടയിലായുള്ള കൊച്ചു താഴ്‌വരകളിലെ അല്പം മണ്ണിൽ വളരെയധികം അദ്ധ്വാനിച്ച്, എങ്ങനെയും ജീവൻ നിലനിർത്തുവാനുള്ള ആഹാരം ഉണ്ടാക്കി എടുക്കുന്നു.

പൂജ്യത്തിലും താഴെ −18 ഡിഗ്രി സെൽഷ്യസ് വരെ താപനിലയെത്തുന്ന ശൈത്യകാലത്ത് ഈ പ്രദേശങ്ങളൊക്കെയും മഞ്ഞ് വീണ് മൂടിക്കിടക്കും. അപ്പോൾ യാതൊരു പണികളും ചെയ്യാൻ കഴിയാതെ ജനങ്ങൾ വീടുകളിൽ തന്നെ കഴിഞ്ഞു കൂടും. താരതമ്യേന ഉയർന്ന താപനിലയുള്ള വേനൽക്കാലത്തും ഹ്രസ്വമായ മഴക്കാലത്തും ഇവർ കഠിനാധ്വാനം ചെയ്ത് ഭക്ഷ്യവസ്തുക്കൾ വിളയിക്കുന്നു. ഗോതമ്പ്, ചോളം, ബാർലി, നെല്ല് തുടങ്ങിയ ധാന്യങ്ങളും ചില പയറുവർഗ്ഗങ്ങളും ഉരുളക്കിഴങ്ങും ഇവിടെ അല്പാല്പമായി കൃഷിചെയ്ത് വരുന്നു. ചിലയിടങ്ങളിൽ ആപ്പിളും മറ്റുചില പഴങ്ങളും ഉണ്ട്. ആടുകളേയും കന്നുകാലികളേയും വളർത്തുന്നതും ഇവരുടെ ഒരു ഉപജീവന മാർഗ്ഗമാണ്.

സമൃദ്ധിയായി ദിവസം മൂന്നുനേരം ആഹാരം കഴിക്കുന്ന നമ്മുടെ രീതി ഇവിടുത്തുകാർക്ക് തികച്ചും അന്യമാണ്. രാവിലെ ഗോതമ്പോ ചോളമോ ബാർലിയോ കൊണ്ടുള്ള റൊട്ടി, ഉച്ചയ്ക്ക് ഭക്ഷണം ഇല്ല. നാലുമണിക്ക് എന്തെങ്കിലും കഴിച്ചെങ്കിലായി. രാത്രി വീണ്ടും പഴയ റൊട്ടിതന്നെ. ഇതാണിവിടുത്തെ സാധാരണ ഭക്ഷണരീതി. വല്ലപ്പോഴും മാത്രമേ അരിഭക്ഷണം കഴിക്കാൻ ഇവർക്ക് കഴിയാറുള്ളൂ.

വിശപ്പുതീരുവോളം കഴിക്കാൻ ആഹാരമോ അതിശൈത്യത്തെ ഫലപ്രദമായി പ്രതിരോധിക്കുവാൻ ആവശ്യമായ വസ്ത്രങ്ങളോ ഇല്ലാത്ത ഇവരിൽ മദ്ധ്യവയസ്കരാകുന്നതിന് മുമ്പ് തന്നെ വാർദ്ധക്യലക്ഷണങ്ങൾ പ്രത്യക്ഷമായിത്തുടങ്ങും. ഏറെത്താമസിയാതെ പലരും മരിക്കുകയും ചെയ്യും. ശിശുമരണനിരക്കും വളരെ കൂടുതലാണിവിടെ. ജനിക്കുന്ന കുഞ്ഞുങ്ങളിൽ 50 ശതമാനവും അഞ്ച് വയസ്സ് തികയുന്നതിന് മുമ്പേ മരിക്കുന്നു എന്നാണ് കണക്ക്. രാജഭരണം അവസാനിപ്പിച്ച് അധികാരം പിടിച്ചെടുക്കാൻ ആയുധമെടുത്ത് പോരാടുന്ന മാവോ തീവ്രവാദികളുടെ ശക്തിദുർഗ്ഗമാണ് കർണാലി പ്രദേശം മുഴുവൻ.

✸ ✸ ✸ ✸ ✸ ✸ ✸

ധാരാളം തിബറ്റികൾ നേപ്പാളിലുടനീളം താമസമാക്കിയിട്ടുണ്ട്. വർഷങ്ങൾക്ക് മുമ്പ് തിബറ്റിൽ നിന്നു കുടിയേറിയവരാണവർ. മുകുവിലും ജുംലാ ബസാറിലും എല്ലാം ധാരാളം തിബറ്റൻ ഭവനങ്ങളുണ്ട്. ബുദ്ധമത വിശ്വാസികളായ ഇവർ അഹിംസയിൽ അടിയുറച്ച് വിശ്വസിക്കുന്ന സസ്യാഹാരികൾ ആയിരിക്കും എന്നായിരുന്നു ഞാൻ കരുതിയത്. സത്യം എന്നെ അമ്പരപ്പിച്ചു. ഇവരുടെ പ്രധാന ആഹാരം മാംസമാണ്. ഗോവധം നിരോധിച്ചിട്ടുള്ള നേപ്പാളിൽപോലും ഇവർ പശുക്കളെ കൊണ്ടുപോയി മലകളിൽ നിന്ന് തള്ളി താഴെയിട്ട് കൊന്ന് ഭക്ഷിക്കും. മാംസത്തിൽ ജീവനുണ്ടാകും എന്ന ധാരണയിൽ ഇവർ പക്ഷേ രണ്ടോ മൂന്നോ ദിവസം കഴിഞ്ഞേ ഭക്ഷിക്കാറുള്ളൂ എന്ന് മാത്രം.

നേപ്പാളികളായ തദ്ദേശവാസികളെ അപേക്ഷിച്ച് ഇവർ സാമ്പത്തികമായി ഭേദപ്പെട്ട സ്ഥിതിയിലാണ് ജീവിക്കുന്നത്. മറ്റുള്ളവരിൽ നിന്നും സാംസ്കാരികമായും മതപരമായും വേർതിരിഞ്ഞു ജീവിക്കുന്ന ഇവരുടെ വീടുകൾക്ക് മുമ്പിൽ പ്രാർത്ഥനാ മന്ത്രങ്ങൾ എഴുതിയിട്ടുള്ള കൊടികൾ കാണാം. കൊടികൾ ഓരോ തവണയും കാറ്റിൽ ഇളകിയാടുമ്പോൾ ആ പ്രാർത്ഥനകൾ ചൊല്ലിയതായി അവർ കണക്കാക്കുന്നു. അതുപോലെ പ്രാർത്ഥനാ ചക്രം കറക്കി അവർ മന്ത്രം ഉരുവിട്ടുകൊണ്ടിരിക്കാറുണ്ട്.

വാറ്റ് ചാരായം ഓരോവീട്ടിലും സുലഭമാണ്. ഇവിടെ ഇതിന് നിയന്ത്രണങ്ങൾ ഒന്നുമില്ല. തണുപ്പിനെ പ്രതിരോധിക്കുവാൻ ഇവർ ചാരായത്തെയാണ് ആശ്രയിക്കുന്നത്. കൂടാതെ പ്രസവസമയത്ത് സ്ത്രീകൾ വേദന അറിയാതിരിക്കുവാനും കുഞ്ഞുങ്ങൾ രാത്രിയിൽ കരയാതെ ഉറങ്ങുവാനുമെല്ലാം ഇവർ ചാരായമാണ് കൊടുക്കുന്നത്.

റിംപോച്ചി എന്ന് വിളിക്കുന്ന പുരോഹിതനാണ് ഇവരുടെ എല്ലാക്കാര്യങ്ങളും

തീരുമാനിക്കുന്നത്. ആരെങ്കിലും മരിച്ചാൽ ഇവർ റിംപോച്ചിയുടെ ഉപദേശം ചോദിക്കും. റിംപോച്ചിയുടെ തീരുമാനം അനുസരിച്ച് ഒന്നുകിൽ മൃതശരീരം കഴുകന്മാർ തിന്നേണ്ടതിന് മലമുകളിൽ കൊണ്ടിടും. അല്ലെങ്കിൽ നദീതീരത്തോ മറ്റോ സംസ്കരിക്കും. അതുമല്ലെങ്കിൽ മറ്റൊരു രീതിയുണ്ട്, ശവസംസ്കാരത്തിന് പോകുന്ന ആളുകളുടെ എണ്ണത്തിനൊത്തവണ്ണം മൃതശരീരം പലകഷണങ്ങളായി വെട്ടിമുറിക്കുന്നു. പിന്നെ മന്ത്രോച്ചാരണങ്ങൾക്കും ചില ചടങ്ങുകൾക്കും ശേഷം ഓരോരുത്തരും ഓരോഭാഗങ്ങൾ എടുത്ത് കുഴിയിൽ കൊണ്ടുപോയിട്ട് സംസ്കരിക്കും !

✸ ✸ ✸ ✸ ✸ ✸ ✸

അഞ്ചു ജില്ലകളടങ്ങുന്ന കർണാലി അഞ്ചലിന്റെ പൊതുവായ ആസ്ഥാനമാണ് ജുംല. ഈ പ്രദേശത്തിന്റെ പൊതുവായ സ്വഭാവങ്ങൾ എല്ലാം ജുംലയിൽ കാണാം. കർണ്ണാലിയിൽപ്പെട്ട മറ്റ് ജില്ലകളെപ്പോലെതന്നെ ജുംലക്കുള്ളിലോ ജുംലയിൽ നിന്ന് പുറത്തേക്കോ റോഡുകളില്ല. ജുംല ബസാറിൽ രണ്ടോ മൂന്നോ കിലോമീറ്റർ മാത്രം നീളത്തിലുള്ള കല്ലുകൾ നിറഞ്ഞ ഒട്ടും നിരപ്പല്ലാത്ത മൺപാതയാണ് ഇവിടുത്തുകാർക്ക് പരിചയമുള്ള ഒരേയൊരു റോഡ്. ഹെലികോപ്റ്ററിൽ പലഭാഗങ്ങളായി കൊണ്ടുവന്ന് ഇവിടെ വെച്ച് കൂട്ടിയോജിപ്പിച്ചെടുത്ത രണ്ടു ട്രാക്റ്ററുകൾ ഈ പാതയിൽക്കൂടി കുറെക്കാലമായി ഓടുന്നത് വളരെ വിസ്മയത്തോടെ തന്നെയാണ് ഇവിടുത്തുകാർ വീക്ഷിക്കുന്നത്. ഇവയൊഴിച്ചാൽ 2531 ചതുരശ്രകിലോമീറ്റർ വിസ്തൃതിയുള്ള ജുംല ജില്ലയിൽ മറ്റ് റോഡുകളോ വാഹനങ്ങളോ ഇല്ല.

15000 മുതൽ 21000 അടിവരെ ഉയരമുള്ള സ്ഥലങ്ങളാണ് ജുംലയിലുള്ളത്. ഇവിടുത്തെ അനേകം മലനിരകൾക്കിടയിലായി എൺപതിനായിരത്തോളം ജനങ്ങൾ ജീവിക്കുന്നുണ്ട്. ഉയർന്ന കൊടുമുടികളുടെ മുകളിൽ പ്രാണവായു വളരെ കുറവാണ്. അതുകൊണ്ട് തന്നെ മലകൾ താണ്ടി നടക്കുന്നവർക്ക് ശ്വാസം കഴിക്കാൻ തന്നെ പ്രയാസം അനുഭവപ്പെടും.

കേവലം നാലോ അഞ്ചോ ചതുരശ്രകിലോമീറ്റർ മാത്രം വിസ്തൃതിയുള്ളതാണ് ജുംല താഴ്വര. ചുറ്റും ഉയർന്നു നിൽക്കുന്ന മലനിരകൾ. താഴ്വരയുടെ നടുക്കാണ് കൊച്ചു ജുംലാ ബസാർ. ഒരു ജില്ലാ ആസ്ഥാനം എന്നല്ല, ഒരു പഞ്ചായത്ത് ആസ്ഥാനം എന്നുപോലും കണ്ടാൽ തോന്നുകയില്ല. ഏതാനും സർക്കാർ ഓഫീസുകൾ ഇവിടെയുണ്ട്. ജില്ലയുടെ അധികാരിയായ CDO (Chief District Officer) യുടെ ഓഫീസ്, ബസാറിന്റെ ഒരറ്റത്തായി കാണാം. ബസാറിന്റെ മറ്റൊരു ഭാഗത്ത് ജില്ലാ പോലീസ് സൂപ്രണ്ടിന്റെ കാര്യാലയമുണ്ട്. ഇവിടെ 200-ഓളം പോലീസുകാരുണ്ട്. ബസാറിനോട് ചേർന്നുള്ള ചെറിയ ഒരു കുന്നിൻപുറത്താണ് പട്ടാള ക്യാമ്പ്. ചുറ്റും മുള്ളുകമ്പികൾ കൊണ്ട് വേലികൾ തീർത്ത് ഭദ്രമാക്കി ചുറ്റുമുള്ള കാവൽ മാടങ്ങളിൽ തോക്കുകളും ചൂണ്ടി പട്ടാളക്കാർ സദാ കാവൽ നിൽക്കുന്ന ഇവിടം മാത്രമാണ് ജുംലയിലെ സുരക്ഷിതമായ ഒരേയൊരു സ്ഥലമായി കണക്കാക്കപ്പെടുന്നത് .

ഇപ്പോൾ ജുംലാബസാറിൽ കാണുന്ന ഒട്ടുമിക്ക കെട്ടിടങ്ങളും 2002

നവംബറിനു ശേഷം പണിതിട്ടുള്ളതാണ്. 2002 നവംബർ 13-ന് അയ്യായിരത്തോളം വരുന്ന മാവോതീവ്രവാദികൾ വിപുലമായ സന്നാഹങ്ങളോടെ ജുംലാബസാർ ആക്രമിച്ചു. രാത്രി 10.45-ന് തുടങ്ങിയ ആക്രമണം പിറ്റേദിവസം രാവിലെ 5 മണി വരെ നീണ്ടുനിന്നു. പട്ടാളവും കനത്ത പ്രത്യാക്രമണം നടത്തി. പട്ടാളക്കാരെല്ലാം സുരക്ഷിതമായ ക്യാമ്പിനുള്ളിലായിരുന്നു. എന്നിട്ടും ക്യാമ്പിനുള്ളിലേക്ക് നുഴഞ്ഞ് കയറിയ തീവ്രവാദികളുടെ ആക്രമണത്തിൽ നാലു പട്ടാളക്കാർ കൊല്ലപ്പെട്ടു. മാവോവാദികൾ ജുംലബസാറിലെ സർക്കാർ ഓഫീസുകളെല്ലാം തന്നെ ബോംബ് വെച്ച് തകർത്തു. കോടതിയും ജയിലും മറ്റനേക കെട്ടിടങ്ങളും അന്ന് തകർക്കപ്പെട്ടു. പോലീസ് കാര്യാലയം തകർക്കുകയും അനേക പോലീസുകാരെ വധിക്കുകയും ചെയ്തു. മറ്റൊരു കെട്ടിടത്തിലഭയം തേടിയ ജില്ലാപോലീസ് സൂപ്രണ്ടിനെ കെട്ടിടം ബോംബ് വച്ച് തകർത്തു വധിച്ചു. CDOയുടെ കാര്യാലയം നിലംപരിചായി. അവിടെ കാവൽ നിന്നിരുന്ന പോലീസുകാരെയും വധിച്ചു. അനേക പോലീസുകാർ ഓടി രക്ഷപ്പെട്ടു. CDOയുടെ വസതി ആക്രമിച്ച് അദ്ദേഹത്തേയും വധിച്ചു.

കുന്നിൻമുകളിലെ ക്യാമ്പിൽ നിന്നും പട്ടാളം പ്രത്യാക്രമണം നടത്തിയെങ്കിലും ഒരു പരിധിവരെ മാത്രമേ മാവോവാദികളുടെ ആക്രമണത്തെ തടഞ്ഞു നിർത്തുവാൻ കഴിഞ്ഞുള്ളൂ. ജുംലാബസാർ മുഴുവനും ജനങ്ങൾ തിങ്ങിപ്പാർക്കുന്നതിനാൽ ഫലപ്രദമായ പല ആയുധങ്ങളും ഉപയോഗിക്കുവാൻ പട്ടാളത്തിന് കഴിഞ്ഞില്ല. പട്ടാളവും മാവോവാദികളും പുറത്തിറങ്ങരുതെന്ന് ഉച്ചഭാഷിണിയിലൂടെ ജനങ്ങൾക്ക് മുന്നറിയിപ്പ് കൊടുത്തുകൊണ്ടിരുന്നു. അതുകൊണ്ട് സാധാരണ ജനങ്ങളിൽ രണ്ടുപേർ മാത്രമേ കൊല്ലപ്പെട്ടുള്ളൂ. ജുംലാതാഴ്‌വരയെ കിടിലം കൊള്ളിച്ച ആ കാളരാത്രിയിൽ ബസാറിലെ മിക്ക കടകളും കൊള്ളയടിക്കപ്പെട്ടു. പ്രഭാതത്തോടെ ജയഭേരി മുഴക്കി മാവോവാദികൾ മലകളിലേക്ക് പിൻവാങ്ങി. അന്നത്തെ ദിവസം ജുംലാതാഴ്‌വരയിൽ ആരും പുറത്തിറങ്ങിയില്ല. ശവങ്ങൾ ജുംലാബസാറിലുടനീളം ചിതറിക്കിടന്നു. മാവോവാദികൾ എത്രപേർ കൊല്ലപ്പെട്ടു എന്ന് കൃത്യമായി അറിയില്ല. ശവശരീരങ്ങളും മുറിവേറ്റവരേയും എല്ലാം അവർ ചുമന്നുകൊണ്ട് പോവുകയാണ് പതിവ്. എന്നിട്ടും 22 മാവോവാദികളുടെ ശവശരീരങ്ങൾ കണ്ടെടുത്ത് ബസാറിനടുത്തുള്ള മൈതാനത്ത് കൂട്ടിയിട്ടു, കൂടെ കൊല്ലപ്പെട്ട ഇരുപതിലധികം പോലീസുകാരുടെ മൃതദേഹങ്ങളും. നാനൂറോളം മാവോവാദികൾ കൊല്ലപ്പെട്ടുകാണും എന്നാണ് കരുതപ്പെടുന്നത്. ജില്ലാ ഭരണാധികാരിയും ജില്ലാ പോലീസ് സൂപ്രണ്ടും എല്ലാം കൊല്ലപ്പെട്ട ഈ സംഭവത്തിന് ശേഷം അനേകമാഴ്ചകൾ ജുംലാബസാർ വിജനമായിരുന്നു. എല്ലാം തകർന്നടിഞ്ഞ ഈ ആക്രമണത്തിന് ശേഷം വളരെ നാളുകൾ വേണ്ടിവന്നു ജുംലാബസാർ പൂർവ്വ സ്ഥിതിയിലേക്ക് മടങ്ങി വരാൻ. ഇപ്പോൾ ജുംലാബസാറിൽ കാണുന്ന കെട്ടിടങ്ങൾ മിക്കതും പിന്നീട് പുതുക്കി പണിയപ്പെട്ടവയാണ്. അന്നത്തെ ആക്രമണത്തിൽ തകർന്ന കെട്ടിടങ്ങളുടെ അവശിഷ്ടങ്ങൾ ഇവിടെ ഇപ്പോഴും കാണാം.

ഏതാനും കിലോമീറ്ററുകൾ മാത്രം ചുറ്റളവുള്ള ഈ ജുംലാതാഴ്‌വര മാത്രമാണ് ഈ ജില്ലയിൽ സർക്കാർ നിയന്ത്രണത്തിലുള്ളത് എന്ന് പറയാം. മലനിരകൾക്കിടയിലുള്ള നൂറുകണക്കിന് ഗ്രാമങ്ങൾ മാവോവാദികളുടെ അധീനതയിലാണ്. പോലീസും പട്ടാളവുമൊന്നും അങ്ങോട്ട് എത്തിനോക്കാറുപോലുമില്ല.

ലൈറ്റ് മെഷീൻ ഗണ്ണുകളും റോക്കറ്റ് ലോഞ്ചറുകളുമൊക്കെയായി താഴ്‌വരയിൽ റോന്ത് ചുറ്റുന്ന പട്ടാളക്കാർ രാത്രിയായാൽ തങ്ങളുടെ ക്യാമ്പിൽ നിന്ന് പുറത്തിറങ്ങാറില്ല. മാവോവാദികളുടെ ആക്രമണം പേടിച്ച് CDOയും പോലീസ് സൂപ്രണ്ടുമെല്ലാം ഇപ്പോൾ പട്ടാള ക്യാമ്പിലാണ് അന്തിയുറങ്ങുന്നതത്രേ. പാവം ജനങ്ങൾ.... അവർക്ക് ഒരു സുരക്ഷിത സ്ഥാനവുമില്ല.

പരമ്പരാഗതമായ അന്ധവിശ്വാസങ്ങളുടെ ചങ്ങലക്കെട്ടുകളും മാവോതീവ്രവാദികളിൽ നിന്നുള്ള ഉപദ്രവങ്ങളും, വളരെ അദ്ധ്വാനിച്ചിട്ടും വയർ നിറക്കാൻ വകയില്ലാത്ത പരിതാപാവസ്ഥയും അതികഠിനമായ ശൈത്യവുമെല്ലാം ഇവിടുത്തെ ജനങ്ങളുടെ ജീവിതം ഏറ്റവും ദുരിതപൂർണ്ണമാക്കുന്നു. ഇവരുടെ ഗദ്ഗദങ്ങളും നിലവിളിയും ഈ മലനിരകൾക്കിടയിൽ നിറഞ്ഞുനിൽക്കുകയാണ്. ■

# 5. ശൈത്യകാലം വരുന്നു

വർഷത്തിൽ അനേക മാസങ്ങൾ കൊടും ശൈത്യമുള്ള കർണാലി പ്രദേശത്തെ ജീവിതം വിചിത്രമാണ്. ഇവിടെ നാലുമുതൽ ഒൻപത് മാസം വരെ മഞ്ഞ് വീണ് മൂടിക്കിടക്കുന്ന സ്ഥലങ്ങളുണ്ട്. മുകുവിൽ ശൈത്യകാലം താരതമ്യേന ഹ്രസ്വമാണെങ്കിൽ തിബറ്റിനോട് ചേർന്ന് കിടക്കുന്ന ഹുംലയുടെ ചിലഭാഗങ്ങളിൽ ഒൻപത് മാസത്തോളം ഹിമം മൂടിക്കിടക്കാറുണ്ട്. വളരെ ഉയരമുള്ള കൊടുമുടികളിലെല്ലാം വർഷം മുഴവനും ഹിമാവരണമുണ്ട്.

ശൈത്യകാലത്തിന്റെ ആരംഭത്തിൽതന്നെ എല്ലാ മരങ്ങളും ഇലപൊഴിഞ്ഞ് ഉണങ്ങിയതുപോലെയാകും. മലകൾ മുഴുവൻ നിറഞ്ഞുനിൽക്കുന്ന പൈൻ മരങ്ങൾ മാത്രമാണ് ഇലപൊഴിയാതെ അവശേഷിക്കുക. നിലത്തെ പുല്ലുകളും ചെടികളുമെല്ലാം കരിഞ്ഞുണങ്ങിപ്പോകും. നീണ്ട ശൈത്യകാലം കഴിയുന്നതുവരെയും ഈ സ്ഥിതി തുടരും. ശൈത്യകാലം കഴിഞ്ഞ് ഹ്രസ്വമായ മഴക്കാലവും പിന്നെ വസന്തകാലവുമുണ്ട്. ശൈത്യം കഴിയുമ്പോൾ എല്ലായിടത്തും പുല്ലുകളും ചെടികളും മുളച്ചുവരും. മരങ്ങളിൽ തളിരിലകളും പൂക്കളുമുണ്ടാകും. മലമുകളിലെല്ലാം മനോഹരമായ കാട്ടുപൂക്കൾ നിറയും. പിന്നെയുള്ള ഏതാനും മാസങ്ങൾക്കുള്ളിൽ വിതയും കൊയ്ത്തും എല്ലാം തീർക്കണം.

ഇവിടുത്തുകാർ ശൈത്യകാലത്തിനായി വിപുലമായ ഒരുക്കങ്ങൾ നടത്താറുണ്ട്. കന്നുകാലികൾക്കായി കഴിയുന്നിടത്തോളം പുല്ലും പച്ചിലകളും ഉണക്കി സൂക്ഷിക്കും. പൈൻമരത്തിന്റെ ഉണങ്ങിയ ഇലകൾ കെട്ടുകെട്ടായി കൊണ്ടുവന്ന് പശുത്തൊഴുത്തിൽ വിരിക്കും. പരമാവധി പച്ചക്കറികൾ ഉണക്കി സൂക്ഷിക്കും. ധാന്യങ്ങളും ഭക്ഷ്യവസ്തുക്കളും ശേഖരിച്ചുവെക്കും. കഴിയുന്നത്ര വിറകുകൾ കാട്ടിൽ നിന്നും ശേഖരിച്ച് കൊണ്ടുവരും.

മഞ്ഞുവീഴ്ച തുടങ്ങുമ്പോൾ അന്തരീക്ഷതാപനില പൂജ്യത്തിലും താഴും. പല കാട്ടു മൃഗങ്ങളും ഈ സമയത്ത് 'ശിശിരനിദ്ര' (Hibernation) എന്ന നീണ്ട ഉറക്കത്തിൽ പ്രവേശിക്കുന്നു. ശ്വസനനിരക്ക് കുറഞ്ഞ് ശാരീരിക പ്രവർത്തനങ്ങളെല്ലാം മന്ദഗതിയിലാകുന്നു. ഭക്ഷണം കഴിക്കാതെയുള്ള ഈ നീണ്ട ഉറക്കം ആറുമാസം വരെ നീളും. കൊടും ശൈത്യത്തിൽനിന്നും രക്ഷ നേടുവാൻ അനേക ജീവികൾക്കുമുള്ള ഉപാധിയാണിത്.

നാല് അടിമുതൽ  ആറ് അടിവരെ ഉയരത്തിൽ മഞ്ഞ് വീഴാറുള്ള ഈ കാലത്ത് പാത്രങ്ങളിൽ വെച്ചിരിക്കുന്ന വെള്ളമെല്ലാം ഉറഞ്ഞ് ഐസ്കട്ടകൾ ആകും. രാത്രിയിലെ താപനില മിക്കവാറും പൂജ്യത്തിലും വളരെ താഴെ –18 ഡിഗ്രി സെൽഷ്യസ് വരെയെത്തും. പകൽ പൊതുവേ തെളിഞ്ഞ നീലാകാശം കാണാം. കണ്ണെത്തുന്നിടത്തെല്ലാം മഞ്ഞിന്റെ വെണ്മമാത്രം. അതിമനോഹരമായ ഒരുകാഴ്ച തന്നെയാണിത്. പർവ്വതങ്ങളും താഴ്‌വരയുമെല്ലാം ഹിമപ്പുതപ്പ് പുതച്ച് കഴിയുന്ന ഈ നാളുകളിൽ പക്ഷെ ഇവിടുത്തെ ജനങ്ങളുടെ ജീവിതം ഏറ്റവും ദുഷ്കരമാണ്. ഉള്ള വസ്ത്രങ്ങളെല്ലാം മേൽക്കുമേലെ ധരിച്ചാലും സൂചികുത്തുന്നതുപോലെയുള്ള തണുപ്പ് അസ്ഥികളിലേക്ക് അരിച്ചിറങ്ങും. ശേഖരിച്ചു വച്ചിരിക്കുന്നതിൽ നിന്ന് അല്പം ഭക്ഷണം കഴിച്ച് വിറക് കത്തിച്ച് തീയും കാഞ്ഞ് തുടർച്ചയായി പുകയും വലിച്ച് (സ്ത്രീയും പുരുഷനുമെല്ലാം ഇവിടെ പുകവലിക്കും) ഇവർ കഴിയുന്നതും വീടിനുള്ളിൽ തന്നെ കഴിഞ്ഞുകൂടും.

വീടിന്റെ അടിയിലുള്ള ഗുഹപോലെയുള്ള കൂട്ടിൽ തറയിൽ പൈൻമരത്തിന്റെ ഉണങ്ങിയ ഇലകൾ മെത്തപോലെ വിരിച്ച് സജ്ജമാക്കി കന്നുകാലികളെ പാർപ്പിക്കും. അനേകം മാസങ്ങൾ ഇനി അവ പുറത്തേക്കില്ല. ഉണക്കി സൂക്ഷിച്ചിട്ടുള്ള പുല്ല് അല്പാല്പം, ജീവൻ നിലനിർത്താൻ മാത്രം, കന്നുകാലികൾക്ക് കൊടുക്കും. നീണ്ട ആറുമാസങ്ങൾ കഴിയണം ഇനി എന്തെങ്കിലും പുൽതലപ്പുകൾ ഈ നാട്ടിൽ പ്രത്യക്ഷപ്പെടാൻ. അതുവരെയും ഉള്ളതുകൊണ്ട് കഴിയണം.

✸ ✸ ✸ ✸ ✸ ✸ ✸

മനോഹരമായ വസന്തകാലത്തിന് ശേഷം അതികഠിനമായ ശൈത്യകാലം വരുമെന്നും കൊടും ശൈത്യത്തെ അതിജീവിക്കുവാൻ മുൻകൂട്ടി ഒരുക്കങ്ങൾ നടത്തേണ്ടത് ഒഴിച്ചുകൂടാൻ പാടില്ലാത്ത കാര്യമാണെന്നും ഇവിടുത്തെ എല്ലാ ജനങ്ങൾക്കും നല്ലവണ്ണം അറിയാം. അവർ അതനുസരിച്ച് ഓരോ ശൈത്യകാലത്തിനും മുമ്പായി തിരക്കിട്ട ഒരുക്കങ്ങൾ നടത്താറുമുണ്ട്. എന്നാൽ വരുവാനുള്ള ഒരു മഹാവിപത്തിനെപ്പറ്റി ഇവർക്ക് അറിവില്ലല്ലോ. യോഹന്നാൻ സ്നാപകൻ സ്നാനത്തിനായി തന്റെയടുക്കൽ വന്ന പരീശന്മാരോടും സദൂക്യരോടും ചോദിച്ചു: 'വരുവാനുള്ള കോപത്തെ ഒഴിഞ്ഞ് ഓടിപ്പോകുവാൻ നിങ്ങൾക്ക് ഉപദേശിച്ച് തന്നത് ആർ ?' എന്ന്   (മത്തായി 3:7). എന്നാൽ അനേകായിരം വരുന്ന ഇവിടുത്തെ ജനങ്ങൾക്ക് ആരും ഈ മുന്നറിയിപ്പ് കൊടുത്തിട്ടില്ല. ചൂളപോലെ കത്തുന്ന ആ ദൈവികന്യായവിധിയിൽ നിന്നും നിത്യനാശത്തിൽ നിന്നും രക്ഷപ്പെടാനുള്ള മാർഗ്ഗം ഇവർക്ക് ഉപദേശിച്ചു കൊടുക്കുവാൻ നമ്മൾ കടപ്പെട്ടവരല്ലേ?

വിഗ്രഹാരാധനയിലും കൊടിയ അന്ധവിശ്വാസങ്ങളിലും അജ്ഞതയിലും ഭയത്തിലും മരിച്ച്, ജീവിക്കുന്ന, ഇടങ്കയ്യും വലങ്കയ്യും തമ്മിൽ തിരിച്ചറിയാത്ത ഈ വലിയ ജനസമൂഹത്തെ ഓർത്ത് നമുക്ക് ദൈവസന്നിധിയിൽ കണ്ണീർ വാർക്കാം. ആ പർവ്വതനിരകളിലേക്ക് കയറിപ്പോകുവാൻ നമ്മുടെ കാൽപ്പാദങ്ങളെ ദൈവകൃപയിൽ ബലപ്പെടുത്താം. 'സമാധാനത്തെ ഘോഷിച്ച് നന്മയെ സുവിശേഷിക്കുകയും രക്ഷയെ പ്രസിദ്ധമാക്കുകയും സീയോനോട്: നിന്റെ ദൈവം വാഴുന്നു എന്ന് പറയുകയും ചെയ്യുന്ന സുവാർത്താദൂതന്റെ കാൽ പർവ്വതങ്ങളിന്മേൽ എത്ര മനോഹരം! [redacted]യെശയ്യാവ് 52: 7)

# ൬. വിലയേറിയ അപ്പം

ജുംലയിൽ എത്തി ഒന്നുരണ്ടു ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഞാൻ ആദ്യമായി സാധനങ്ങൾ വാങ്ങാൻ ജുംലാബസാറിൽ പോയി. ജുംലയിലെ വിലനിലവാരത്തെക്കുറിച്ച് നേരത്തെ കേട്ടറിഞ്ഞിരുന്നതുകൊണ്ടു മാത്രമാണ് സാധനങ്ങളുടെ വിലകേട്ടപ്പോൾ ഞാൻ ഞെട്ടാതിരുന്നത്. അതിശയോക്തി ഒട്ടും ഇല്ലാതെ പറഞ്ഞാൽ ജുംലയിൽ ഭക്ഷണസാധനങ്ങൾക്കും നിത്യോപയോഗസാധനങ്ങൾക്കും തീ പിടിച്ച വിലയാണ്.

ഒരുപക്ഷേ ലോകത്തിലെ ഏതൊരു മെട്രോപ്പോളിറ്റൻ സിറ്റിയെക്കാളും, പുറംലോകത്ത് നിന്ന് ഒറ്റപ്പെട്ട് കിടക്കുന്ന ഈ പർവ്വത പ്രദേശത്ത് ജീവിക്കാനുള്ള ചെലവ് വളരെ കൂടുതലാണ് എന്നുള്ളത് വിചിത്രമായി തോന്നാം.

നമ്മൾ സാധാരണ ഉപയോഗിക്കുന്ന ചില സാധനങ്ങളുടെ ഇവിടുത്തെ ഏറ്റവും കുറഞ്ഞവില താഴെ കൊടുത്തിരിക്കുന്നു.(ഇന്ത്യയുടെ ഒരു രൂപ, നേപ്പാളി ഒരു രൂപ അറുപത് പൈസക്ക് തുല്യമാണ്. )

| | | |
|---|---|---|
| ഉപ്പ് | 1 Kg | - 40 രൂപ |
| അരി | 1 Kg | - 60 രൂപ |
| സവോള | 1 Kg | - 90 രൂപ |
| പഞ്ചസാര | 1 Kg | - 70 രൂപ |
| മുട്ട | 1 ന് | - 10 രൂപ |
| കോഴി | 1 ന് | - 350 രൂപ മുതൽ 500 രൂപ വരെ |
| സിമന്റ് (1ചാക്ക്) | 50 Kg | - 3000 രൂപ |

മരുന്നുകൾക്കിവിടെ രണ്ടും മൂന്നും ഇരട്ടിയാണ് വില. കർണാലിയിലെ മറ്റ്

ജില്ലകളിൽ മേൽപ്പറഞ്ഞവയിലും വളരെ കൂടുതലാണ് നിരക്ക്. പുറംലോകവുമായി റോഡ് ഗതാഗതമാർഗ്ഗങ്ങൾ ഒന്നും ഇല്ലാത്തതുകൊണ്ട് നേപ്പാൾഗഞ്ചിൽ നിന്നും വരുന്ന ചെറുവിമാനങ്ങളിലും ഹെലികോപ്റ്ററുകളിലും വലിയചരക്കുകൂലി കൊടുത്താണ് ഇവയെല്ലാം ഇവിടെ എത്തിക്കുന്നത്. പല കാരണങ്ങളാൽ വിമാനസർവ്വീസുകൾ മുടങ്ങുന്ന അവസരങ്ങളിൽ പലതും കിട്ടാനില്ലാതെ വരും. ഉള്ള സാധനങ്ങളുടെ വില യാതൊരു നിയന്ത്രണവുമില്ലാതവണ്ണം പിന്നെയും കുതിച്ച് ഉയരും.

ഇത്രവലിയ വിലകൊടുത്ത് സാധനങ്ങൾ വാങ്ങുവാൻ ഇവിടുത്തെ ദരിദ്രജനങ്ങൾക്ക് കഴിയുകയില്ല എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഇവിടുത്തെ പട്ടാളക്കാരും പോലീസുകാരും സർക്കാർ ഉദ്യോഗസ്ഥന്മാരും ഒക്കെയാണ് പ്രധാന ഉപഭോക്താക്കൾ. ജുംലാ ജില്ലയിലെ പർവ്വതനിരകൾക്കിടയിലായി ചിതറിക്കിടക്കുന്ന ഒട്ടനവധി ഗ്രാമങ്ങളിലായി ജീവിക്കുന്ന എൺപതിനായിരത്തോളം ജനങ്ങളിൽ മിക്കവരും അവശ്യസാധനങ്ങൾ പോലും ഇല്ലാതെയാണ് കഴിയുന്നത്. ജുംലാബസാറിലെ മിക്കവാറും സാധനങ്ങളും ഇവർക്ക് അന്യമാണ്. അല്ല, അവയിൽ ഏതെങ്കിലുമൊക്കെ വാങ്ങുകയാണെങ്കിൽ തന്നെ തങ്ങളുടെ പ്രയത്നഫലം മുഴുവനും അതിനുവേണ്ടി ചിലവഴിക്കേണ്ടിവരും. ജുംലയുടെ ഉള്ളിലേക്കുള്ള ഗ്രാമങ്ങളിലെല്ലാം കല്ലുകൾ കൂട്ടിയുരച്ചാണ് തീയുണ്ടാക്കുന്നത്. തീപ്പെട്ടികൾ മാത്രമല്ല മണ്ണെണ്ണവിളക്കുകളും ഇവർക്ക് അന്യമാണ്. പൈൻമരത്തിന്റെ എണ്ണമയമുള്ള നീണ്ട വിറകുകമ്പുകൾ(ജ്വര) കത്തിച്ചാണ് അവർ രാത്രിയിൽ വെളിച്ചം കാണുന്നത്. ഇവ ദീർഘനേരം നിന്നു കത്തും. അനേക തുന്നിക്കൂട്ടലുകളുള്ള ഇവരുടെ ശിഥിലമായ വസ്ത്രങ്ങൾ മാസങ്ങളോളം കഴുകുകയോ മാറുകയോ ചെയ്യാറില്ല. വളരെ നാളുകൾകൂടി കഴുകുകയാണെങ്കിൽ തന്നെ സോപ്പിനു പകരം ചാരമാണുപയോഗിക്കുന്നത്.

✸ ✸ ✸ ✸ ✸ ✸ ✸

ജുംലയിലെ ജനങ്ങൾ ഭൗതിക തലത്തിൽ അനുഭവിക്കുന്നതിനേക്കാൾ എത്രയോ വലിയ ദാരിദ്ര്യവും അരിഷ്ടതയുമാണ് ആത്മീയതലത്തിൽ അനുഭവിക്കുന്നത്. വിഗ്രഹാരാധനയാലും അന്ധവിശ്വാസങ്ങളാലും അന്ധമാക്കപ്പെട്ട ഹൃദയങ്ങളും ഏറ്റവും അധഃപതിച്ച ധാർമിക നിലവാരവും, ശൈശവവിവാഹങ്ങളും ബഹുഭാര്യാത്വവും പലവിധ ഭയങ്ങളും ഇവരുടെ ജീവിതത്തെ അരിഷ്ടതയേറിയതാക്കുന്നു. തങ്ങളുടെ നിത്യവൃത്തിക്കു വേണ്ടിയുള്ളതെല്ലാം ദേവന്മാർ തിന്നുതീർക്കുന്നു. തങ്ങൾ പട്ടിണിയായിരുന്നാലും ദേവന്മാർക്ക് അവർ ആടുകളെയും കോഴികളെയും അർപ്പിക്കുന്നു. ■

# 7. പശുത്തൊഴുത്തിൽ പിറന്നവർ

'പശുത്തൊഴുത്തിൽ പിറന്നവൻ' എന്നാണല്ലോ യേശുക്രിസ്തുവിനെപ്പറ്റി പറയുക. എന്നാൽ ഒരു നാട്ടിലെ ജനങ്ങൾ മുഴുവൻ പശുത്തൊഴുത്തിൽ പിറന്നവരാണെങ്കിലോ? ജുംലയുടെ ഒരു സവിശേഷതയാണിത്. ഗ്രാമത്തിലെ വീടുകളെല്ലാം 'ഇരുനില മാളിക'കളാണ്. താഴത്തെ നിലയിൽ കന്നുകാലികൾ പാർക്കും. മുകളിൽ മനുഷ്യരും. അങ്ങനെ മനുഷ്യരും മൃഗങ്ങളുമെല്ലാം കൂടെ സഹകരിച്ച് സഹവസിക്കുന്ന കാഴ്ച ഞങ്ങൾക്ക് ഏറെ കൗതുകമായിരുന്നു. കല്ലുകളും ചെളിയുമുപയോഗിച്ച് കെട്ടിയുണ്ടാക്കുന്ന വീടുകളുടെ തറനിരപ്പിനും താഴെയുള്ളനിലയാണ് പശുക്കൾക്കുവേണ്ടിയുള്ളത്. മരത്തടികൾ നിരത്തി അതിന്മേൽ പൈൻമരത്തിന്റെ ഉണങ്ങിയ ഇലകൾ വിരിച്ച് അതിൻമീതെ മണ്ണിട്ട് അടിച്ചുറപ്പിച്ചതാണ് വീടിന്റെ മേൽക്കൂരയും ഒന്നാം നിലയും. മണ്ണുകൊണ്ടുള്ള ഈ ടെറസിന്റെ മീതെയാണ് ഇവർ ധാന്യങ്ങൾ മെതിക്കുന്നതും ഉണക്കുന്നതുമെല്ലാം. ശക്തിയുള്ള മഴപെയ്യുമ്പോൾ മണ്ണു കുതിർന്ന് വെള്ളം വീടിനുള്ളിലേക്ക് ഒലിച്ചിറങ്ങും. അപ്പോൾ അവർ വീണ്ടും മണ്ണിട്ട് അടിച്ചുറപ്പിക്കും. പശുക്കൾ കിടക്കുന്ന താഴത്തെ നിലയിലേക്ക് ഇടുങ്ങിയ പ്രവേശന കവാടം മാത്രമാണുള്ളത്. ഉള്ളിൽ വായു കടക്കാൻ ഒരു ദ്വാരവും കാണും. കൊടുംശൈത്യകാലങ്ങളിൽ ഇതിനുള്ളിലാണ് കന്നുകാലികളെ അടച്ചു സംരക്ഷിക്കുക. ആറുമാസത്തിന് ശേഷം കൊടുംശൈത്യകാലം മാറുമ്പോൾ എല്ലായിടത്തും പുല്ലും സസ്യങ്ങളും മുളച്ചുവരും. പിന്നത്തെ ആറുമാസം കന്നുകാലികളെ മലമുകളിൽ മേയാൻ വിടും.

ഇവിടുത്തെ ജനങ്ങൾ എല്ലാവരും ഇങ്ങനെയുള്ള പശുത്തൊഴുത്തിൽ ജനിച്ചവരാണ് എന്നുള്ളത് ലോകത്ത് മറ്റൊരിടത്തും കാണാത്ത ഒരു പ്രത്യേകതയായിരിക്കും. പ്രസവസമയമടുക്കുന്ന സ്ത്രീകളെ ഇവർ വീട്ടിൽ നിന്നും ഇറക്കി ഈ ഇരുളടഞ്ഞ ഗുഹപോലെയുള്ള പശുത്തൊഴുത്തിലാക്കുന്നു. വീട് അശുദ്ധമാകാതിരിക്കാനാണത്രെ ഇങ്ങനെ ചെയ്യുന്നത്. ഇവിടെ പ്രസവിക്കുന്ന ഇവരിൽ മരണനിരക്ക് വളരെയാണ്. അമ്മമാരും ജനിക്കുന്ന കുഞ്ഞുങ്ങളും മരിച്ചുപോകുന്ന സംഭവങ്ങൾ ധാരാളമാണ്. പ്രസവശേഷം ഒരുമാസത്തോളം സ്വന്തമായി ഭക്ഷണം പാകം ചെയ്ത് കഴിച്ച് സ്ത്രീകൾ ഈ പശുത്തൊഴുത്തിൽ തന്നെ കഴിയണം. അതിനുശേഷം അമ്മയേയും കുഞ്ഞിനേയും പശു

മൂത്രത്തിൽ കുളിപ്പിച്ച് ശുദ്ധീകരിച്ച ശേഷമാണ് വീട്ടിലേക്ക് പ്രവേശിപ്പിക്കുക. നഗരങ്ങളിൽ ഒഴിച്ച്, നേപ്പാളിലെ ഗ്രാമങ്ങളിലെല്ലാം തലമുറതലമുറയായി എല്ലാവരും പശുത്തൊഴുത്തിൽ തന്നെയാണ് ജനിക്കാറ്.

ശിശുവിവാഹവും ബാല്യവിവാഹവും നേപ്പാളിൽ സർവ്വസാധാരണമാണ്. ചിലപ്പോൾ കുഞ്ഞുങ്ങൾ ജനിക്കുമ്പോൾ തന്നെ മാതാപിതാക്കൾ വിവാഹം ഉറപ്പിക്കുന്നു. അല്ലെങ്കിൽ കുട്ടികൾക്ക് എട്ടോ ഒൻപതോ വയസ്സാകുമ്പോൾ ആൺകുട്ടിയുടെ പിതാവോ ഗ്രാമത്തിലെ കാരണവരോ സമ്മാനങ്ങളുമായി പെൺകുട്ടിയുടെ വീട്ടിൽ ചെന്ന് സംസാരിച്ച് വിവാഹം നിശ്ചയിക്കുന്നു. ഇതിന് മാഗ്നെ എന്ന് പറയും. എന്നാൽ പെൺകുട്ടി തന്റെ മാതാപിതാക്കളോടൊപ്പം ഏകദേശം 14 വയസ്സാകുന്നതുവരെ താമസിക്കും. അതിനുശേഷം വിവാഹച്ചടങ്ങുകൾ നടത്തി ഭർത്താവിനോടൊപ്പം താമസമാക്കും. 15-ഉം 16-ഉം വയസ്സുള്ള ബഹുഭൂരിപക്ഷം ആൺകുട്ടികളും ഇവിടെ വിവാഹിതരാണ്. സ്ത്രീധന സമ്പ്രദായം നിലവിലില്ല. നേരെമറിച്ച് വരന്റെ വീട്ടുകാർ പെൺകുട്ടിയുടെ മാതാപിതാക്കൾക്ക് സമ്മാനങ്ങൾ കൊടുക്കണം.

വിവാഹച്ചടങ്ങുകൾ നേപ്പാളിൽ പലയിടത്തും പലരീതിയിലാണ്. ജുംലയിൽ സാധാരണ നടക്കാറുള്ള ഒരു രീതി വിവരിക്കാം. വിവാഹദിവസം സന്ധ്യയാകുമ്പോൾ വരനും പതിനാലോളം ഗ്രാമക്കാരും വധുവിന്റെ ഗ്രാമത്തിലേക്ക് ചെല്ലും. വരനെ കുതിരപ്പുറത്ത് കയറ്റിയോ ആളുകൾ ചുമലിലേറ്റിയോ ആണ് കൊണ്ടുപോവുക. ചെണ്ടമേളത്തോടെ പെൺകുട്ടിയുടെ ഗ്രാമത്തിന്റെ സമീപമെത്തി അവർ നിൽക്കും. ഇവിടെ നിന്നും വധുവിന്റെ പിതാവോ, പിതാവിന്റെ അനിയനോ വരനെ തോളിലേറ്റിക്കൊണ്ട് പോകും. വിവാഹച്ചടങ്ങുകൾ പശുത്തൊഴുത്തിലാണ് നടത്തുന്നത്. പൂജാരിയാണ് കർമ്മങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്. മാലയിടലും മറ്റ് മതപരമായ ചടങ്ങുകളും ഉണ്ട്. കൂടാതെ വരനും വധുവും അന്യോന്യം അടിക്കുക, വരന്റെയും വധുവിന്റെയും കാൽകഴുകിയ വെള്ളം വധുവിന്റെ മാതാപിതാക്കൾ കുടിക്കുക തുടങ്ങിയ ചടങ്ങുകളും ഉണ്ട്. ചടങ്ങുകളും ആഘോഷങ്ങളും രാത്രി മുഴുവൻ നീണ്ടുനിൽക്കും.

ബഹുഭാര്യാത്വം ഇവിടെ സാധാരണമാണ്. അതുപോലെതന്നെ സ്ത്രീകളും സ്വന്തഭർത്താവിനേയും മക്കളേയും ഉപേക്ഷിച്ച് വേറെ പുരുഷന്മാരുടെ കൂടെ താമസിക്കുന്നതും വിരളമല്ല. ധാർമ്മികമായി വളരെ അയഞ്ഞ ഒരു നിലപാടാണ് ഇവർ പിന്തുടരുന്നത്.

നേപ്പാളിൽ പൊതുവേ ആരും തന്നെ സ്വന്തവീട്ടിൽ കിടന്ന് മരിക്കാറില്ല. മരിക്കാറായ ആളെ അവർ വീടിന് വെളിയിൽ കൊണ്ടുപോയി കിടത്തും. വീട്ടിനുള്ളിൽ കിടന്ന് മരിച്ചാൽ ആത്മാവ് വീട്ടിൽ നിന്നും പോകില്ല എന്ന വിശ്വാസമാണ് ഇതിന് അവരെ പ്രേരിപ്പിക്കുന്നത്. ശവം ദഹിപ്പിക്കുകയോ സംസ്കരിക്കുകയോ നദിയിൽ ഒഴുക്കുകയോ ഒക്കെയാണ് പതിവ്.

* * * * * * *

ഇരുൾ തങ്ങിനിൽക്കുന്ന പശുത്തൊഴുത്തിൽ പിറന്ന് കൊടിയ അന്ധകാര

ത്തിൽ ജീവിതം തള്ളിനീക്കി മിണ്ടാപ്രാണികളെപ്പോലെ, യാതൊരു പ്രത്യാശ യുമില്ലാതെ, മരിച്ചു പോകുന്ന ഇവർ തങ്ങളെപ്പോലെ തന്നെ പശുത്തൊഴുത്തിൽ പിറന്ന തങ്ങളുടെ രക്ഷിതാവിനെക്കുറിച്ച് ഒരിക്കലും കേട്ടിട്ടില്ല. പുറംലോകത്ത് നിന്നും ഒറ്റപ്പെട്ടു കഴിയുന്ന അശരണരായ ഇൗ മനുഷ്യരുടേയുംകൂടെ രക്ഷിതാ വാകുവാനല്ലേ പ്രപഞ്ചസ്രഷ്ടാവ് ഒരു പശുത്തൊഴുത്തിൽ ജനിച്ചത്? യേശു ജനി ച്ചപ്പോൾ കർത്താവിന്റെ ദൂതൻ ഇടയന്മാരോട് പറഞ്ഞത് ഇപ്രകാരമാണ്: 'സർവ്വ ജനത്തിനും ഉണ്ടാവാനുള്ളോരു മഹാസന്തോഷം ഞാൻ നിങ്ങളോട് സുവിശേ ഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്ന് ദാവീദിന്റെ പട്ടണ ത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു. നിങ്ങൾക്കുള്ള അടയാളമോ: ശീലകൾ ചുറ്റി പശുത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും...' ( ലൂക്കോസ് 2:10-12 ). ■

# 8. ലുത്തോ പാവ്‌ലോ, ചിലാവുനേ ബിജാവ്നേ

2004, ജൂലൈ 16. ജുംലയിലെ മായാസദന്റെ ഏറ്റവും മുകളിലെ നിലയിലുള്ള പ്രാർത്ഥനാ മുറിയിലിരുന്ന് ഞാനിതെഴുതുമ്പോൾ തൊട്ടടുത്ത ഗ്രാമത്തിലെ വീടുകളുടെ മുകളിൽ തീപ്പന്തങ്ങൾ എരിയുന്നതെനിക്ക് കാണാം. ഇപ്പോൾ വൈകുന്നേരം ഏഴ് മണി. എല്ലായിടത്തും ഇരുട്ട് പരന്ന് തുടങ്ങിയിരിക്കുന്നു. ഇന്ന് സാവൺ സംക്രാന്തി! ജുംലയിലും നേപ്പാളിലെ പലയിടങ്ങളിലും ഇന്ന് വിചിത്രമായ ഒരു ആഘോഷം നടക്കുന്ന ദിവസമാണ്. ഓരോ ഗ്രാമക്കാരും അയൽ ഗ്രാമക്കാരെ ശപിക്കുകയും ചീത്തവിളിക്കുകയും ചെയ്യുന്ന ദിവസം!

ഈ ദിവസം വൈകുന്നേരം ആദ്യമായി അവർ നല്ല ഭക്ഷണങ്ങൾ കഴിക്കും. എന്നിട്ട് സന്ധ്യയാകുമ്പോൾ വീടിന്റെ മുകളിൽ കയറി ജ്വര കൊണ്ടുള്ള പന്തങ്ങൾ കത്തിക്കും. പിന്നെ പന്തം തലക്കുചുറ്റിച്ച് വീശി എതിർവശത്തുള്ള ഗ്രാമത്തിന്റെ നേരെ എറിഞ്ഞുകൊണ്ട് സകല ശാപവചനങ്ങളും ചൊരിയും:

ലുത്തോ പാവ്‌ലോ, ചിലാവുനേ ബിജാവ്നേ,

ഖായിനേ കട്ഖനേ, ദുനിഗായ് ദീജാ നാട്ടിഗായ്

ലേയ്ജാ. പാട്ടോ പെരുവാ ലേയ്ജാ....

ലേയ്ജാ....ലേയ്ജാ....'

(ചൊറിയും ചിരങ്ങും മുള്ളുകളും രോഗങ്ങളും പീഢകളും ദു;ഖങ്ങളും കൊണ്ടുപോ....നല്ല പശുക്കൾ ഞങ്ങൾക്ക് വരട്ടെ..... മോശമായ പശുക്കളെല്ലാം നിങ്ങൾക്കാവട്ടെ. കീറിയ വിരിപ്പുകളെല്ലാം കൊണ്ടുപോയ്ക്കോ.... കൊണ്ടുപോയ്ക്കോ....) എതിർ ഗ്രാമക്കാരും തിരിച്ച് ഇപ്രകാരം തന്നെ ഇങ്ങോട്ടും ചെയ്യും. ഇങ്ങനെ ശാപവചനങ്ങൾ ചൊരിഞ്ഞുകൊണ്ട് ഒരുമണിക്കൂറോളം നേരം അവർ വീടുകളുടെ മുകളിൽ കയറി ആർക്കും!

ക്രിസ്തുവിന്റെ മാർഗ്ഗം എത്രയോ വ്യത്യസ്ഥമാണ്! ഇവർ അന്യോന്യം ശപിക്കുകയും ശാപത്തിൽ തന്നെ സദാ ജീവിക്കുകയും ചെയ്യുന്നു. എന്നാൽ യേശുക്രിസ്തു പറഞ്ഞു: 'നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ, നിങ്ങളെ പകെക്കുന്നവർക്ക് ഗുണം ചെയ്‌വിൻ. നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിപ്പിൻ; നിങ്ങളെ ദുഷിക്കുന്നവർക്ക് വേണ്ടി പ്രാർത്ഥിപ്പിൻ. നിന്നെ ഒരു ചെകിട്ടത്ത് അടിക്കുന്നവന്നു മറ്റേതും കാണിച്ചുകൊടുക്കുക......നിന്നോട് ചോദിക്കുന്ന ഏവന്നും കൊടുക്ക.....മനുഷ്യർ നിങ്ങൾക്ക് ചെയ്യേണം എന്നു നിങ്ങൾ ഇച്ഛിക്കുന്നതുപോലെ തന്നേ അവർക്കും ചെയ്‌വിൻ.....അങ്ങനെ നിങ്ങളുടെ സ്വർഗ്ഗീയ പിതാവ് മനസ്സലിവുള്ളവൻ ആകുന്നതുപോലെ നിങ്ങളും മനസ്സലിവുള്ളവർ ആകുവിൻ.'( ലൂക്കോസ് 6:27-36 )

തങ്ങളെ ശപിക്കുന്നവരെ തിരിച്ച് ശപിക്കാതെ അനുഗ്രഹിക്കുകയും അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാൻ തങ്ങളെ പ്രാപ്തരാക്കുന്ന ദൈവത്തിന്റെ മാർഗ്ഗം ഇവർ അറിഞ്ഞിട്ടില്ലല്ലോ. അതുകൊണ്ട് ഇവർ ശപിച്ചുകൊണ്ടേയിരിക്കുന്നു. തലമുറതലമുറയായി ഇവർ ഇത് തുടരുന്നു. തങ്ങളുടെ സകല പാപങ്ങളെയും ശാപങ്ങളെയും സന്തോഷപൂർവ്വം ഏറ്റെടുത്ത് കാൽവറിയിലെ ക്രൂശിൽ ശാപമരണം വരിച്ച തങ്ങളുടെ രക്ഷകനെ ഇവർ അറിയാത്തിടത്തോളം കാലം സാവൺ സംക്രാന്തി തുടരും. ഇവർ അന്യോന്യം ശപിച്ചു കൊണ്ടുമിരിക്കും.

* * * * * * *

ജുംല ജില്ലയിലെ ഏക ആശുപത്രി ജുംല ബസാറിലുള്ള ജില്ലാ ആശുപത്രി ആണ്. ഈ ആശുപത്രിയിൽ പക്ഷെ ഡോക്ടർ വളരെ വിരളമായേ ഉണ്ടാകാറുള്ളൂ. ചുറ്റുപാടും ഉള്ള ഗ്രാമങ്ങളിൽ നിന്നും മരക്കൊമ്പുകൾ വെച്ചുകെട്ടിയുണ്ടാക്കിയ സ്ട്രച്ചറിൽ രോഗികളെ ചുമന്നുകൊണ്ട് വരുന്നത് ദയനീയമായ കാഴ്ച തന്നെയാണ്. പലപ്പോഴും അവർ മലകൾ കയറിയിറങ്ങി പരിക്ഷീണരായി ആശുപത്രിയിലെത്തുന്നത് ഡോക്ടറില്ല എന്ന നിരാശാജനകമായ ഉത്തരം കേൾക്കുന്നതിന് വേണ്ടിമാത്രം ആയിരിക്കും. കാര്യമായ സൗകര്യങ്ങൾ ഒന്നും ഇല്ലാത്ത ഇവിടെ നിന്നും ഗുരുതരമായ രോഗമുള്ളവർ ആരും രക്ഷപ്പെട്ട് പോകാറുമില്ല.

ജുംല ബസാറിൽ ഇന്റർനാഷണൽ നേപ്പാൾ ഫെല്ലോഷിപ്പ് (INF) എന്ന മിഷണറി ഓർഗനൈസേഷന്റെ ഒരു ലെപ്രസി ക്ലിനിക്ക് പ്രവർത്തിക്കുന്നതാണ് ആകെയുള്ള ആശ്വാസം. പ്രസ്തുത ക്ലിനിക്കിൽ ഒരു മിഷണറി ഡോക്ടറും ഒന്നു രണ്ട് നേഴ്സുമാരും ഉണ്ട്. തങ്ങളുടെ ജോലിത്തിരക്കിനിടയിലും സർക്കാർ ആശുപത്രിയിലെ അത്യാവശ്യമുള്ള രോഗികളെ എല്ലാം നോക്കുന്നത് ഇവരാണ്.

കുറച്ച്ദിവസങ്ങൾക്ക് മുമ്പ് ബസാറിനടുത്തുള്ള ഗ്രാമത്തിലെ ഒരു പെൺകുട്ടി ആത്മഹത്യ ചെയ്തു. (ഇവിടെ ആത്മഹത്യകൾ വളരെ വിരളമാണ്), പോസ്റ്റ്മോർട്ടത്തിനായി നാലുദിവസത്തോളം കാത്തിരുന്നിട്ടും സർക്കാർ ഡോക്ടർ എത്തിയില്ല. അഴുകിത്തുടങ്ങിയ മൃതദേഹം അവസാനം പോസ്റ്റ്മോർട്ടം കൂടാതെ സംസ്കരിക്കുവാൻ ജില്ലാഭരണാധികാരി അനുവാദം കൊടുത്തു. അങ്ങനെ നാലു ദിവസത്തെ കാത്തിരിപ്പിനു ശേഷം, ഇവിടുത്തെ രീതിയനുസരിച്ച് മൃതദേഹം തിലക് നദിയിൽ ഒഴുക്കി.

എന്നാൽ ജുംലാ നിവാസികളിൽ ബഹുഭൂരിപക്ഷവും ആശുപത്രിയേയോ ഡോക്ടറെയോ ഒന്നും അന്വേഷിക്കാറില്ല എന്നതാണ് സത്യം. അനേകം മലനിരകൾക്കപ്പുറമുള്ള വിദൂരഗ്രാമങ്ങളിൽ നിന്നും രോഗികളെ ജുംലാബസാറിലെത്തിക്കുക സാധ്യമായ കാര്യവുമല്ല. ഇവർ എന്തെങ്കിലും രോഗമോ മറ്റെന്തെങ്കിലും പ്രശ്നങ്ങളോ നേരിട്ടാൽ ഒരു കോഴിയേയും കൊണ്ട് 'ധാമി' എന്നു വിളിക്കപ്പെടുന്ന വെളിച്ചപ്പാടിന്റെ അടുത്ത് ചെല്ലുന്നു. ധാമി ഉറഞ്ഞുതുള്ളി രോഗമോ പ്രശ്നങ്ങളോ ഉണ്ടാകുവാനുള്ള കാരണങ്ങളും പരിഹാരങ്ങളും നിർദ്ദേശിക്കുന്നു. ഇവിടെയുള്ളവരുടെ ശാരീരികവും മാനസികവും ആത്മീയവുമായ എല്ലാ പ്രശ്നങ്ങൾക്കുമുള്ള 'ഡോക്ടർ' ധാമിയാണ്! ധാമി നിർദ്ദേശിക്കുന്നതുപോലെ കോഴിയേയോ ആടിനേയോ പൂജാഗിരികളിൽ ബലി കൊടുത്താലും രോഗം മൂർഛിക്കുകയോ രോഗി മരിക്കുകയോ ഒക്കെയാവും സംഭവിക്കുക. എന്തുകൊടുത്താലും പ്രസാദിക്കാത്ത ദേവന്മാരെ സേവിച്ച് ഇവർ മുടിഞ്ഞു കൊണ്ടിരിക്കുകയാണ്

മേൽപ്പറഞ്ഞവ കൂടാതെ ചെറിയ രോഗങ്ങൾക്കും മറ്റും ഇവർക്ക് ഇവരുടേതായ നാടൻ ചികിത്സകളുമുണ്ട്. ഉദാഹരണത്തിന് :

-കണ്ണുവേദനക്ക് മുളക് അരച്ചു കലക്കി വെള്ളം കണ്ണിലൊഴിക്കുക.

-ചെവിവേദനക്ക് എണ്ണ തിളപ്പിച്ച് ചെവിയിലൊഴിക്കുക(ഈ ചികിൽസയാൽ കേഴ്‌വി നഷ്ടമായവർ പലരാണ്.)

-വയറുവേദന, കാലുവേദന എന്നിവക്കുള്ള ചികിത്സ ജ്വര(പൈൻ മരത്തിന്റെ വിറക് ) കത്തിച്ച് വേദനയുള്ള ഭാഗത്ത് വച്ച് അമർത്തി പൊള്ളിക്കുക എന്നതാണ്. ഇവിടെയുള്ള പലരുടേയും ദേഹത്ത് ഇങ്ങനെ പൊള്ളിച്ചതിന്റെ പാടുകൾ കാണാം. വേദനകൾ വരുന്നത് ഭൂതത്തിന്റെ ഉപദ്രവം കൊണ്ടാണ് എന്നാണിവർ കരുതുന്നത്. അതുകൊണ്ടാണ് ഭൂതത്തെ ഓടിക്കുവാനായി ഇവർ ശരീരം പൊള്ളിക്കുന്നത്. (നമ്മുടെ നാട്ടിലും ഭൂതോച്ചാടനത്തിനായി രോഗിയെ ചൂരൽ കൊണ്ട് അടിക്കുന്നവർ ഉണ്ടല്ലോ!) ഇത്തരത്തിൽ അന്ധവിശ്വാസങ്ങളിൽ നിന്നും അബദ്ധധാരണകളിൽ നിന്നും ഉടലെടുത്ത പലതരത്തിലുള്ള'ചികിത്സകൾ' ഇവരുടെ ഇടയിലുണ്ട്.

✸ ✸ ✸ ✸ ✸ ✸ ✸

സകല പാപങ്ങളും മോചിക്കുന്ന, സകലശാപവും നീക്കുന്ന, സമസ്ത രോഗങ്ങളും സൗഖ്യമാക്കുവാൻ ശക്തിയുള്ള പരമവൈദ്യനായ യേശുക്രിസ്തുവിനെ അറിയാത്തിടത്തോളം കാലം ജുംലയിലെ ജനങ്ങൾ സൗഖ്യം പ്രാപിക്കുകയില്ല. തന്റെ ഭക്തന്മാരുടെ പ്രാർത്ഥനകളെ കേട്ട് ഉത്തരമരുളുന്ന ജീവനുള്ള ദൈവത്തെ ഇവർ ഒന്നറിഞ്ഞിരുന്നെങ്കിൽ. ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ ദീപ്തി ഇവരുടെ ഹൃദയങ്ങളിൽ പ്രകാശിക്കുകയും ഇവരുടെ കുരുടായ കണ്ണുകളെ തുറക്കുകയും ചെയ്തിരുന്നെങ്കിൽ. 'എന്നാൽ അവർ വിശ്വസിക്കാത്തവനെ എങ്ങനെ വിളിച്ചപേക്ഷിക്കും? അവർ കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും? പ്രസംഗിക്കുന്നവനില്ലാതെ എങ്ങനെ കേൾക്കും? ആരും അയക്കാതെ എങ്ങനെ പ്രസംഗിക്കും?' (റോമർ 10: 14,15)■

# ൭. മായാസദന്റെ കഥ

'മായാസദൻ' എന്നു വച്ചാൽ മായയുടെ സദനം (ഭവനം) എന്നാണല്ലോ നാം ചിന്തിക്കുക. എന്നാൽ ജുംലാബസാറിൽ നിന്നും മുകുവിലേക്കുള്ള വഴിയിൽ രണ്ട് കി.മീ ദൂരെയുള്ള മായാസദൻ സത്യത്തിൽ പ്രത്യാശയുടെയും സ്നേഹത്തിന്റെയും സദനം ആണ്. ജുംലബസാറിലുള്ളവർക്ക് മാത്രമല്ല ജുംല ജില്ലയിലെ മലനിരകൾക്കിടയിലുള്ള വിദൂര ഗ്രാമങ്ങളിൽ നിന്നുള്ള അനേകർക്കുപോലും മായാസദൻ അറിയാം. കാരണം തങ്ങളുടെ ഗ്രാമങ്ങളിൽനിന്നുള്ള പല അനാഥരായ കുഞ്ഞുങ്ങളും ഇവിടെ ചുറുചുറുക്കോടെ വളരുന്നുണ്ട്. എത്രയോ മുമ്പേ കൊടുംശൈത്യത്തിലും പട്ടിണിയിലും മരിച്ചുപോകേണ്ടിയവരായിരുന്നു അവരിൽ പലരും. ഗ്രാമത്തിലെ കുഞ്ഞുങ്ങളിൽ നിന്നും വ്യത്യസ്തരായി, വൃത്തിയുള്ള വസ്ത്രം ധരിച്ച് കുളിച്ച് വൃത്തിയായി ഉന്മേഷത്തോടെ ഓടിനടക്കുന്ന ഈ കുഞ്ഞുങ്ങളെ മായാസദന്റെ മുമ്പിലുള്ള വഴിയിലൂടെ നടന്നു പോകുന്ന ഗ്രാമവാസികൾ കൗതുകത്തോടെ നോക്കിനിൽക്കാറുണ്ട്.

കഴിഞ്ഞ മൂന്ന് വർഷത്തിലധികമായി ജുംലയിൽ വലിയൊരു സ്വാധീനമായി പ്രവർത്തിക്കുന്ന മായാസദന്റെ പിന്നിൽ ഒരു കഥയുണ്ട്. ജീവനുള്ള ദൈവത്തിന്റെ കരങ്ങളിലേക്ക് തങ്ങളെത്തന്നെ എറിഞ്ഞുകൊടുത്ത ബെന്നി ചെറിയാന്റേയും കൂട്ടുകാരുടേയും സാഹസികമായ ഉദ്യമങ്ങളുടെ കഥ!

✸ ✸ ✸ ✸ ✸ ✸ ✸

മാനുഷിക ദൃഷ്ടിയിൽ വളരെ മാന്യമായ തന്റെ അഭിഭാഷക വൃത്തിയും ഉന്നതധനസമ്പാദനമാർഗ്ഗങ്ങളും ശക്തമായ സുഹൃത് വലയവും എല്ലാം വിട്ട് പുറംലോകവുമായി യാതൊരു ബന്ധവുമില്ലാത്ത നേപ്പാളിലെ ഹിമാലയൻ പ്രദേശത്ത് ഒരു മിഷണറിയായി പോയതിനെക്കുറിച്ച് ചോദിച്ചപ്പോൾ ബെന്നി പറഞ്ഞു: 'കർത്താവിനെ അറിഞ്ഞപ്പോൾ ലോകം തരുന്ന മഹത്വമെല്ലാം തികച്ചും അർത്ഥശൂന്യമായി തോന്നി.'

ഞാൻ ആദ്യമായി പരിചയപ്പെടുമ്പോൾ ബെന്നി ക്രിസ്തുവിന് വേണ്ടി വ്യക്തമായ ഒരു തീരുമാനമെടുത്തിരുന്നില്ല. ബെന്നിയുടെ സുഹൃത്തായ വിനോയിയാണ് എന്നെ സുൽത്താൻ ബത്തേരിയിലുള്ള ഓഫീസിൽ കൊണ്ടു പോയി

ബെന്നിയെ പരിചയപ്പെടുത്തിയത്. ബെന്നിക്ക് പ്രാക്റ്റീസിന്റെ തിരക്കുനിറഞ്ഞ നാളുകളായിരുന്നു അവ. ഞങ്ങൾ ചെന്നത് താരതമ്യേന അല്പം തിരക്കുകുറഞ്ഞ സമയത്തായിരുന്നതുകൊണ്ട് കുറേ സമയമിരുന്ന് ആത്മീയകാര്യങ്ങൾ സംസാരിക്കുവാൻ സാധിച്ചു. ബെന്നി എല്ലാം വളരെ ശ്രദ്ധയോടെ കേട്ടിരുന്നു. പിന്നെ കേസ് ഫയലുകൾ മേശയുടെ അരികിലേക്ക് മാറ്റിവെച്ചുകൊണ്ട് പറഞ്ഞു: ' എന്റെ ആശാനേ, സത്യം പറയട്ടെ, ഇതെല്ലാം ഒന്ന് വിട്ടിട്ട് കർത്താവിനെ അറിഞ്ഞിട്ടില്ലാത്ത ഏതെങ്കിലും ദേശത്ത് പോയി പ്രവർത്തിക്കണമെന്ന് എനിക്ക് വളരെ ആഗ്രഹമുണ്ട് '.

'ശരിയാ, മിക്കവാറും വക്കീൽ സാറ് പോകാൻ എല്ലാസാധ്യതയും കാണുന്നുണ്ട്...!', ഞാൻ മനസ്സിൽ ചിരിച്ചു; ഒരുവലിയ ഫലിതം കേട്ടാലെന്ന പോലെ.

പിന്നീട് ഇടക്കൊക്കെ ബെന്നിയെ കാണാനും സംസാരിക്കാനും കഴിഞ്ഞു. ഏറെതാമസിയാതെ ബെന്നി ക്രിസ്തുവിനു വേണ്ടി ഒരു ഉറച്ച തീരുമാനം എടുക്കുവാനിടയായി എന്ന് അറിഞ്ഞു. മീനങ്ങാടിയിലും പരിസരപ്രദേശങ്ങളിലുമായി സുവിശേഷയോഗങ്ങൾ നടത്തിയിരുന്ന തോമസ് മാഷിന്റെ പ്രസംഗങ്ങളാണ് ഒരു പൂർണ്ണ സമർപ്പണത്തിലേക്ക് വരുവാൻ ബെന്നിയെ സഹായിച്ചത്. താൻ അതുവരെയും പിൻതുടർന്ന് വന്ന വചനവിരുദ്ധമായ പാരമ്പര്യങ്ങളെയും അനുഷ്ഠാനങ്ങളെയും വിട്ട് ക്രിസ്തുവിന്റെ കർതൃത്ത്വത്തിന് പൂർണ്ണമായും കീഴ്പ്പെട്ട ഒരു പുതിയ ജീവിതത്തിലേക്ക് ദൈവം ബെന്നിയെ നടത്തി.

ആ നാളുകളിൽ, ' നീ ഇവരിലധികമായി എന്നെ സ്നേഹിക്കുന്നുവോ? എന്ന പത്രോസിനോടുള്ള കർത്താവിന്റെ ചോദ്യം ബെന്നിയുടെ ഹൃദയത്തിൽ മുഴങ്ങിക്കൊണ്ടിരുന്നു. കർത്താവിനു വേണ്ടി എന്തെങ്കിലും ചെയ്യണം, തനിക്കു വേണ്ടി പ്രാണൻ വെച്ചുതന്ന യേശുവിനു വേണ്ടി തന്റെ ജീവിതം പ്രയോജനപ്പെടണം. വിട്ടുമാറാതെ ഹൃദയത്തിൽ തങ്ങിനിന്ന ഈ ചിന്തകൾ പരമാവധി സമയം ആത്മീയ കാര്യങ്ങൾക്കുവേണ്ടി ചെലവഴിക്കുവാൻ ബെന്നിയെ പ്രേരിപ്പിച്ചു. സുവിശേഷമെത്തിയിട്ടില്ലാത്ത ദേശങ്ങളിലേക്ക് പോകുവാനുള്ള വെമ്പലായിരുന്നു ഹൃദയം നിറയെ. കോളേജ് വിദ്യാർത്ഥിയായിരുന്നപ്പോൾ യൂണിയൻ ഓഫ് ഇവാൻജലിക്കൽ സ്റ്റുഡൻസ് ഓഫ് ഇന്ത്യ (UESI) യുടെ ആന്ധ്രപ്രദേശിലെ ഒരു പിന്നോക്ക പ്രദേശത്ത് നടന്ന ഒരു ക്യാമ്പിൽ പങ്കെടുത്തതിന്റെ ഓർമ്മകൾ ബെന്നി എപ്പോഴും അയവിറക്കാറുണ്ടായിരുന്നു. ഇടക്കൊക്കെ ഞങ്ങൾ ഒരുമിച്ച് കർണ്ണാടക-തമിഴ്നാട് അതിർത്തിയിൽ സത്യമംഗലം വനത്തിന് സമീപമായുള്ള അരൽവാടി എന്ന കന്നട ഗ്രാമം സന്ദർശിക്കാൻ പോയിക്കൊണ്ടിരുന്നു. വളരെ പിന്നോക്കാവസ്ഥയിലുള്ള അർദ്ധപ്പട്ടിണിക്കാരുടെ ഒരു ഗ്രാമമാണത്. കർണ്ണാടകയിലെ ഉഡുപ്പിക്കടുത്ത് താമസിച്ച് കന്നടക്കാരുടെ ഇടയിൽ പ്രവർത്തിക്കുന്ന ജെയിംസ് വർഗ്ഗീസ് എന്ന സുവിശേഷകനാണ് കുറെവർഷങ്ങൾക്ക് മുമ്പ് ആദ്യമായി ഈ വിദൂരഗ്രാമത്തിൽ എത്തി സുവിശേഷം അറിയിച്ചത്. ഞാൻ അദ്ദേഹത്തോടൊപ്പം മുമ്പും പലതവണ വന്ന് ഈ ഗ്രാമത്തിൽ താമസിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രവർത്തനഫലമായി അനേകർ ഇവിടെ സുവിശേഷം കേൾക്കുവാനും ചിലരൊക്കെ ക്രിസ്തുവിൽ വിശ്വസിച്ച് മുമ്പോട്ട് വരുവാനും ഇടയായിട്ടുണ്ട്. അരൽവാടിയിലെ ജനങ്ങളുടെ അരിഷ്ടാവസ്ഥയും, എന്നാൽ ക്രിസ്തുവിനെ

അറിഞ്ഞ അപൂർവ്വം ചിലരിൽ ഉള്ള വലിയ പ്രത്യാശയും സ്നേഹവും ബെന്നി പ്രത്യേകം ശ്രദ്ധിക്കുവാനിടയായി. അരൽവാടി യാത്രകൾ ബെന്നിക്ക് എന്നും ഒരു പ്രചോദനമായിരുന്നു. ഒരുരാത്രിയിൽ, ഞങ്ങൾ അവിടെ പോയി തിരിച്ചുവരുമ്പോൾ ബെന്നിയുടെ കാറിന്റെ ടയർ പഞ്ചറായി മൈസൂർ വനത്തിൽ ഒരു കാട്ടാനയുടെ മുമ്പിൽ അകപ്പെട്ടു. ഞങ്ങൾക്കുനേരെ വന്ന ആ ഒറ്റയാന്റെ ആക്രമണത്തിൽ നിന്നും അന്ന് രക്ഷപ്പെട്ടത് ദൈവത്തിന്റെ അത്ഭുതകരമായ ഇടപെടൽ കൊണ്ട് മാത്രമായിരുന്നു.

ആയിടക്കാണ് നേപ്പാളിൽ മിഷണറി പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്ന എബി പൗലോസ് എന്ന ഒരു ചെറുപ്പക്കാരനെ കണ്ടുമുട്ടുവാൻ ബെന്നിക്കിടയായത്. വളരെ ദരിദ്രരാജ്യമായ നേപ്പാളിനെക്കുറിച്ചും അവിടെ ക്രിസ്തുവിനെക്കൂടാതെ വിഗ്രഹാരാധനയിലും കൊടിയ അന്ധവിശ്വാസങ്ങളിലും ജീവിച്ച് നശിച്ചുകൊണ്ടിരിക്കുന്ന ലക്ഷക്കണക്കിന് ജനങ്ങളെക്കുറിച്ചും എബി പറഞ്ഞു കേട്ടത് ബെന്നിയെ ആഴമായി സ്പർശിച്ചു. താമസിയാതെ നേപ്പാൾ സന്ദർശിക്കുവാനായി പോയ ബെന്നി ഏതാനും ആഴ്ചകൾക്ക് ശേഷം തിരിച്ചെത്തിയത് കുടുംബസമേതം നേപ്പാളിലേക്ക് ഒരു മിഷണറിയായി പോകുവാനുള്ള തീരുമാനവുമായാണ്. കാര്യമറിഞ്ഞ മാതാപിതാക്കളും ബന്ധുമിത്രാദികളും എന്തിനധികം വിശ്വാസികൾ പോലും നഖശിഖാന്തം എതിർത്തു. വളരെ ബുദ്ധികെട്ട തീരുമാനമായി എല്ലാവരും അതിനെ വിശേഷിപ്പിച്ചു. വല്ലവിധേനയും ബെന്നിയെ ആ തീരുമാനത്തിൽ നിന്നും പിന്തിരിപ്പിക്കാൻ  എല്ലാവരും നോക്കി. വളരെ നല്ലൊരു പ്രൊഫഷനും മറ്റെല്ലാ സൗകര്യങ്ങളും വലിച്ചെറിഞ്ഞു പോകേണ്ടതായ വല്ല ആവശ്യമുണ്ടോ? സ്വന്തം നാട്ടിൽത്തന്നെ ധാരാളം സുവിശേഷപ്രവർത്തനങ്ങൾ നടത്താൻ സാധിക്കുമ്പോൾ പിന്നെയെന്തിനാണ് ഇത്രയും അകലേക്ക്, അതും സുവിശേഷ പ്രവർത്തനങ്ങൾ നിരോധിച്ചിട്ടുള്ള, തീവ്രവാദികൾ നിറഞ്ഞ, നേപ്പാളിലേക്ക് പോകുന്നത്? എല്ലാവരും ഒരു ബുദ്ധിശൂന്യതയെന്നും മുഴുത്ത ഭ്രാന്തെന്നും പറഞ്ഞ് പഴിച്ചെങ്കിലും ബെന്നി തന്റെ തീരുമാനത്തിൽ ഉറച്ച് നിന്നു. ഉദ്യോഗത്തിനും ധനസമ്പാദനത്തിനുമായി നമ്മുടെ നാട്ടിൽനിന്നും അനേകായിരം പേർ ലോകത്തിന്റെ അറ്റങ്ങൾ വരെയും പോകുന്നുണ്ടല്ലോ. അതിലുമെത്രയോ ശ്രേഷ്ഠവും അത്യാവശ്യവുമുള്ളതല്ലേ സുവിശേഷമെത്തിയിട്ടില്ലാത്ത നാടുകളിലേക്ക് ക്രിസ്തുവിനു വേണ്ടി പോകുന്നത്? ബെന്നിയുടെ ചോദ്യത്തിനു പക്ഷെ ആർക്കും ഉത്തരമുണ്ടായിരുന്നില്ല. ആ നാളുകളിൽ ബെന്നിയുടെ ഭവനം ഒരുമരണവീടുപോലെ മൂകമായിരുന്നു. എപ്പോഴും ഉയർന്നിരുന്നത് നെടുവീർപ്പുകൾ മാത്രം.....!

എന്തായാലും ബെന്നി തന്റെ യാത്രയ്ക്കുള്ള ഒരുക്കങ്ങൾ എല്ലാം പൂർത്തിയാക്കി. പോകുന്നതിന്റെ ഒന്നുരണ്ടു ദിവസം മുമ്പ് ഞാൻ ബെന്നിയെ കാണുവാൻ പോയി. മീനങ്ങാടി ചന്തയുടെ അടുത്തുവച്ച് ഞങ്ങൾ കണ്ടുമുട്ടി. ബെന്നി ആ ദിവസങ്ങളിൽ അനുഭവിച്ചുകൊണ്ടിരുന്ന മാനസികസംഘർഷം മുഖത്ത് വ്യക്തമായിരുന്നു. ഞങ്ങൾ ഒരു കൊച്ചുഹോട്ടലിൽ കയറി ചായകുടിച്ച് സംസാരിച്ചിരുന്നു. വില്യം കേറി ഇന്ത്യയിലേക്ക് സുവിശേഷവുമായി വരുവാനുള്ള തന്റെ ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ അദ്ദേഹത്തിന് ലഭിച്ച പ്രതികരണങ്ങൾ എന്തൊക്കെയായിരുന്നു എന്ന് ഞാൻ ബെന്നിയോട് പറഞ്ഞു. എന്നാൽ കേറി ആ പ്രതി

കരണങ്ങൾ കേട്ട് പിന്തിരിഞ്ഞു എങ്കിൽ സംഭവിക്കുമായിരുന്ന നഷ്ടം എത്ര വലുതാകുമായിരുന്നു. ദൈവത്തിൽ മാത്രം ആശ്രയിച്ച് എല്ലാ തടസ്സങ്ങളെയും അവഗണിച്ചുകൊണ്ട് വില്യം കേറി ഇന്ത്യയിലേക്ക് വന്നു. ആധുനീക മിഷണറി പ്രവർത്തനങ്ങളുടെ പിതാവ് എന്ന് അറിയപ്പെടത്തക്ക വിധത്തിൽ വളരെ മഹത്തായ രീതിയിൽ ദൈവം കേറിയെ ഉപയോഗിക്കുകയും ചെയ്തു. വില്യം കേറിയുടെ അനുഭവത്തെക്കുറിച്ച് കേട്ട് ബെന്നി കർത്താവിൽ ബലപ്പെട്ടു. ഞങ്ങൾ യാത്രപറഞ്ഞു പിരിഞ്ഞു. 2000, ഏപ്രിൽ 24-ന് രാവിലെ ബെന്നി ഭാര്യ ജെസ്സിയേയും നാലുവയസ്സുള്ള മകൾ അശ്വതിയെയും കൂട്ടി നേപ്പാളിലേക്ക് യാത്രതിരിച്ചു. ബെന്നിയെ യാത്രയയക്കാൻ ഞാൻ പോയില്ല. ദീർഘമായ ഒരു കത്തെഴുതി കൊടുത്തുവിടുക മാത്രം ചെയ്തു. ചില മാസങ്ങൾക്ക് ശേഷമാണ് എനിക്ക് ബെന്നിയുടെ ആദ്യത്തെ കത്ത് കിട്ടുന്നത്. നേപ്പാളിലെ ടിക്കാപ്പൂർ എന്ന സ്ഥലത്തുള്ള ഒരു മിഷൻ സ്കൂളിൽ പഠിപ്പിക്കുകയും അവിടെയുള്ള സുവിശേഷപ്രവർത്തനങ്ങളിൽ വ്യാപൃതനാവുകയും ചെയ്യുന്നു എന്നറിഞ്ഞു. ബെന്നിയുടെ ആദ്യകത്തിലെ അല്പഭാഗങ്ങൾ താഴെക്കൊടുത്തിരിക്കുന്നു:

'....സഹോദരൻ കൊടുത്തുവിട്ട എഴുത്താണ് ട്രെയിനിൽ കയറിയിട്ട് ആദ്യമായി വായിച്ചത്. വലിയ സന്തോഷവും ബലവും തോന്നി....സഹോദരൻ കത്തിലെഴുതിയിരുന്നതുപോലെ കർത്താവിനോടൊപ്പമുള്ള യാത്ര വളരെ സുരക്ഷിതവും ആനന്ദകരവുമായിരുന്നു. യാതൊരു തടസ്സവും എവിടെയുമില്ലാതെ വ്യാഴാഴ്ച വളരെ സുഖമായി കൃത്യസമയത്തിലും നേരത്തെ ഇവിടെ എത്തിച്ചേർന്നു. യാത്രയിലെല്ലാം കർത്താവിന്റെ ഏറ്റവും അടുത്ത സാന്നിദ്ധ്യം അനുഭവിക്കാനിടയായി. രണ്ടാം ദിവസം വൈകുന്നേരം ട്രെയിനിൽ വച്ച് മോൾക്ക് വളരെപ്പെട്ടെന്ന് ശ്വാസതടസ്സം അനുഭവപ്പെട്ടു. ശ്വാസം കിട്ടാതെ മോൾ ഉരുണ്ട് കിടന്ന് കരയാൻ തുടങ്ങി. ഓടിക്കൊണ്ടിരിക്കുന്ന ട്രെയിനിൽ എന്തുചെയ്യാൻ? മോളെ തോളിലേക്കിട്ട് നമ്മുടെ കർത്താവിനോട് പ്രാർത്ഥിച്ചു. ബെർത്തിൽ മുട്ടുകുത്തി ജെസ്സിയും. മൂന്ന് മിനിറ്റ് പോലും മറുപടിക്കായി കാത്തിരിക്കേണ്ടിവന്നില്ല. മോൾക്കുവന്ന അസുഖം എവിടേക്ക് പോയെന്നുപോലും അറിഞ്ഞില്ല. മോൾ കളിക്കാനും, പാടാനും ചാടാനും തുടങ്ങി.

മൂന്ന് ദിവസം മുമ്പ് നടന്ന ഒരു സംഭവം പറയട്ടെ. ഇവിടെ പാമ്പുകൾ വളരെയുള്ള ഒരു സ്ഥലമാണ്. ജെസ്സി വൈകുന്നേരം കുളിമുറിയിലിരുന്ന ഒരു ചൂലെടുത്തപ്പോൾ കയ്യിലൊരു വഴുവഴുപ്പ്. പെട്ടെന്ന് കൈവലിച്ചപ്പോഴാണ് ഒരു ഇടത്തരം അണലിക്കുഞ്ഞിനെയാണ് താൻ പിടിച്ചതെന്ന് മനസ്സിലായത്. പിന്നീടതിനെ എല്ലാവരും കൂടെ തല്ലിക്കൊന്നു.

ഞങ്ങൾ ഇവിടെ വന്നിട്ട് ഈ അടുത്ത ദിവസം വരെയും മോൾക്ക് മാറി മാറി ഓരോ അസുഖങ്ങളായിരുന്നു. ഇവിടെയെങ്ങും ഒരു M.B.B.S ഡോക്ടറുള്ളതായിട്ട് അറിവില്ല. എല്ലാവരും ഒരുവർഷത്തെ ട്രെയിനിംഗ് കഴിഞ്ഞ 'ഉടൻ കൊല്ലി' ഡോക്ടേഴ്സാണ്. ഒരുത്തരുടെ അടുത്തും പോകാൻ കർത്താവ് ഇടം തന്നില്ല. കഴിഞ്ഞ മൂന്നര ആഴ്ചക്കാലം ദിവസവും അഞ്ചും ആറും പ്രാവശ്യം ചോരയും കഫവും പൊയ്ക്കൊണ്ടിരുന്നു. ഇപ്പോൾ കർത്താവ് സൗഖ്യം തന്നു. ഞാനെന്റെ കാര്യങ്ങൾ എഴുതി നിറയ്ക്കുകയാണല്ലേ. നമ്മുടെ സുഖദു:ഖങ്ങൾക്കൊന്നും വലിയ പ്രാധാന്യം ഇല്ലല്ലോ. യുദ്ധത്തിന് ഇറങ്ങിയ

ഭടൻ യുദ്ധം ചെയ്ത് മുന്നേറുന്നുണ്ടോ എന്നതല്ലേ പ്രധാനം. അവിടെ അവന്റെ തലവേദനയ്ക്കും കാലുവേദനയ്ക്കും എന്തു പ്രാധാന്യം?

ഭാഷാപഠനം, ബൈബിൾ പഠനം, സ്കൂൾ കാര്യങ്ങൾ, വില്ലേജിലെ യോഗം, ആരാധന ഇതെല്ലാമാണ് ഇപ്പോഴത്തെ ഞങ്ങളുടെ പരിപാടികൾ. ഇവിടെ ടാറിട്ട റോഡുകളില്ല. വില്ലേജുകൾ വളരെ ദൂരെയാണ്. വില്ലേജിൽ പോകുവാനായി ഒരു സൈക്കിൾ വാങ്ങിച്ചു. ജെസ്സി പിറകിലും, മോൾ മുന്നിലുമായി ഞങ്ങൾ നടത്തുന്ന സൈക്കിൾസവാരി സഹോദരന് മനസ്സിൽ കാണാമോ? കർത്താവിന്റെ കരങ്ങളിൽ എറിഞ്ഞുകൊടുത്തുള്ള ജീവിതം എത്ര സന്തോഷകരവും ആനന്ദദായകവുമാണെന്ന് സഹോദരനറിയാമല്ലോ.'

ടിക്കാപ്പൂരിൽ ആയിരുന്ന കാലത്താണ് നേപ്പാളിലെ വളരെ പിന്നോക്കമായുള്ള ഹിമാലയൻ പ്രദേശമായ ജുംലയെക്കുറിച്ച് അറിയുവാൻ ബെന്നിക്കിടയായത്. കർത്താവ് തന്നെ ജുംലയിലേക്ക് വിളിക്കുന്നതായി ബെന്നിക്ക് ബോധ്യമായി. ഇതിനിടക്ക് വളരെ അവിചാരിതമായി ഒരു ജുംലക്കാരനെ കണ്ടുമുട്ടുവാനിടയാകുകയും ചെയ്തു. 2001, ഫെബ്രുവരിയിൽ ബെന്നി ജുംല സന്ദർശിച്ചു. മഞ്ഞ് വീണുറഞ്ഞു കിടക്കുന്ന ജുംലതാഴ്വര! പുറംലോകവുമായുള്ള ഏകബന്ധം വല്ലപ്പോഴുമുള്ള കൊച്ചുവിമാനങ്ങൾ മാത്രം. ജുംലയിലെ, അന്ന് ടാർ ചെയ്ത റൺവേ പോലുമില്ലാത്ത, എയർപ്പോർട്ടിൽ ഇറങ്ങിയപ്പോൾ, ഒരുനേരത്തെ ആഹാരത്തിന് വകയുണ്ടാക്കുന്നതിനായി കൊടുംതണുപ്പിലും ലഗ്ഗേജ് ചുമക്കുവാൻ ഓടിക്കൂടിയ,കീറിപ്പറിഞ്ഞ വസ്ത്രം ധരിച്ച അനാഥക്കുട്ടികൾ....! മാവോ തീവ്രവാദികളുടെ ശക്തികേന്ദ്രമായ, മിക്കപ്പോഴും വെടിവെയ്പും രക്തച്ചൊരിച്ചിലും നടക്കുന്ന, അപരിചിതത്വം നിറഞ്ഞ ജുംലാ താഴ്വര. ശരിക്കും ഒരു മരണനിഴലിൻ താഴ്വര തന്നെ.

ഒരുവർഷത്തിന് ശേഷം നാട്ടിൽ വന്ന ബെന്നി ജുംലയിലേക്ക് പോകുവാനുള്ള തന്റെ ആഗ്രഹം പറഞ്ഞു. ഹിമാലയപർവ്വതനിരകളിലെവിടെയോ ഉള്ള, പുറം ലോകത്ത് നിന്നും ഒറ്റപ്പെട്ട് കിടക്കുന്ന ആ സ്ഥലത്തെപ്പറ്റി അപ്പോൾ ഞങ്ങൾക്ക് ലഭിച്ച ചിത്രം വളരെ അവ്യക്തമായിരുന്നു. അല്പനാളുകൾ നാട്ടിൽ ചിലവഴിച്ച ശേഷം ബെന്നിയും കുടുംബവും നേപ്പാളിലെ ജുംലയിലേക്ക് യാത്ര തിരിച്ചു. 2001, ജൂലൈ 7-ന് അവർ ജുംലയിൽ എത്തി. എയർപ്പോർട്ടിൽ സ്വീകരിക്കുവാൻ ആരുമില്ല. താമസിക്കുവാൻ ഒരു സ്ഥലവുമില്ല. ജുംലബസാറിലെ ഒരു കൊച്ചു മുറി വൈകുന്നേരമായപ്പോഴേക്കും ലഭിച്ചു. ആ കൊച്ചുമുറിയിൽ ഭക്ഷണം പാകം ചെയ്ത് കഴിച്ച് അവർ കുടുംബമായി താമസം തുടങ്ങി.

ഇനിയെന്താണ് ചെയ്യേണ്ടതെന്ന് യാതൊരു രൂപവുമില്ല. എവിടെ തുടങ്ങണം? എങ്ങനെ തുടങ്ങണം? എല്ലാറ്റിനും കർത്താവിന്റെ മുഖത്തേക്ക് നോക്കുകതന്നെ! ജുംലയിൽ എത്തിയ ശേഷം ബെന്നി എഴുതിയ ഒരു കത്ത് ആരുടേയോ കയ്യിൽ കൊടുത്തുവിട്ട് ഇന്ത്യയിൽ പോസ്റ്റ് ചെയ്ത് വളരെ നാളുകൾക്ക് ശേഷം എനിക്കു ലഭിച്ചു. ജുംലയിലെ ആദ്യനാളുകളെക്കുറിച്ച് വ്യക്തമായ ഒരു ചിത്രം ഈ കത്ത് നൽകുന്നുണ്ട് :

'യഹോവ നിന്നെ എല്ലായ്പോഴും നടത്തുകയും വരണ്ടനിലത്തിലും നിന്റെ വിശപ്പ് അടക്കി നിന്റെ അസ്ഥികളെ ബലപ്പെടുത്തുകയും ചെയ്യും' (യെശയ്യാവ് 58: 11). നമ്മുടെ അത്ഭുതവാനായ ഈ കർത്താവ് ജുംലയിലും ഞങ്ങളെ അത്ഭുതത്തോടെ പോറ്റിപ്പുലർത്തി വഴിനടത്തുന്നു. ആ കർത്താവിന്റെ മകനാകാനും

അവന്റെ വേലക്കാരനാകാനും എനിക്ക് ലഭിച്ച ഭാഗ്യത്തെ ഓർത്താൽ എത്രസ്തുതിച്ചാലും മതിയാകുകയില്ല. ഞങ്ങളുടെ ഇവിടേക്കുള്ള യാത്ര ദുഷ്കരവും ഒത്തിരി തടസ്സങ്ങൾ നിറഞ്ഞതുമായിരുന്നു. പ്രതീക്ഷിച്ചതിലും നാലുദിവസം വൈകിയാണ് ഇവിടെ എത്തിയത്. സാത്താൻ തടയിടുവാനുള്ള തന്ത്രങ്ങളെല്ലാം പയറ്റുകയായിരുന്നു. അന്ധകാരത്തിന്റെ വലിയ ശക്തി വ്യാപരിക്കുന്ന ഒരു ദേശമാണിത്. ആത്മീയ പോരാട്ടം കുറെക്കൂടി വ്യക്തമായി വരുന്നത് ഇവിടെ നിന്നുമാണ്. വഴിയിൽ വെച്ചും ഇവിടെ വന്നിട്ടും തിരികെവന്ന് കർണ്ണാടകത്തിലോ ഇന്ത്യയിൽ മറ്റെവിടെയെങ്കിലുമോ ഒരു വേല തുടങ്ങിയാലോ എന്ന് പലവട്ടം ചിന്തിച്ചതാണ്. അത്രമാത്രം നിരാശയും തടസ്സങ്ങളുമായിരുന്നു. വല്ലഭനായ കർത്താവിന്റെ വഴി നടത്തലും നീക്കുപോക്കുകളും സകലബുദ്ധിയേയും കവിയുന്ന സമാധാനവും ഞങ്ങളെ ഇവിടെ നിലനിർത്തുന്നു.

മാവോതീവ്രവാദികളുടെ പ്രവർത്തനം ഇവിടെ അതിരൂക്ഷമാണ്. ഞങ്ങൾ വന്നതിന്റെ മൂന്നാം നാൾ രാത്രി എട്ട് മണിക്ക് സൈന്യവും മാവോവാദികളും തമ്മിൽ വെടിവെയ്പ് നടന്നു. ചെകിടടപ്പിക്കുന്ന വെടിവെയ്പിന്റെ ശബ്ദത്തിൽ ശ്വാസമടക്കിപ്പിടിച്ച് എട്ട് മണിക്ക് തന്നെ ഞങ്ങൾ ഉറങ്ങാൻ കിടന്നു. അന്ന് നമ്മളെ കാട്ടാനയുടെ മുന്നിലിട്ട് ട്രെയിനിംഗ് തന്നതിന്റെ ഗുട്ടൻസ് ഇപ്പോഴല്ലേ മനസ്സിലാകുന്നത്.

15 വർഷം മുമ്പ് ഇവിടെ വന്ന വിദേശമിഷണറിമാരുടെ സാധനങ്ങളും പണവും കണ്ട് ക്രിസ്ത്യാനികളായ വിരലിലെണ്ണാവുന്നവരാണ് ഇവിടെ ഇപ്പോഴുള്ള വിശ്വാസികൾ. അവർ അവിശ്വാസികളിലും കഷ്ടമായാണ് ജീവിക്കുന്നത്. അവരെ ഒന്ന് ഉണർത്തിക്കൊണ്ട് വരുവാനുള്ള ശ്രമത്തിലാണ് ഞങ്ങൾ ഇപ്പോൾ.

മദ്യപാനത്തിലും വ്യഭിചാരത്തിലും ആഭിചാരങ്ങളിലും മുഴുകി ദാരിദ്ര്യത്തിൽ കഴിയുന്ന ഒരുകൂട്ടം ജനങ്ങളാണ് ഇവിടെയുള്ളത്. ദിവസം ഒരുനേരം പോലും ഭക്ഷണം കഴിക്കാനില്ലാത്തവർ. വിശപ്പും തണുപ്പും മൂലം ചത്തൊടുങ്ങുന്ന അനേകർ. ഇവിടെ വന്നിട്ട് ഭക്ഷണം കഴിക്കുമ്പോഴെല്ലാം നിറകണ്ണുകളോടെ കർത്താവിന് നന്ദി പറയാൻ ഞങ്ങൾക്ക് കഴിയുന്നു. ഓരോ ദിവസവും പുറത്തിറങ്ങി ഗ്രാമങ്ങളിൽ പോയി മടങ്ങുന്നത് വലിയ ഭാരത്തോടെയാണ്. യെഹസ്കേൽ പ്രവാചകനോട് കർത്താവ് ചോദിച്ചതുപോലെ ഞാൻ കർത്താവിനോട് ചോദിക്കാറുണ്ട്- 'കർത്താവേ, ഈ അസ്ഥികൾ ജീവിക്കുമോ' എന്ന്. ഈ ജനത്തിനായി കണ്ണുനീരോടെ പ്രാർത്ഥിക്കുവാൻ കർത്താവ് ഈ ദിവസങ്ങളിൽ കൃപ തരുന്നു. ഇവിടെ വന്നിട്ട് ഞാൻ കൂടുതലായി മനസ്സിലാക്കിയ മറ്റൊരു സത്യം, നശിച്ചുപോകുന്ന ആത്മാക്കളെക്കുറിച്ച് ഭാരമുള്ള ദൈവമക്കൾക്ക് ഈ ലോകത്തിൽ ഒത്തിരിയൊന്നും സന്തോഷിക്കുവാൻ കഴിയില്ല എന്നതാണ്. ജുംലയെ ഓർത്ത് കണ്ണുനീരൊഴുക്കുവാൻ സഹോദരൻ അനേകരെ പ്രോത്സാഹിപ്പിക്കുമല്ലോ... .

ഇവിടുത്തെ കുഷ്ഠരോഗാശുപത്രിയിലെ ഡോക്ടർ ഒഴികെ മറ്റെല്ലാ വിദേശികളെയും മാവോകൾ പറഞ്ഞയച്ചു. അവരുടെ ഓഫീസുകൾ കൊള്ളയടിച്ചു. വിദേശികളായ ഞങ്ങൾക്കും ഇവിടെ ഏറെക്കാലം നിൽക്കാൻ കഴിയില്ല. വിദേശികളുടെ സഹായത്തോടെ നേപ്പാളിന് പുരോഗതി വേണ്ടെന്നും, ക്രിസ്തീയമതം-സാമ്രാജ്യത്വമതം-പ്രചരിപ്പിക്കരുതെന്നുമാണ് അവരുടെ പോളിസി.

ഇതിനിടയിൽ മാവോകൾക്ക് ഉപദേശം കൊടുത്തിരുന്ന ഒരു വക്കീലിനെ

(മൂന്ന് വക്കീലന്മാരും ജില്ലാ കോടതിയും ഇവിടെയുണ്ട്. ഇപ്പോൾ കേസൊന്നുമി ല്ല. കേസ്സെല്ലാം തീർക്കുന്നത് മാവോകളാണ്-ജനകീയ വിചാരണയിലൂടെ) ഞാൻ പരിചയപ്പെട്ടു. ജുംലയിൽ മരിച്ച് ജീവിക്കുന്ന നൂറുകണക്കിന് അനാഥക്കുഞ്ഞു ങ്ങളെക്കുറിച്ച് ഞാൻ പറഞ്ഞു. (നേപ്പാളിൽ ഏറ്റവും കൂടുതൽ അനാഥകുഞ്ഞു ങ്ങളുള്ള സ്ഥലമാണ് ജുംലാ) അവർക്കായി എന്തെങ്കിലും ചെയ്യുന്നതിന്, അവരെ സ്നേഹിക്കുന്നതിന്, മാവോകൾക്ക് എതിരുണ്ടോയെന്നും ചോദിച്ചു. അല്പം ഹൃദയമുണ്ടായിരുന്ന അദ്ദേഹം തന്റെ എല്ലാ സഹായങ്ങളും ഇക്കാര്യത്തിൽ വാഗ്ദത്തം ചെയ്തു. ഒത്തിരി മീറ്റിംഗുകൾക്ക് ശേഷം വിഷ്ണുതിമിൽ സിഹന എന്ന ഈ വക്കീൽ അദ്ധ്യക്ഷനായി ഏഴ് അംഗ ട്രസ്റ്റ് രൂപീകരിച്ചു. ഇവിടെ ഒരു അനാഥശാല തുടങ്ങാനുള്ള എല്ലാ പ്രാദേശിക പിൻതുണയും നമുക്ക് തരാമെ ന്നേറ്റു. തുടക്കത്തിൽ ആറ് കുഞ്ഞുങ്ങളെ ആദ്യം എടുത്തുകൊണ്ട് അനാഥ ശാല തുടങ്ങാമെന്ന് കരുതുന്നു. 'മായാസദൻ'(സ്നേഹഭവൻ- നേപ്പാളി ഭാഷ യിൽ 'മായ'എന്നാൽ സ്നേഹം എന്നാണർത്ഥം) എന്ന് ഞാനതിനു പേരുമിട്ടു. ഇപ്പോഴും ഇവിടുത്തെ വിശ്വാസികളുടെ ഭാഗത്തു നിന്നു പോലും ഇതിന് തടസ്സ ങ്ങൾ ഉണ്ട്. ഇത് തുടങ്ങാതിരിക്കാൻ സാത്താനും പരമാവധി പ്രവർത്തിക്കുന്നു.

മായാസദൻ വന്നു കഴിഞ്ഞാൽ നമ്മുടെ പ്രവർത്തനത്തിന് ഇത് ഒരു ഓപ്പ ണിംഗ് ആയിരിക്കും. മാവോകളുടെ ഭാഗത്തു നിന്നും പ്രതികൂലങ്ങൾ ഉണ്ടാകി ല്ല. മായാസദനെ ഓർത്ത് പ്രാർത്ഥിക്കുമല്ലോ. ഇത്ര ചെലവേറിയ ഈ സ്ഥലത്ത് ഇതെങ്ങനെ നടത്തിക്കൊണ്ട് പോകുമെന്ന് എനിക്കറിയില്ല. ജോർജ്ജ് മുള്ളറെ നടത്തിയ കർത്താവ് ഞങ്ങളെയും നടത്തുമെന്ന ഉറച്ചവിശ്വാസം എനിക്കുണ്ട്....'

ജുംലയിൽ മായാസദനായി സൗകര്യപ്രദമായ ഒരു വീട് ലഭിച്ചു. ബസാറിൽ നിന്നും രണ്ട് കിലോമീറ്റർ അകലെ ഒരു പഴയ വീടും മറ്റൊരു പുതിയ വീടുമുള്ള ഒരു നല്ല കോമ്പൗണ്ട്. പഴയ വീട് മാത്രമേ തുടക്കത്തിൽ വാടകയ്ക്കെടുത്തു ള്ളൂ. (പിന്നീട് കുട്ടികൾ വർദ്ധിച്ചപ്പോൾ പുതിയ വീടും കോമ്പൗണ്ട് മുഴുവനും വാടകക്ക് എടുക്കേണ്ടിവന്നു)

അനേകഗ്രാമങ്ങളിൽ കയറിയിറങ്ങി ഏറ്റവും ആവശ്യഘട്ടത്തിലുണ്ടായി രുന്ന, തികച്ചും അനാഥരായ ആറ് കുട്ടികളെ മാത്രം എടുത്ത് 2001, ആഗസ്റ്റ് 27-ന് ജുംലയിലെ മായാസദൻ ആരംഭിച്ചു. ആറു കുട്ടികളിൽ കൂടുതൽ വളർത്താൻ പറ്റാത്ത സ്ഥിതിയായിരുന്നു തുടക്കത്തിൽ. ഒരു വർഷം മിഷൻ സ്കൂളിൽ ജോലിചെയ്ത് ലഭിച്ച പണവും ചുരുക്കം ചില വിശ്വാസികൾ നൽകിയ ദാനങ്ങളും മാത്രമാണ് ബെന്നിയുടെ കൈവശമുണ്ടായിരുന്നത്. വളരെ ഉയർന്ന ജീവിതച്ചെലവുള്ള ജുംലയിൽ, കയ്യിലുണ്ടായിരുന്ന പണ മെല്ലാം വളരെ വേഗം തീർന്നു. പിന്നെ കുറെ നാളുകൾ ജുംലാബസാറിൽ മുതിർന്ന കുട്ടികൾക്ക് ഇംഗ്ലീഷ് ട്യൂഷൻ എടുത്ത് അല്പം പണം സമാഹരി ക്കാൻ ശ്രമിച്ചു. ഭക്ഷണം വളരെ മിതമായി മാത്രം. ഒരു കിലോഗ്രാമിന് 70 രൂപ മുതൽ 110 രൂപ വരെ വിലവരുന്ന പഞ്ചസാര മുതലായവയൊക്കെ അവർക്ക് വളരെ വിരളമായേ വാങ്ങാൻ സാധിച്ചിരുന്നുള്ളൂ. മിക്കവാറും ഭക്ഷ ണവും കറിയുമെല്ലാം ജുംലയിൽ വിലകുറഞ്ഞുകിട്ടുന്ന ഉരുളകിഴങ്ങ് തന്നെ! വള രെക്കുറച്ച് മാത്രം ഭക്ഷണം കഴിച്ച് കൊടും തണുപ്പിൽ ആവശ്യത്തിന് കമ്പിളി വസ്ത്രങ്ങൾ ഇല്ലാതെ കഴിച്ചു കൂട്ടിയ ആ നാളുകൾ വിശ്വാസത്തിന്റെയും ദൈവാ ശ്രയത്വത്തിന്റെയും ഒരു വലിയ പരിശോധന തന്നെയായിരുന്നു. എങ്കിലും അത് അവരെ കൂടുതൽ ശക്തരാക്കിയതേയുള്ളൂ. ■

# 10. കണ്ണുനീരോടെ വിതച്ചാൽ...

മായാസദൻ ആരംഭിച്ച് ഒരു മാസം കഴിഞ്ഞപ്പോൾ എല്ലാദിവസവും രാവിലെ പ്രാർത്ഥനയും ബൈബിൾക്ലാസ്സും ആരംഭിച്ചു. പല സമീപവാസികളും പതിവായി പ്രസ്തുത മീറ്റിംഗിന് മായാസദനിൽ വന്നു തുടങ്ങി. മാലാവീട് എന്ന ഗ്രാമത്തിൽ നിന്ന് പഥംദായിയും ഭാര്യ പത്മദീദിയും ആദ്യമായി കർത്താവിൽ വിശ്വസിച്ച് മുമ്പോട്ട് വന്നു. പലവിധ രോഗങ്ങളിലും ഭയങ്ങളിലും സാത്താന്യ ബന്ധനങ്ങളിലും കുടുങ്ങി ജീവിച്ചിരുന്ന പലരും തങ്ങളെ വിടുവിക്കാൻ ശക്തനായ ജീവിക്കുന്ന രക്ഷകനെ കണ്ടെത്തി. തലമുറകളായി അവരുടെ ഹൃദയത്തിൽ അടിഞ്ഞുകൂടിയിരുന്ന ആത്മീയ അന്ധകാരം ക്രിസ്തുവിന്റെ വചനം തുടച്ചു നീക്കി. രക്ഷയുടെ ഉല്ലാസവും പരിശുദ്ധാത്മാവിന്റെ ഫലവും നിറഞ്ഞ വ്യക്തി ജീവിതങ്ങൾ അങ്ങനെ ജുംലയിലും ഉണ്ടായി.

2002 ജനുവരിയിൽ ശിമോൻ എന്ന നേപ്പാളി സഹോദരനെ മുമ്പിൽ നിറുത്തി ജുംലബസാറിൽ സഭായോഗം ആരംഭിച്ചു. നേപ്പാളിൽ പൊതു ഒഴിവ് ശനിയാഴ്ചയാണ്. അതുകൊണ്ട് സഭായോഗങ്ങളും ശനിയാഴ്ചതന്നെ. പലരും പിന്നീട് കർത്താവിൽ വിശ്വസിച്ച് സ്നാനം സ്വീകരിച്ചു. വിശ്വാസികളായി തീർന്നവർക്ക് തങ്ങളുടെ ഗ്രാമക്കാരിൽ നിന്നും പല എതിർപ്പുകളും ഭീഷണികളും നേരിടേണ്ടിവന്നു എങ്കിലും അവർ തങ്ങളുടെ കർത്താവിൽ ആശ്രയിച്ച് ഉറച്ചുനിന്നു.

2002 മാർച്ചിൽ ബെന്നിയും കുടുംബവും നാട്ടിലേക്ക് വന്നു. ബെന്നിയുടെ രൂപം ആകെ വ്യത്യാസപ്പെട്ടിരുന്നു. മെലിഞ്ഞ് ആകെ ഒരു പട്ടിണിക്കോലം പോലെ! പ്രായവും വളരെ കൂടിയതുപോലെ. ജുംലയിൽ 30 വയസ്സു കഴിഞ്ഞവരിൽപ്പോലും വാർദ്ധക്യലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുമെന്ന് പിന്നീടറിഞ്ഞു. മുപ്പത്തിനാലുകാരനായ ഒരു യുവാവിന്റെ രൂപമായിരുന്നില്ല ബെന്നിയുടേത്. അവശനായ ഒരു വൃദ്ധന്റേതുപോലുള്ള ആ അവസ്ഥകണ്ട് പലരും മൂക്കത്ത് വിരൽ വച്ചു. എങ്കിലും ബെന്നിയുടെ മുഖത്ത് ഒരു പരാജിതന്റെ ഭാവമല്ല ഒരു രാജ്യം കീഴടക്കിയവന്റെ ആഹ്ലാദവും സംതൃപ്തിയുമായിരുന്നു ഉണ്ടായിരുന്നത്. ആ പ്രാവശ്യം നാട്ടിൽ വന്നപ്പോൾ ജുംലയിലെ പ്രവർത്തനങ്ങളിൽ സഹായിക്കുവാൻ മറ്റൊരു കുടുംബത്തെക്കൂടി കർത്താവ് നൽകി- ഹാബേലും ഭാര്യ എലിസബെത്തും. ജുംലയിലെ പ്രവർത്തനങ്ങളെപ്പറ്റി കേട്ടറിഞ്ഞപ്പോൾ മീനങ്ങാടിയിൽ ബെന്നിയുടെ വീടിനടുത്തുള്ള ഈ കർഷക കുടുംബം വിദൂരമായ ജുംല

യിലേക്ക് പോകുവാൻ തയ്യാറായി. അവർ, സ്കൂളിൽ പഠിച്ചുകൊണ്ടിരുന്ന തങ്ങളുടെ രണ്ടു മക്കളെയും ബന്ധുക്കളുടെ വീട്ടിലാക്കിയിട്ട് 2002 മെയ് മാസത്തിൽ ബെന്നിയോടും കുടുംബത്തോടും കൂടെ ജുംലയിലേക്ക് പോയി.

ബെന്നിയുടെ അടുത്ത ലക്ഷ്യം നേപ്പാളിലെ ഏറ്റവും ദരിദ്രജില്ല എന്നറിയപ്പെടുന്ന മുകു ആയിരുന്നു. ജുംലയിൽ നിന്നും മലകളും താഴ്‌വരകളും താണ്ടി രണ്ട് ദിവസത്തെ വഴിദൂരം നടന്നാൽ മുകുവിലെത്താം. 2002 ജൂലൈയിൽ ബെന്നി മുകുവിലെത്തി. മുകുക്കാരായ ചിലരെ സംഘടിപ്പിച്ച് മായാസദൻ മുകുവിന്റെ കമ്മിറ്റി രൂപീകരിച്ചു. അംഗീകാരത്തിനായുള്ള അപേക്ഷ ജില്ലാഭരണാധികാരിയായ CDO-യ്ക്ക് സമർപ്പിച്ചു. എന്നാൽ പലമാസങ്ങൾ ആയിട്ടും CDO അംഗീകാരം നൽകിയില്ല.

ഇതിനിടെ ബെന്നിക്കും ജെസ്സിക്കും ഒരു കുഞ്ഞിനെക്കൂടി നൽകി ദൈവം അനുഗ്രഹിച്ചു. സിസേറിയൻ ശസ്ത്രക്രിയക്കായി കാഠ്മണ്ഡുവിലേക്ക് അവർക്ക് പോകേണ്ടി വന്നു. എന്നാൽ സിസേറിയൻ ചെയ്തപ്പോൾ സംഭവിച്ച ചില പാകപ്പിഴകൾ ദീർഘനാളുകൾ ഹോസ്പിറ്റലിൽ കഴിയാൻ അവരെ നിർബ്ബന്ധിതരാക്കി. ദൈവം അവർക്ക് നൽകിയ ഈ രണ്ടാമത്തെ കുഞ്ഞിന് 'അനുഗ്രഹ' എന്ന് അവർ പേർവിളിച്ചു.

ഇതിനിടെ ജുംലയിലെ വേലക്കായി ഒരാളെക്കൂടി നൽകി കർത്താവ് അനുഗ്രഹിച്ചു. മംഗലാപുരം സ്വദേശിയായ നെയ്ബു കെ. ഉണ്ണിത്താൻ എന്ന യുവാവിനെ. ക്രിസ്തുവിനെ അറിയാനിടയായപ്പോൾ തന്റെ കർത്താവിന് വേണ്ടി ജീവിതം പ്രയോജനപ്പെടണം എന്ന വലിയ ആഗ്രഹവുമായി നേപ്പാളിൽ എത്തിയതാണ് നെയ്ബു. സന്ദർഭവശാൽ ബെന്നി ആദ്യമുണ്ടായിരുന്ന ടിക്കാപ്പൂരിലെ മിഷൻ സ്കൂളിൽ തന്നെ നെയ്ബുവും എത്തിപ്പെട്ടു. അവിടെ വെച്ചാണ് ബെന്നി ജുംലയിൽ നടത്തുന്ന പ്രവർത്തനങ്ങളെപ്പറ്റി കേട്ടറിഞ്ഞതും ബെന്നിയുടെ ക്ഷണമനുസരിച്ച് ജുംലയിലേക്ക് ചെല്ലാനിടയായതും.

2002 നവംബർ 13-ന് രാത്രിയാണ് ജുംലബസാറിൽ മാവോതീവ്രവാദികളുടെ സംഘടിതമായ ആക്രമണം നടന്നത്. രാത്രിമുഴുവനും വെടിവെയ്പും കാതടപ്പിക്കുന്ന ബോംബ് സ്ഫോടനങ്ങളും! പ്രഭാതം വരെ തുടർന്ന ആ ഭീകരാക്രമണത്തിൽ ജുംലബസാർ ശവപ്പറമ്പായി മാറി. എങ്കിലും മായാസദനിൽ യാതൊരു ഉപദ്രവവും ഉണ്ടാകാതെ ദൈവം സംരക്ഷിച്ചു. ജുംലയിൽ ആക്രമണം നടക്കുന്ന സമയത്ത് ബെന്നിയും ജെസ്സിയും കാഠ്മണ്ഡുവിൽ തന്നെയായിരുന്നു. താമസിയാതെ ജെസ്സിയെ ഹോസ്പിറ്റലിൽ നിന്നും ഡിസ്ചാർജ് ചെയ്ത് കൈക്കുഞ്ഞുമായി അവർ ജുംലയിൽ തിരിച്ചെത്തി.

ബെന്നിയും കുടുംബവും ജുംലയിൽ തിരിച്ചെത്തി അല്പദിവസത്തിനുള്ളിൽ മുകുവിലെ മായാസദന് അനുമതിയായ വിവരം അറിയാൻ കഴിഞ്ഞു. ഉടനെ ജെസ്സിയെയും കുട്ടികളെയും ജുംലയിൽ വിട്ടിട്ട് ബെന്നി മുകുവിലേക്ക് പോയി. 2002 ഡിസംബറിൽ ഏഴ് കുട്ടികളുമായി മുകു മായാസദൻ ആരംഭിച്ചു. പല മാസങ്ങൾ ബെന്നിയും നെയ്ബുവും മാറിമാറി മുകുവിൽ നിന്നു. ജുംലയെക്കാൾ ദുർഘടവും ദരിദ്ര്യവുമായ സ്ഥലമാണ് മുകു. തിബറ്റിനോട് കൂടുതൽ അടുത്ത സ്ഥലം.

ധാരാളം തിബറ്റൻ ഗ്രാമങ്ങൾ തന്നെയിവിടെയുണ്ട്. ഭക്ഷണസാധനങ്ങൾക്കെല്ലാം ജുംലയിലേതിനെക്കാൾ വിലയാണിവിടെ. മാവോതീവ്രവാദികളുടെ ആക്രമണങ്ങൾ പതിവ് സംഭവങ്ങൾ മാത്രം. ഗ്രാമങ്ങളെല്ലാം അവരുടെ നിയന്ത്രണത്തിലാണ്.

ജുംലയിൽ നിന്നും മുകുവിലേക്കുള്ള യാത്ര അത്യന്തം സാഹസികമാണ്. മലകളും താഴ്‌വരകളും താണ്ടി രണ്ട് ദിവസം നടക്കണം. രാത്രി കിടക്കുവാൻ വഴിയാത്രക്കാർക്ക് വേണ്ടിയുള്ള ഒന്നുരണ്ട് ചെറിയ സത്രങ്ങൾ ഉണ്ട്. ഇരുപത് രൂപ കൊടുത്താൽ അവിടെ രാത്രി കഴിക്കാം. അരിയും പാചകം ചെയ്യുന്നതിനുള്ള കൂലിയും കൊടുത്താൽ ചോറുണ്ടാക്കിയും തരും. ജുംലക്കും മുകുവിനും ഇടയിലുള്ള ഭാഗങ്ങളൊക്കെ മാവോവാദികളുടെ പൂർണ്ണ നിയന്ത്രണത്തിലാണ്. വഴിയാത്രക്കാരുടെ കൈവശമുള്ളവ അവർ പിടിച്ച് പറിക്കുകയും ഉപദ്രവിക്കുകയും പലരെയും യുദ്ധം ചെയ്യുന്നതിനായി പിടിച്ചുകൊണ്ട് പോവുകയും ചെയ്യാറുണ്ട്. ബെന്നിയും നെയ്ബുവും ഹാബേലും പലവട്ടം മാവോവാദികളുടെ ഭീഷണിക്കും ചോദ്യം ചെയ്യലിനും വിധേയരായിട്ടുണ്ട്. ദൈവകൃപകൊണ്ട് അവർ ഉപദ്രവിക്കാതെയും ഒന്നും പിടിച്ച് വാങ്ങാതെയും വിട്ടയക്കുകയാണ് ഉണ്ടായിട്ടുള്ളത്. ശൈത്യകാലങ്ങളിൽ അരക്കൊപ്പം വീണുകിടക്കുന്ന ഹിമത്തിലൂടെയുള്ള യാത്ര അതീവ ദുഷ്കരമാണ്. വഴിയരികിൽ ഉടനീളമുള്ള അഗാധഗർത്തങ്ങളിലേക്ക് വഴുതിവീഴാനുള്ള സാധ്യത വളരെയാണ്. കൂടാതെ ഹിമക്കാറ്റ്, വലിയ ഹിമക്കുന്നുകൾ ഉരുകി ഇടിഞ്ഞ് വീഴുക എന്നീ അപകടങ്ങളും എപ്പോഴും പ്രതീക്ഷിക്കാം. ഹിമാലയൻ പ്രദേശങ്ങളിൽ ഒട്ടനേകർ ഇങ്ങനെ മരണപ്പെട്ടിട്ടുണ്ട്. കൂടാതെ, പ്രത്യേകം ഷൂസും പലകമ്പിളി വസ്ത്രങ്ങളും എല്ലാം ധരിച്ചിട്ടാണെങ്കിലും അനേക മണിക്കൂറുകൾ മഞ്ഞിൽക്കൂടി നടന്നാൽ കാലിലെ രക്തയോട്ടം നിലച്ച് നിർജ്ജീവമായിപ്പോകും (Frost Bite). പിന്നെ കാല് മുറിച്ചു നീക്കുക മാത്രമേ വഴിയുള്ളൂ! ബെന്നിയും നെയ്ബുവും അരയ്ക്കൊപ്പം ഹിമത്തിലൂടെ എത്രയോ തവണ ജുംലയിൽ നിന്ന് മുകുവിലേക്കും തിരിച്ചിങ്ങോട്ടും നടന്നിട്ടുണ്ട്. എന്നാൽ യാതൊരു കുഴപ്പവും കൂടാതെ ദൈവമവരെ ഇതുവരെയും അത്ഭുതകരമായി സംരക്ഷിച്ചു!

2003 ഏപ്രിൽ മാസത്തിൽ വീണ്ടും, ബെന്നി, ജെസ്സിയും രണ്ടു കുഞ്ഞുങ്ങളുമായി നാട്ടിൽ വന്നു. നാട്ടിലുണ്ടായിരുന്ന ദിവസങ്ങളിലും അവർക്കധികം വിശ്രമമൊന്നുമില്ലായിരുന്നു. പലയിടങ്ങളിലും ക്രമീകരിച്ചിരുന്ന മീറ്റിംഗുകളിൽ പങ്കെടുക്കാനും മറ്റുമായി പലദൈവമക്കളുടെയും ക്ഷണമനുസരിച്ച് അവർ യാത്രതന്നെയായിരുന്നു.

രണ്ടുമാസത്തിനു ശേഷം അവർ തിരിച്ചു പോയത് നേരെ മുകുവിലേക്കാണ്. മുകുവിലും ചിലരൊക്കെ കർത്താവിന്റെ സുവിശേഷം വിശ്വസിക്കുവാൻ ഇടയായി. മുകുവിൽ തിരിച്ചു ചെന്ന ശേഷം ബെന്നി എഴുതിയ കത്തിന്റെ ചില ഭാഗങ്ങൾ താഴെ ചേർക്കുന്നു:

'......മുകുവിലെയും ജുംലയിലെയും നമ്മുടെ കുഞ്ഞുങ്ങളെല്ലാം സുഖമായിരിക്കുന്നു. ജുംലയിൽ നാലു കുഞ്ഞുങ്ങളെക്കൂടി ഏറ്റെടുത്തു. ഇപ്പോൾ 25 കുഞ്ഞുങ്ങൾ ഉണ്ട്. ഇവിടുത്തെ നമ്മുടെ വിശ്വാസികൾ ക്ഷേമമായിരിക്കുന്നു. ജുംലാബ

സാറിലെ ആരാധനയും ഭംഗിയായി നടക്കുന്നു. 'മാലാവീട്'എന്ന ഗ്രാമത്തിലെ നമ്മുടെ എട്ടോളം വിശ്വാസികളെ ഗ്രാമത്തിൽ നിന്നും പുറത്താക്കുവാനും ഉപദ്ര വിക്കുവാനും മറ്റ് ഗ്രാമീണർ ശ്രമിച്ചിരുന്നു. എന്നാൽ അദൃശ്യനായ ദൈവത്തെ കണ്ടതുപോലെ അവരെല്ലാം വിശ്വാസത്തിൽ ഉറച്ച് നിന്നു. ഇപ്പോൾ സ്ഥിതി അല്പം തണുത്തിട്ടുണ്ട്. കൂടുതലായി പ്രാർത്ഥിക്കുമല്ലോ.

നേപ്പാൾഗഞ്ചിൽ വന്നിട്ട് 13-ാം ദിവസമാണ് എനിക്കും ജെസ്സിക്കും മുകുവിൽ എത്തിച്ചേരാൻ സാധിച്ചത്. ഇതിനിടെ ജെസ്സിക്ക് പനിപിടിച്ചിരുന്നു. മുകുവിലെ ത്തിയപ്പോൾ അത് മൂർച്ഛിച്ചു. ടൈഫോയിഡിന്റെ ലക്ഷണങ്ങൾ കാണിക്കാൻ തുടങ്ങി. ഡോക്ടറില്ലാത്ത മുകുവിൽ, രക്തപരിശോധനയ്ക്ക് സൗകര്യമില്ലാത്ത മുകുവിൽ, ഞാൻ പ്രാർത്ഥിച്ച് ടൈഫോയിഡിന്റെ മരുന്നു കൊടുത്തു. ഇപ്പോൾ സുഖമായിക്കൊണ്ടിരിക്കുന്നു. പക്ഷെ നല്ല ക്ഷീണമുണ്ട്.

മുകുവിൽ നമ്മുടെ വീട്ടുടമസ്ഥൻ മായാസദനുവേണ്ടി പണികഴിപ്പിച്ച നാലു മുറികളുള്ള വീടിന്റെ മൂന്നുമുറികളുടെയും കൽഭിത്തി ഇടിഞ്ഞുവീണു. നമ്മള വിടെ താമസ്സിച്ചുകൊണ്ടിരുന്നപ്പോഴാണത് സംഭവിച്ചത്. ആർക്കും പരിക്കൊന്നും കൂടാതെ കർത്താവ് സൂക്ഷിച്ചു. സാത്താൻ എല്ലാതരത്തിലുമുള്ള തടസ്സങ്ങളും സൃഷ്ടിക്കാൻ ശ്രമിക്കുന്നു. എന്നാൽ വിജയം നമ്മുടെ കർത്താവിന്റേതാണല്ലോ.

അശ്വതി മോളെ പി. എ തോമസ് എന്ന ഒരു മിഷണറിയുടെ കൂടെ കാഠ്മ ണ്ഡുവിൽ സി.വിച്ചായന്റെ അടുക്കലേക്ക് നേപ്പാൾ ഗഞ്ചിൽ നിന്നും പറഞ്ഞയ ക്കുകയായിരുന്നു. സി.വിച്ചായന്റെ വീട്ടിൽ താമസിച്ച് അവിടെ മോൾ സ്കൂളിൽ പോയിത്തുടങ്ങി. വേർപാട് എപ്പോഴും വേദന നൽകുന്നതാണല്ലോ. ക്രൂശിൽ നമുക്കുവേണ്ടി പിടഞ്ഞ നമ്മുടെ കർത്താവിന് വേണ്ടിയാണല്ലോ അതെ ന്നോർക്കുമ്പോൾ കണ്ണുനീരിലും സന്തോഷിക്കുവാൻ കഴിയുന്നു. അനുമോൾ വളരെ ക്ഷീണിച്ചു. മുകുവിൽ എത്രപണം കൊടുത്താലും പാലും മുട്ടയും കിട്ടാനേയില്ല.

വരുന്ന ആഴ്ചകളിൽ മുകുവിന്റെ ഗ്രാമങ്ങളിലേക്ക് പോകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. നേപ്പാൾ വീണ്ടും രക്തച്ചൊരിച്ചിലിലേക്ക് പോകുകയാണെന്ന് തോന്നുന്നു. കഴിഞ്ഞ ആറ് മാസമായി രാജാവും മാവോകളും തമ്മിൽ നടന്നു കൊണ്ടിരിക്കുന്ന ചർച്ച പരാജയപ്പെട്ടു. മാവോകൾ വീണ്ടും ഒളിത്താവളങ്ങളി ലേക്ക് വലിഞ്ഞു തുടങ്ങി. ഇതിനിടയിൽ പലസ്ഥലത്തും മാവോകളും സൈന്യവും തമ്മിൽ വെടിവെയ്പ് തുടങ്ങി. പലരും കൊല്ലപ്പെട്ടുവെന്ന് കേൾക്കു ന്നു. മാവോകൾ ഓരോവീട്ടിൽ നിന്നും ഒരാൾ വീതം യുദ്ധം ചെയ്യാൻ ഇറങ്ങണ മെന്ന് ആഹ്വാനം കൊടുത്തിരിക്കുകയാണ്. പ്രാർത്ഥിക്കുമല്ലോ.'

2004 ഫെബ്രുവരിയിൽ നേപ്പാൾഗഞ്ചിൽ ഒരു ബേസ്ക്യാമ്പ് തുടങ്ങുന്നതിന് കർത്താവ് ഇടയാക്കി. ഇന്ത്യൻ അതിർത്തിയോട് ചേർന്നുള്ള നേപ്പാളിലെ ഒരു പട്ടണമാണിത്. ജുംലയിലേക്കും മുകുവിലേക്കും ഒക്കെ ചെറിയ വിമാനങ്ങൾ പോകുന്നത് ഇവിടെ നിന്നുമാണ്. ജുംലയിലും മുകുവിലുമുള്ള മായാസദനുക ളിലെ മുതിർന്ന കുട്ടികളെ താഴെ നേപ്പാൾഗഞ്ചിൽ കൊണ്ട്വന്ന് വിദ്യാഭ്യാസം ചെയ്യിക്കുന്നതിന് ഈ ബേസ്ക്യാമ്പ് സഹായകമായി. ഹിമാലയൻ മലനിരകൾക്കി

ടയിൽ ജനിച്ച് വളർന്ന്, വാഹനങ്ങളോ കൂറ്റൻ കെട്ടിടങ്ങളോ പുറംലോകത്തെ സൗകര്യങ്ങളോ ഒന്നും കണ്ടിട്ടില്ലാത്ത അവർക്ക് നേപ്പാൾഗഞ്ചിലെത്തിയപ്പോൾ ഒരു അത്ഭുത ലോകത്ത് എത്തിയ പ്രതീതിയാണ് തോന്നിയത്. നേപ്പാൾഗഞ്ചിൽ വെച്ച്, ബെന്നിക്കും ജെസ്സിക്കും മൂന്നാമതൊരു കുഞ്ഞിനെക്കൂടെ നൽകി ദൈവം അനുഗ്രഹിച്ചു- ആനന്ദ്.

ഇപ്പോൾ ജുംലയിലും മുകുവിലും നേപ്പാൾ ഗഞ്ചിലുമായി 55 കുട്ടികൾ വളർന്നു കൊണ്ടിരിക്കുന്നു. ഇനിയും പലരും ഇവരോടൊപ്പം ചേരേണ്ടതായിട്ടുണ്ട്. ഈ കുട്ടികളെല്ലാം ഹിമാലയൻ പർവ്വതനിരകളിലെ വിദൂരഗ്രാമങ്ങളിൽ നിന്നും ഉള്ളവരാണ്. ഒരു കുട്ടി തിബറ്റുകാരനാണ്. ജീവിക്കുന്ന സത്യദൈവത്തെ ഇവർ പാടി സ്തുതിക്കുന്നു. മുതിർന്നവരെപ്പോലും അതിശയിപ്പിക്കുന്ന വിശ്വാസമാണ് ഈ കുട്ടികൾ പലപ്പോഴും പ്രദർശിപ്പിക്കുന്നത്. മായാസദനിൽ ഭക്ഷണത്തിന് പണമില്ലാതാകുമ്പോഴും ആരെങ്കിലും രോഗികളാകുമ്പോഴുമെല്ലാം തികച്ചും സ്വാഭാവികതയോടെ അവർ തങ്ങളുടെ സ്വർഗ്ഗീയ പിതാവിനോട് ആ പ്രശ്നങ്ങളെക്കുറിച്ച് പറയുന്നു. ദൈവം കൃത്യമായി, അത്ഭുതകരമായി തന്നെ, ഉത്തരം നൽകുകയും ചെയ്യുന്നു. 'നിന്റെ വൈരികൾ നിമിത്തം, ശത്രുവിനെയും പകയനെയും മിണ്ടാതാക്കുവാൻ തന്നേ, നീ ശിശുക്കളുടേയും മുലകുടിക്കുന്നവരുടേയും വായിൽ നിന്ന് ബലം നിയമിച്ചിരിക്കുന്നു'. (സങ്കീർത്തനങ്ങൾ 8:2) എന്ന വചനം പ്രത്യേകം ഓർത്തുപോകും. ഇരുളടഞ്ഞ നേപ്പാളിലെ പർവ്വത പ്രദേശങ്ങളിൽ നിന്നും കണ്ടെടുക്കപ്പെട്ട ഇവർ ദാവീദ് പുത്രന് ഹോശന്നാ പാടുവാൻ പ്രത്യേകം തിരെഞ്ഞെടുക്കപ്പെട്ടവരല്ലേ?

പിറകോട്ട് തിരിഞ്ഞ് നോക്കുമ്പോൾ ദൈവത്തിന്റെ കരുതലിനെപ്പറ്റിയും വിശ്വസ്തതയെപ്പറ്റിയും മാത്രമേ ഈ സഹോദരന്മാർക്ക് പറയാനുള്ളൂ. ഇവിടെയുള്ള എല്ലാ പ്രവർത്തനങ്ങളുടെയും ഭാരിച്ച സാമ്പത്തിക ആവശ്യങ്ങൾ സർവ്വശക്തനായ കർത്താവ് അത്ഭുതകരമായി നടത്തിക്കൊണ്ടിരിക്കുന്നു. അതാത് ദിവസങ്ങളിലെ ആവശ്യങ്ങൾക്കനുസൃതമായിത്തന്നെ തക്കസമയത്ത് കർത്താവ് ആവശ്യമുള്ളവ കൊടുത്തുകൊണ്ടിരിക്കുന്നു. പുറംലോകവുമായി യാതൊരു ബന്ധവുമില്ലാത്ത ഈ ഹിമാലയൻ പർവ്വത പ്രദേശങ്ങളിലും കർത്താവ് തന്റെ മക്കളെ പോറ്റിപ്പുലർത്തുന്ന വിധങ്ങൾ വളരെ അത്ഭുതകരമാണ്. ജോർജ്ജ് മുള്ളറെ നടത്തിയ ദൈവം തങ്ങളെയും നടത്തും എന്ന് ഉറച്ച് വിശ്വസിക്കുന്ന ഇവർ കർത്താവിനോടല്ലാതെ മറ്റാരോടും സാമ്പത്തിക ആവശ്യങ്ങൾ പറയുകയോ സഹായം ചോദിക്കുകയോ ചെയ്യാറില്ല. എന്നാൽ കർത്താവ് അനേകം ദൈവമക്കളുടെ ഹൃദയങ്ങളെ തക്കസമയത്ത് ഉണർത്തുകയും ത്യാഗപൂർണ്ണമായിത്തന്നെ കർത്താവിന്റെ വേലക്കുവേണ്ടി കൊടുക്കുവാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്യുന്നത് അത്ഭുതകരമാണ്. പലരും ബെന്നിയെയോ കൂട്ടുവേലക്കാരെയോ നേരിട്ട് പരിചയം പോലുമില്ലാത്തവരാണ്! എന്നാൽ മാനുഷകരങ്ങൾ എല്ലാം പരാജയപ്പെട്ടാലും സാഹചര്യങ്ങൾ എല്ലാം പ്രതികൂലമായാലും ഏലിയാവിനെ മുട്ടില്ലാതെ തീറ്റിപ്പോറ്റിയ ദൈവം എന്നും തന്റെ മക്കൾക്കുവേണ്ടി കരുതാതിരിക്കുമോ?

പിന്നണിപ്പോരാളികളെക്കുറിച്ച് ഒരുവാക്ക്. അന്യദേശങ്ങളിലുള്ള മിഷണറി പ്രവർത്തനങ്ങളെ പലരും സംശയത്തോടെ വീക്ഷിക്കുകയും, 'അവൻ ഞങ്ങളോടുകൂടെ നിന്നെ അനുഗമിക്കായ്കയാൽ ഞങ്ങളവനെ വിരോധിച്ചു എന്ന

മട്ടിൽ ചിന്തിക്കുകയും ചെയ്യുമ്പോൾ, കേരളത്തിലും മറ്റ് പലയിടങ്ങളിലുമായിരുന്ന് നേപ്പാളിലെ ഈ വേലയിൽ വലിയ പങ്ക് വഹിക്കുന്ന അറിയപ്പെടാത്ത ചിലരുണ്ട്. ഇവിടുത്തെ ദൈവവേലക്കായി കരുതുന്ന, ദൈവസന്നിധിയിൽ കരയുന്ന, കർത്താവിനാൽ ഹൃദയങ്ങൾ പ്രചോദിപ്പിക്കപ്പെട്ട ചില ഭക്തന്മാർ, ഭക്തകൾ, സഭകൾ.....! പലരും മറ്റുള്ളവർ പറഞ്ഞുകേട്ട് മാത്രം അറിഞ്ഞവർ. കർത്താവിന്റെ നാമത്തോടും അവന്റെ വേലയോടും ഇവർ കാണിക്കുന്ന സ്നേഹവും തീഷ്ണതയും ചെറുതല്ല. ഈ ലോകത്തിൽ അധികം അറിയപ്പെടാത്തവർ എങ്കിലും പ്രതിഫലം കൊടുക്കുന്ന നാളിൽ തേജസ്സിന്റെ കർത്താവ് ഇവരെ പരസ്യമായി ബഹുമാനിക്കും! ഇവിടെ നടക്കുന്ന ഈ പ്രവർത്തനങ്ങളിൽ ഇവരുടെ കണ്ണുനീരിനും ഉപവാസങ്ങൾക്കും പ്രാർത്ഥനകൾക്കും കരുതലിനും ത്യാഗപൂർണ്ണമായ സാമ്പത്തിക കൂട്ടായ്മകൾക്കുമുള്ള പങ്ക് എത്രനിർണ്ണായകമാണ് എന്ന് അന്ന് വെളിപ്പെടുത്തപ്പെടും. എല്ലാക്കാലത്തും ദൈവരാജ്യത്തിന്റെ കെട്ടുപണിക്കായി ഇങ്ങനെ ഒരു ചെറിയകൂട്ടം അറിയപ്പെടാത്ത പിന്നണിപ്പോരാളികളെ ദൈവം ഉപയോഗിക്കുന്നു.

ജുംലയിലെ സഭ തികച്ചും ഒരു സ്വദേശീയമായ സഭയായി, പുതിയനിയമ വ്യവസ്ഥയനുസരിച്ച് നിലകൊള്ളുന്നു. അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും, കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥനകഴിച്ചും പോന്ന പുതിയനിയമ സഭയുടെ മാതൃകയും(അപ്പൊ.പ്രവ. 2:42), 'തിരുനാമത്തിനു വേണ്ടി അപമാനം സഹിപ്പാൻ യോഗ്യരായി എണ്ണപ്പെടുകയാൽ അവർ സന്തോഷിച്ചും കൊണ്ട് ന്യായാധിപസംഘത്തിന്റെ മുമ്പിൽനിന്നു പുറപ്പെട്ടു പോയി. പിന്നെ അവർ ദിനമ്പ്രതി ദൈവാലയത്തിലും വീടുതോറും വിടാതെ ഉപദേശിക്കുകയും യേശു തന്നെ ക്രിസ്തു എന്ന് സുവിശേഷിക്കുകയും ചെയ്തുകൊണ്ടിരുന്നു.'(അപ്പൊ.പ്രവ. 5:41,42) എന്ന അപ്പൊസ്തലന്മാരുടെ മാതൃകയും യഥാക്രമം സഭായോഗങ്ങൾക്കും സുവിശേഷപ്രവർത്തനങ്ങൾക്കുമുള്ള മാർഗ്ഗരേഖകളായി ജുംലാസഭ സ്വീകരിച്ചിരിക്കുന്നു.

വളരെ പണിത്തിരക്കുള്ള വസന്തകാലത്തും ഹിമം വീണുകിടക്കുന്ന കൊടും ശൈത്യകാലത്തും മായാസദനിൽ നിന്നും രണ്ടുകിലോമീറ്ററിലധികം അകലത്തിലുള്ള മാലാവീട് ഗ്രാമത്തിൽ നിന്നുമുള്ള വിശ്വാസികൾ എന്നും അതിരാവിലെ മായാസദനിൽ പ്രാർത്ഥനക്കും വചനപഠനത്തിനുമായി എത്തുന്നത് നമുക്കൊരു വെല്ലുവിളി തന്നെയാണ്. തലമുറതലമുറയായി പിന്തുടർന്നുവന്ന ആചാരങ്ങളെയോ അനുഷ്ഠാനങ്ങളെയോ മാറ്റുവാൻ ആരും ധൈര്യപ്പെടാത്ത ഒരു സമൂഹത്തിൽ, മതവിശ്വാസവും വിഗ്രഹാരാധനയും ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും വ്യാപിച്ചു കിടക്കുന്ന ഇവിടെ, ഒരു സമൂഹത്തിന് മുഴുവൻ എതിരെ നിൽക്കുവാനും തങ്ങളുടെ വിശ്വാസത്തിനുവേണ്ടി എന്തു വിലയും കൊടുക്കുവാനും ഈ പാവപ്പെട്ട ഗ്രാമീണരായ വിശ്വാസികൾ തയ്യാറായത് എന്തുകൊണ്ടാണെന്ന് നമ്മെ ഇരുത്തി ചിന്തിപ്പിക്കേണ്ടതല്ലേ? തീർച്ചയായും അദൃശ്യനായ ദൈവത്തെ കണ്ടതുപോലെയാണ് അവർ പ്രതികൂലങ്ങളുടെ നടുവിലും വിശ്വാസത്തിൽ ഉറച്ച് നിൽക്കുന്നത്.

ഇതുവരെ ചെയ്തതുകൊണ്ട് സംതൃപ്തിയടയുകയല്ല, മറിച്ച് ഇനിയും വളരെ ആഗ്രഹങ്ങളോടെയും പ്രതീക്ഷകളോടെയും ആണ് ബെന്നിയും കൂട്ടുവേല

ക്കാരും മുമ്പോട്ട് നോക്കുന്നത്. മുമ്പോട്ടായുവാൻ വെമ്പുന്ന ഹൃദയങ്ങൾ അവർക്കെപ്പോഴുമുണ്ട്. ഹിമാലയൻ മലനിരകൾക്കിടയിൽ മരിച്ചുകൊണ്ടിരിക്കുന്ന നൂറുകണക്കിന്, ആയിരക്കണക്കിന്, കുഞ്ഞുങ്ങൾ ഇനിയുമുണ്ട്. എന്തു ത്യാഗം സഹിച്ചും കഴിയുന്നിടത്തോളം പേരെ കണ്ടെത്തി രക്ഷിക്കുവാനും ക്രിസ്തുവിനായി വളർത്തിക്കൊണ്ടു വരുവാനും അവർക്ക് ആഗ്രഹമുണ്ട്. അതുപോലെതന്നെ, തിബറ്റിനോട് ചേർന്ന് കിടക്കുന്ന ഹുംലയിൽ ഇതിനോടകം തന്നെ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ആഗ്രഹിച്ചിരുന്നതാണ്. എന്നാൽ മാവോവാദികളുടെ ഭീഷണിമൂലം ഹുംലയിൽ നിന്നും മറ്റ് ഹിമാലയൻ ജില്ലകളിൽ നിന്നും ഗ്രാമവാസികൾ വീടുകളുപേക്ഷിച്ച് ഇന്ത്യയിലേക്ക് ഓടിപ്പൊയ്ക്കൊണ്ടിരിക്കുന്ന ഇപ്പോഴത്തെ സാഹചര്യത്തിൽ ഹുംലയിലെ പ്രവർത്തനം തല്ക്കാലം നീട്ടി വെക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അതിനുപകരം മറ്റൊരു വെല്ലുവിളിയാണ് മുമ്പിലുള്ളത്. ഇതിനെക്കുറിച്ച്, ഈയിടെ ബെന്നി പ്രാർത്ഥനക്കായി നാട്ടിലുള്ള സഹോദരങ്ങൾക്കയച്ച കത്തിൽ നിന്നും ചിലഭാഗങ്ങൾ ഉദ്ധരിക്കട്ടെ:

'ജുംലയിലും മുകുവിലും മിക്കവാറും ഗ്രാമങ്ങളെല്ലാം ശൂന്യമായിക്കൊണ്ടിരിക്കുന്നു. മാവോകളുടെ ഭീഷണിമൂലം അനേകർ തങ്ങൾക്കുള്ളതെല്ലാം ഇട്ടെറിഞ്ഞ് ഇന്ത്യയിലേക്ക് പലായനം ചെയ്തുകൊണ്ടിരിക്കുന്നു. പോകാൻ കഴിയാത്ത ആളുകളെ തോക്ക് കാണിച്ച് ഭീഷണിപ്പെടുത്തി മാവോകൾ യുദ്ധത്തിനായി പിടിച്ചുകൊണ്ട് പോകുന്നു. മാവോകളുടെ കിരാതവും ക്രൂരവുമായ നടപടിക്രമങ്ങളെ ഭയന്ന് ആയിരക്കണക്കിന് ഗ്രാമീണർ ദിവസങ്ങളോളം, ചിലർ ആഴ്ചകളോളം തന്നെ നടന്ന് ഒരുചാൺ വയർ നിറക്കാനുള്ള ആഗ്രഹത്തോടെ ഇന്ത്യയിലേക്ക് ജോലി അന്വേഷിച്ച് പോകുന്നു. നേപ്പാൾ-ഇന്ത്യ ബോർഡറിൽ നിന്നാൽ ഓരോ ദിവസവും ഇടതടവില്ലാതെ കൂട്ടംകൂട്ടമായി കെട്ടും ഭാണ്ഡവുമായി നിരാശയും ആകുലതയും ഭയവും നിറഞ്ഞ മുഖവുമായി അതിർത്തികടക്കുന്ന നേപ്പാളികളെ കാണാം. ഇന്ത്യയിൽ വീണ്ടും ബീഹാറികളും യു.പി.ക്കാരും മറ്റ് ഉത്തരേന്ത്യൻ ദാദാമാരും ഇവരെ ചൂഷണം ചെയ്യുന്നു. ആശ്രയിക്കാൻ ഒരത്താണിയുമില്ലാതെ ചൂഷണം ചെയ്യപ്പെടുന്ന ആയിരക്കണക്കിന് നേപ്പാളികളെ ഇന്ത്യയിലെ, പ്രത്യേകിച്ച് നോർത്ത് ഇന്ത്യയിലെ, ഓരോചെറിയ നഗരങ്ങളിലും കാണാൻ കഴിയും. 2000-മാണ്ടിലെ ഒരു കണക്കനുസരിച്ച് ഇന്ത്യയിൽ 60 ലക്ഷം നേപ്പാളികൾ ജോലി ചെയ്യുന്നുണ്ടായിരുന്നുവത്രേ! മാവോ പ്രശ്നം രൂക്ഷമായതിനു ശേഷം ഇത് പിന്നെയും എത്രകൂടിയിരിക്കാം. ആകെയുള്ള രണ്ടരക്കോടി നേപ്പാളികളിൽ ഇത്രയും അധികം പേർ ഇന്ത്യയിലാണ് എന്നുള്ളത് അത്ഭുതാവഹമാണ്. ഇതുമൂലം ഇന്ത്യയിൽത്തന്നെ നേപ്പാളികളുടെ ഇടയിൽ സുവിശേഷം എത്തിക്കുവാൻ കർത്താവ് പുതിയ വാതിലുകൾ തുറന്ന് തന്നിരിക്കുന്നു.

നേപ്പാളിലെ ഗ്രാമങ്ങളിലേക്കൊന്നും ഇപ്പോൾ സുവിശേഷവുമായി കടന്നുപോകാൻ മാവോകൾ അനുവദിക്കുന്നില്ല. എന്നാൽ അതേ നേപ്പാളികൾ നമ്മുടെ ദേശത്ത് അഭയം തേടി ചിന്നിയവരും ചിതറിയവരുമായി കടന്നു വന്നിരിക്കുന്നു. ഇന്ത്യയിലേക്ക് പലായനം ചെയ്തിട്ടുള്ള ലക്ഷക്കണക്കിന് നേപ്പാളികളുടെ ഇടയിൽ ശക്തമായ ഒരുപ്രവർത്തനം നടത്തി ഇവരെ സുവിശേഷീകരിക്കാൻ കഴിഞ്ഞാൽ ഭാവിയിൽ നേപ്പാളിനെ അത്ഭുതകരമായ ഒരു മാറ്റത്തിലേക്ക് നയിക്കാൻ കഴിയും. മാത്രമല്ല ഇന്ത്യയിൽ ഇപ്പോഴത്തെ സാഹചര്യത്തിൽ ഇവരോട് സുവി

ശേഷം അറിയിക്കുവാൻ നിയമപരമായ തടസ്സങ്ങളൊന്നുമില്ല. പരസ്യമായി നമുക്ക് ഇവരുടെ ഇടയിൽ പ്രവർത്തിക്കാം.അതുകൊണ്ട് വരുന്ന നാളുകളിൽ ഇവിടുത്തെ പ്രവർത്തനത്തോടൊപ്പം ഇന്ത്യയിലെ വിവിധ നഗരങ്ങളിൽ അഭയാർത്ഥികളായി പോയിരിക്കുന്ന നേപ്പാളികളുടെ ഇടയിൽ ജീവനുള്ള, ആശ്വാസദായകനായ, ക്രിസ്തുവിനെ പ്രസംഗിക്കുവാൻ സകലവും സാധ്യമാക്കിത്തരുന്ന ദൈവത്തിൽ ഞങ്ങൾ ആശ്രയിക്കുന്നു.'

✸ ✸ ✸ ✸ ✸ ✸ ✸

മായാസദന്റെ കഥ അവസാനിക്കുന്നില്ല.... എന്നാൽ മേൽപ്പറഞ്ഞവയെല്ലാം നമുക്ക് കേവലം അലോസരപ്പെടുത്തുന്ന ചിന്തകൾ മാത്രമാണോ? അല്ല, അപ്പൊസ്തലനായ പൗലൊസിനെപ്പോലെ 'യവനന്മാർക്കും ബർബരന്മാർക്കും ജ്ഞാനികൾക്കും ബുദ്ധിഹീനർക്കും ഞാൻ കടക്കാരൻ ആകുന്നു '(റോമർ 1: 14) എന്നു നമുക്കും തോന്നുന്നു എങ്കിൽ ദൈവകൃപയിൽ ആശ്രയിച്ച് നമുക്കോരോരുത്തർക്കും ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ധാരാളമുണ്ട്. നമ്മെത്തന്നെയും നമുക്കുള്ളതും യാതൊരു നിബന്ധനകളും കൂടാതെ വിനയപൂർവ്വം ദൈവകരങ്ങളിൽ സമർപ്പിക്കുമെങ്കിൽ.... അനേകരുടെ രക്ഷക്കായി ദൈവം നിശ്ചയമായും ഉപയോഗിക്കും! ■

# 11. ജുംലയിലെ ദിനങ്ങൾ

അനേക വർഷങ്ങളുടെ അനുഭവം സമ്മാനിക്കുന്നതായിരുന്നു ജുംലയിൽ ഞങ്ങൾ ചിലവഴിച്ച മൂന്നു മാസങ്ങൾ. എന്തുകൊണ്ടോ ഞങ്ങളുടെ മനസ്സുകൾ ജുംലയിലെ അന്തരീക്ഷവുമായി വേഗം ഇഴുകിച്ചേർന്നു. നേപ്പാളിലെത്തിയ ശേഷം ഞങ്ങൾ നേപ്പാൾഗഞ്ചിലെ ബേസ് ക്യാമ്പിൽ രണ്ടുമാസം ചിലവഴിച്ചിട്ടാണ് ജുംലയിലെത്തിയത്. നേപ്പാളിന്റെ യഥാർത്ഥമുഖം, കൂടുതൽ വ്യക്തമായി, ഇവിടെയെത്തിയപ്പോൾ ഞങ്ങൾക്ക് കാണാൻ കഴിഞ്ഞു. ഇവിടുത്തെ ജനങ്ങളുടെ നൊമ്പരങ്ങളും ഗദ്ഗദങ്ങളുമെല്ലാം വളരെവേഗം ഞങ്ങളുടേതും കൂടിയായിത്തീർന്നു. വളരെ ഉയരത്തിലുള്ള ഈ സ്ഥലത്തെ കുറഞ്ഞ അന്തരീക്ഷ മർദ്ദത്തിൽ എനിക്ക് ശ്വാസം കഴിക്കാൻ ആദ്യമൊക്കെ വളരെ ബുദ്ധിമുട്ട് അനുഭവപ്പെട്ടു. എങ്കിലും കുറച്ചുനാളുകൾക്കുള്ളിൽതന്നെ അതുമായും പൊരുത്തപ്പെടാൻ സാധിച്ചു.

ജുംലാ മായാസദനിൽ ഒരുദിവസം സാധാരണയായി രാവിലെ 5.30ന് ആരംഭിക്കുന്നു. കൊടും ശൈത്യകാലങ്ങളിൽ ഇത് 7 മണിവരെയാകും. ആദ്യം കുട്ടികളുടെ പ്രാർത്ഥനയാണ്. പ്രാർത്ഥന കഴിഞ്ഞ് കുട്ടികൾക്ക് കാപ്പിയോ സാത്തുവോ (പല ധാന്യങ്ങൾ വറുത്ത് പൊടിച്ചത് തിളപ്പിച്ച വെള്ളത്തിൽ കലക്കി തയ്യാറാക്കുന്ന ഇവിടുത്തെ ഒരു പാനീയമാണ് സാത്തു) കൊടുത്തു കഴിയുമ്പോഴേക്കും മാലാവീട് ഗ്രാമത്തിൽ നിന്നുള്ള വിശ്വാസികൾ പ്രാർത്ഥനക്കും ബൈബിൾ ക്ലാസ്സിനുമായി എത്തിയിരിക്കും. 7.30 വരെ യാണ് പ്രാർത്ഥനയും വചനപഠനവും. ബുധനാഴ്ചകളിൽ മാലാവീട് നടക്കുന്ന മീറ്റിംഗിന് ഞങ്ങൾ രാവിലെ അങ്ങോട്ട് പോകും. മറ്റുദിവസങ്ങളിൽ ഡാടാക്കോട്ട്, മീച്ചാ, ഉങ്കലാ എന്നീ ഗ്രാമങ്ങളിലും പ്രഭാതയോഗങ്ങൾ ഉണ്ട്. ജുംലാസഭയിലെ നേപ്പാളി സുവിശേഷകനായ ശീമോൻ ആണ് ഇവിടങ്ങളിൽ പോകാറ്.

രാവിലെ 9 മണിക്ക് മായാസദനിൽ കുട്ടികൾക്ക് പ്രഭാതഭക്ഷണം. പച്ചയരികൊണ്ടുള്ള ചോറും ഉരുളക്കിഴങ്ങ് കറിയോ എന്തെങ്കിലും പച്ചക്കറിയോ ആയിരിക്കും സാധാരണയായി. 10 മണിമുതൽ 12 മണിവരെ കുട്ടികൾക്ക് ക്ലാസ്സ് ഉണ്ട്. കുട്ടികളെയെല്ലാം നമ്മൾ തന്നെയാണ് പഠിപ്പിക്കുന്നത്. നേപ്പാളി ഭാഷ പഠിപ്പിക്കാൻ മാത്രം ഒരാൾ പുറത്തു നിന്ന് ചില ദിവസങ്ങളിൽ വരാറുണ്ട്. ഏതാനും മണിക്കൂറുകൾ മാത്രമേ പഠനത്തിനു വേണ്ടി ചിലവഴിക്കാറുള്ളൂ എങ്കിലും ഈ

കുഞ്ഞുങ്ങൾ വളരെ നന്നായി ഇംഗ്ലീഷും നേപ്പാളിയും കണക്കും എല്ലാം പഠിക്കുന്നു. കളിക്കുവാനും കോമ്പൗണ്ടിനുള്ളിൽ ഓടിനടക്കുവാനും എല്ലാം കുട്ടികൾക്ക് ധാരാളം സമയമുണ്ട്. നേപ്പാളിലെ പതിവനുസരിച്ച് ഉച്ചക്ക് ഭക്ഷണമില്ല. ഉച്ചകഴിഞ്ഞുള്ള സമയം ഞങ്ങൾ അധികവും ബൈബിൾ പഠനത്തിനുവേണ്ടി ചിലവഴിച്ചു. പിന്നെ നാലുമണിക്ക് ലഘുഭക്ഷണം. ഉരുളക്കിഴങ്ങ് പുഴുങ്ങിയതോ ഗോതമ്പു കൊണ്ടുള്ള റൊട്ടിയോ ആയിരിക്കുമത്. സന്ധ്യക്ക് 7 മണിക്ക് കുട്ടികളുടെ പ്രാർത്ഥനയും അതിന് ശേഷം അത്താഴവും. കുട്ടികൾ 8.30 ആകുമ്പോഴേക്കും ഉറങ്ങാൻ പോകും. പിന്നീട് ഞങ്ങളുടെ പ്രാർത്ഥനയും അത്താഴവും കഴിഞ്ഞ് പത്തരമണിയോടെ ഉറക്കം.

മായാസദന്റെ ചുറ്റുപാടുമുള്ള വീടുകളിൽ ഒന്നു മാത്രമേ വിശ്വാസികളുടേതായിട്ടുള്ളൂ. ദീർഘ ഇത്താന്റെ ഭവനം. ലെപ്രസിക്ലിനിക്കിൽ മെഡിക്കൽ അസിസ്റ്റന്റാണ് ദീർഘ. ഭാര്യ സംചനയും INF-ൽ തന്നെ ജോലി ചെയ്യുന്നു. അവർക്ക് രണ്ട് കുട്ടികളുമുണ്ട്. ജുംലാ സഭയുടെ എല്ലാകാര്യങ്ങളിലും വളരെ ഉത്സാഹം കാണിക്കുന്ന ഈ കുടുംബം മായാസദനിലും പലനിലകളിൽ പ്രയോജനപ്പെട്ടു കൊണ്ടിരിക്കുന്നു.

മായാസദനിൽ മിക്കവാറും സന്ദർശകരുണ്ടാകും. ചുറ്റുപാടും ഉള്ളവരിൽ ആരെങ്കിലുമോ സഭയിലെ വിശ്വാസികളിൽ ആരെങ്കിലുമോ വിദൂരഗ്രാമങ്ങളിൽ നിന്നും അനാഥരായ കുഞ്ഞുങ്ങളെപ്പറ്റി പറയാൻ വരുന്ന ആരെങ്കിലുമോ ഒക്കെ. ചിലപ്പോൾ മായാസദന്റെ ലോക്കൽ കമ്മറ്റി പ്രസിഡന്റ് വിഷ്ണുപ്രസാദ് തിമിൽ സിൻഹ വരും. മുപ്പത് വയസ്സുള്ള ഈ യുവ അഭിഭാഷകനെക്കുറിച്ച് മുമ്പ് പറഞ്ഞിട്ടുണ്ടല്ലോ. ജുംലയിൽ കോടതിയുടെ പ്രവർത്തനം നിലച്ചതിൽ പിന്നെ വിഷ്ണുവിന് പ്രാക്റ്റീസ് ഇല്ല. എന്നാൽ സാമൂഹിക സേവനരംഗത്ത് അദ്ദേഹം വളരെ ഊർജ്ജസ്വലതയോടെ പ്രവർത്തിക്കുന്നു. കർണ്ണാലി അഞ്ചലിലെ ഒരേയൊരു പ്രസിദ്ധീകരണമായ 'കർണ്ണാലി സന്ദേശ്' എന്ന പ്രതിവാര പത്രത്തിന്റെ എഡിറ്ററും കൂടിയാണിദ്ദേഹം. നാലു പേജുകൾ മാത്രമുള്ള 'കർണ്ണാലി സന്ദേശ്' കർണ്ണാലി അഞ്ചലിലെ ജനങ്ങളുടെ പ്രശ്നങ്ങളും ദുരിതങ്ങളുമെല്ലാം നേപ്പാളിലെ മറ്റു ഭാഗങ്ങളിൽ താമസിക്കുന്ന ജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ വളരെ ഉദ്യമിക്കുന്നുണ്ട്. ഇവിടെയുള്ള മറ്റെല്ലാവരെയും പോലെ വിഷ്ണുവും ഹൈസ്കൂളിൽ പഠിക്കുമ്പോൾ തന്നെ വിവാഹിതനായതാണ്. എന്നാൽ പിന്നീട് കാഠ്മണ്ഡുവിൽ പോയി പഠിക്കുവാൻ അവസരം ലഭിച്ച ഇദ്ദേഹം ഇപ്പോൾ ബാലവിവാഹത്തിനും മറ്റനാചാരങ്ങൾക്കുമെല്ലാം എതിരെ ശക്തമായി പ്രവർത്തിച്ചു വരുന്നു. സുവിശേഷ സത്യങ്ങൾ പലപ്രാവശ്യം കേട്ടിട്ടുള്ള വിഷ്ണു തന്റെ ഹൃദയം ക്രിസ്തുവിനായി തുറക്കാനിടയാകട്ടെ എന്നു നമുക്ക് പ്രാർത്ഥിക്കാം.

ഞങ്ങൾ ജുംലയിലെത്തി ഒന്നര മാസം കഴിഞ്ഞപ്പോഴാണ് 'സൃഷ്ടി'യുടെ ജനനം. 'സൃഷ്ടി'ആരാണെന്നല്ലേ? മാലാവീട് ഗ്രാമത്തിൽ നിന്നുള്ള മദൻദേവ് കോട്ട-ശകുന്തള ദമ്പതികളുടെ ആദ്യത്തെ കുഞ്ഞ്. വളരെ പ്രത്യേകതകൾ ഉണ്ട് സൃഷ്ടിയുടെ ജനനത്തിന്. മദൻ ആദ്യമായി മായാസദനിൽ പ്രാർത്ഥനക്കായി വന്നപ്പോൾ വർഷങ്ങളായി വിട്ടുമാറാത്ത പനിയുമായാണ് വന്നത്. പ്രാർത്ഥന കേൾക്കുന്ന കർത്താവ് മദനെ അത്ഭുതകരമായി സൗഖ്യമാക്കി. ആദ്യം മദനും

പിന്നീട് ഭാര്യ ശകുന്തളയും ക്രിസ്തുവിൽ വിശ്വസിക്കാനിടയായി. വിവാഹം കഴിഞ്ഞിട്ട് അനേക വർഷങ്ങൾ ആയിട്ടും ഇവർക്ക് കുട്ടികൾ ഇല്ലായിരുന്നു. ഇവർക്ക് ഒരു കുഞ്ഞിനെ ലഭിക്കുന്നതിനായി ജുംലയിലെ വിശ്വാസികൾ ഒരുമിച്ച് പ്രാർത്ഥിച്ചു. 'മക്കൾ യഹോവ നൽകുന്ന അവകാശവും ഉദരഫലം അവൻതരുന്ന പ്രതിഫലവും തന്നേ'എന്ന വചനത്തെ ഒരിക്കിൽക്കൂടി അന്വർത്ഥമാക്കിക്കൊണ്ട് ദൈവം പ്രാർത്ഥനക്ക് ഉത്തരം നൽകി. ദൈവം അവർക്ക് ഒരു പെൺകുഞ്ഞിനെ നൽകി അനുഗ്രഹിച്ചു. മാതാപിതാക്കൾ ആ കുഞ്ഞിന് 'സൃഷ്ടി'എന്നു പേർവിളിച്ചു! അതു മാത്രമല്ല മാലാവീടു ഗ്രാമത്തിൽ പശുത്തൊഴുത്തിൽ അല്ലാതെ വീട്ടിനുള്ളിൽ ജനിക്കുന്ന ആദ്യത്തെ കുഞ്ഞാണ് സൃഷ്ടി! യാതൊരു കുഴപ്പവുമില്ലാതെ പൂർണ്ണ ആരോഗ്യവതിയായി ജനിച്ച ആ പെൺകുഞ്ഞിനെ ഗ്രാമക്കാർ എല്ലാവരും വളരെ ആശ്ചര്യത്തോടെ ശ്രദ്ധിച്ചു. എന്തൊക്കെയോ മനസ്സിലാക്കാൻ ശ്രമിക്കുന്ന മട്ടിൽ.

ജുംലയിലെ ജീവിതം ഞങ്ങളെ പഠിപ്പിച്ച കാര്യങ്ങൾ ഒട്ടേറെയാണ്. നമ്മുടെ നാട്ടിൽ രണ്ടോ മൂന്നോ കുട്ടികൾ ഉള്ള മാതാപിതാക്കളിൽ പലരും എത്രയധികം ചിന്താഭാരങ്ങളുമായാണ് കഴിഞ്ഞുകൂടുന്നത്? മക്കളെ വളർത്തുന്നതിനെക്കുറിച്ചുള്ള ഭാരങ്ങൾ, അവരുടെ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ഭാരങ്ങൾ, ഭാവിയെക്കുറിച്ചുള്ള ഭാരങ്ങൾ, സാമ്പത്തിക ആവശ്യങ്ങളെക്കുറിച്ചുള്ള ഭാരങ്ങൾ ഇങ്ങനെ എന്തെല്ലാം!

മായാസദനിലെ അന്തരീക്ഷം പൊതുവെ ശാന്തമാണ്. ക്ലാസ്സ് സമയം കഴിഞ്ഞാൽ കോമ്പൗണ്ടിനുള്ളിൽ മുഴുവൻ ഓടിനടക്കുന്ന കുട്ടികളുടെ ആഹ്ലാദാരവങ്ങൾ മാത്രം അവിടെ നിറഞ്ഞു നിൽക്കുന്നു. സ്കൂൾ വിഷയങ്ങൾ പഠിക്കുന്നതിനു വേണ്ടി ദിവസവും ഏതാനും മണിക്കൂറുകൾ മാത്രം ചിലവഴിക്കുന്ന ഈ കുട്ടികൾ വളരെ നന്നായിത്തന്നെ എല്ലാം പഠിക്കുന്നു. കൂടാതെ ദൈവവചനം പഠിക്കുവാനും കളിക്കുവാനുമെല്ലാം ഇവർക്ക് ധാരാളം സമയം ലഭിക്കാറുണ്ട് താനും. (അതിരാവിലെ മുതൽ അന്തിമയങ്ങുന്നതുവരെയും വലിയ പുസ്തകഭാണ്ഡവും ചുമലിലേറ്റി സ്കൂളും ട്യൂഷനുമായി ചിലവഴിച്ചിട്ടും മതിയാവാതെ രാത്രിയാമങ്ങളിലും പുസ്തകകൂമ്പാരവുമായി ഉറക്കിളച്ചിരിക്കുന്ന നമ്മുടെ നാട്ടിലെ കുട്ടികളെക്കുറിച്ച് ഞാൻ ദു:ഖത്തോടെ ഓർത്തു. എന്തൊക്കെയോ എത്തിപ്പിടിക്കാനുള്ള വെമ്പലിൽ, തങ്ങളുടെ മക്കളെ ബൈബിൾ പഠിപ്പിക്കാൻ പോലും ആവശ്യത്തിന് സമയം കണ്ടെത്താത്ത വിശ്വാസികൾ തന്നെയും എത്രയധികം.)

അതുപോലെ തന്നെ, ആകാശത്തിലെ പറവകളെ പുലർത്തുന്നവനും വയലിലെ താമരയെ ചമയിക്കുന്നവനും ആയ സ്വർഗ്ഗീയ പിതാവ് വീഴ്ചകൂടാതെ തന്റെ മക്കളെ ഉടുപ്പിക്കുകയും പുലർത്തുകയും ചെയ്യുന്നത് എനിക്കിവിടെ കാണുവാൻ കഴിഞ്ഞു. നാളെയെക്കുറിച്ചുള്ള ആശങ്കകൾക്കിവിടെ സ്ഥാനമില്ല. ദൈവം എന്നും വിശ്വസ്തനാണല്ലോ.

മായാസദനിലെ കുട്ടികളുടെ അധരങ്ങളിലൂടെ എപ്പോഴും മുഴങ്ങിക്കേൾക്കാറുള്ള മാധുര്യമേറിയ അനേകം പാട്ടുകളുണ്ട്:

'യേശുലായ് ധന്യവാദ്! ദിൻ കത്തി രാമ്രോ !

സേത്തോ ഹിമാൽ ര അല്ലെ പഹാഡ്

ആകാശൗ ചങ്കീലോ.......

യേശുലായ് ധന്യവാദ്.....!

(യേശുവിന് സ്തോത്രം! എത്രമനോഹരമായ ദിവസം! വെണ്മയാർന്ന ഹിമാല യവും ഉന്നതമായ മലകളും തിളങ്ങുന്ന ആകാശവും..... യേശുവിന് സ്തോത്രം!)

'യേശു, യേശു മേരോ ജീവൻകൊ സ്വാമി,

യേശു, യേശു മേരോ ജീവൻകൊ കില്ലാ...'

(യേശു, യേശുവാണ് എന്റെ ജീവിതത്തിന്റെ യജമാനൻ

യേശു, യേശുവാണ് എന്റെ ജീവിതത്തിന്റെ കോട്ട............)

രാവിലെയും വൈകുന്നേരവുമുള്ള പ്രാർത്ഥനാ സമയങ്ങളിൽ മാത്രമല്ല, മായാ സദന്റെ കോമ്പൗണ്ടിൽ ഉടനീളം തുള്ളിച്ചാടി നടക്കുമ്പോഴും അവർ ഇവയെല്ലാം ഈണത്തിൽ പാടിക്കൊണ്ടിരിക്കും. ഉല്ലാസത്തോടെ തങ്ങളുടെ കർത്താവിനെ വാഴ്ത്തി സ്തുതിക്കുന്നതായ ഈ കുട്ടികളുടെ പാട്ടുകളെല്ലാം മായാസദന്റെ മുമ്പി ലൂടെ നടന്നു പോകുന്നവർ ശ്രദ്ധിക്കാറുണ്ട്.

വലിയ പ്രതികൂലങ്ങളുടേയും യുദ്ധകോലാഹലങ്ങളുടേയും നടുവിലും ദൈവം തന്റെ മക്കളെ അതിശയകരമായി പൂർണ്ണസമാധാനത്തിൽ സൂക്ഷിക്കു കയും സംരക്ഷിക്കുകയും ചെയ്യുന്നത് ഞങ്ങൾ ഇവിടെ കണ്ടു. ചുറ്റുപാടും വെടി വെയ്പും ബോംബ് സ്ഫോടനങ്ങളും രക്തച്ചൊരിച്ചിലും നടക്കുമ്പോഴും സർവ്വ ശക്തൻ തന്റെ നിഴലിൻ കീഴിൽ തനിക്കുള്ളവരെ കാത്തുസംരക്ഷിക്കുന്ന കാഴ്ച എത്ര അത്ഭുതകരമാണ്!

23-ാം സങ്കീർത്തനവും 34-ാം സങ്കീർത്തനവും 46-ാം സങ്കീർത്തനവും 91-ാം സങ്കീർത്തനവും 121-ാം സങ്കീർത്തനവുമെല്ലാം ജുംലയിൽ വെച്ച് എഴുതപ്പെട്ടതു പോലെ എനിക്കു തോന്നി! ■

# 12. അത്യുന്നതന്റെ മറവിൽ

ഞങ്ങൾ ജുംലയിൽ വന്ന് ആദ്യത്തെ ഒന്നരമാസത്തോളം നെയ്ബു ജുംലയിൽ ഉണ്ടായിരുന്നു. ഈ സമയത്ത് ഹാബേലും ഭാര്യ എലിസബെത്തും കേരളത്തിൽ പോയിരിക്കുകയായിരുന്നു. അവർ തിരിച്ചു വന്നപ്പോൾ മുകുവിലേക്ക് പോവുകയും മുകുവിലായിരുന്ന ജോർജ്ജും ഭാര്യ ഷോളിയും ജുംലയിലേക്ക് വരികയും ചെയ്തു. അപ്പോൾ നെയ്ബു ഒരു വർഷത്തിന് ശേഷം അല്പനാളുകൾ മാതാപിതാക്കളോടൊപ്പം ചിലവഴിക്കുന്നതിന് നാട്ടിലേക്ക് പോയി. അല്പദിവസങ്ങൾക്കു ശേഷം ബെന്നിയും ഭാര്യ ജെസ്സിയും രണ്ടാമത്തെ കുട്ടി അനുഗ്രഹയും നേപ്പാൾഗഞ്ചിൽ വച്ച് ജനിച്ച മൂന്നുമാസം പ്രായമുള്ള ആനന്ദുമായി ജുംലയിൽ എത്തിച്ചേർന്നു. നേപ്പാൾഗഞ്ചിലെ ബേസ്ക്യാമ്പിന്റെ പ്രാരംഭ ക്രമീകരണങ്ങൾക്കായും ജെസ്സിയുടെ പ്രസവത്തിനായും ബെന്നിയും കുടുംബവും പലമാസങ്ങളായി നേപ്പാൾഗഞ്ചിൽത്തന്നെ ആയിരുന്നു. നേപ്പാൾഗഞ്ചിൽ അവരെക്കൂടാതെ വയനാട്ടിൽ നിന്നുതന്നെ വന്ന മത്തായിയും ഭാര്യ ഷീബയും അവരുടെ രണ്ടു കുട്ടികളും ഉണ്ടായിരുന്നു. (പിന്നീട്, ഞങ്ങൾ ജുംലയിൽ നിന്ന് പോന്ന ശേഷം, വയനാട്ടിൽ നിന്നുതന്നെയുള്ള ഒരു കുടുംബം കൂടി ജുംലയിൽ എത്തി. വിനോയിയും ഭാര്യ സിസ്സിയും അവരുടെ രണ്ട് കുട്ടികളും.) ബെന്നിയും കുടുംബവും കൂടി എത്തിയതോടെ മായാസദനിലെ അന്തരീക്ഷം കൂടുതൽ സജീവമായി. പിന്നീടുള്ള ദിവസങ്ങൾ ഞങ്ങൾ കൂടുതൽ ദൈവവചന പഠനത്തിനായി ചിലവഴിച്ചു. സാധാരണയുള്ള ബൈബിൾ ക്ലാസ്സുകൾ കൂടാതെ പ്രത്യേകമായി, ആഴത്തിലുള്ള വചനപഠനത്തിനായി ഞങ്ങൾ കൂടുതൽ സമയം മാറ്റിവെച്ചു. ജുംലാസഭയിൽ ശുശ്രൂഷകൾ ചെയ്യുന്ന ശീമോനും മദനും ഞങ്ങളോടൊപ്പം പങ്കുചേർന്നു.

ജുംലാജില്ലയിലെ വിദൂര ഗ്രാമങ്ങൾ സന്ദർശിക്കുവാൻ എനിക്ക് വളരെ ആഗ്രഹമുണ്ടായിരുന്നു. ഒന്നുരണ്ടു ദിവസത്തെ വഴിദൂരം നടന്നാൽ മാത്രം എത്തുന്ന ആ ഗ്രാമങ്ങളിലെ സ്ഥിതി ഏറ്റവും ദയനീയമാണെന്ന് ബെന്നിയും മറ്റും പറഞ്ഞ് അറിയാൻ കഴിഞ്ഞു. ബെന്നിയും വിഷ്ണുവും പലതവണ, മായാസദനിലേക്ക് കുട്ടികളെ എടുക്കുന്നതിനായി, അവിടങ്ങളിലൊക്കെ പോയിട്ടുണ്ട്. മാവോവാദികളുടെ പൂർണ്ണനിയന്ത്രണത്തിലുള്ള ആ പ്രദേശങ്ങളിലേക്ക്

കടന്നു ചെല്ലാൻ സാധാരണ ഗതിയിൽ ആരെയും അനുവദിക്കാറില്ല. എന്നാൽ മായാസദനിലേക്ക് പുതുതായി ഏതാനും അപേക്ഷകൾ ആ ഭാഗങ്ങളിൽ നിന്നും വന്നിട്ടുള്ളതിനാൽ അങ്ങോട്ടു പോകുമ്പോൾ എന്നെയും കൂടെ കൊണ്ട് പോകാമെന്ന് വിഷ്ണു സമ്മതിച്ചപ്പോൾ എനിക്ക് വലിയ സന്തോഷം തോന്നി. കൂടാതെ രണ്ടുദിവസം വഴിദൂരമുള്ള മുകുവിലേക്കും ബെന്നിയോടൊപ്പം ഒരു യാത്ര ഞാൻ പ്ലാൻ ചെയ്തു. എന്നാൽ ഇതിനോടകം എന്റെ ഇടതു കാല്പാദത്തിൽ ഒരു വ്രണമുണ്ടായി. ജുംലയിൽ വസന്തകാലത്ത് ധാരാളം കാണാറുള്ള രക്തം കുടിക്കുന്ന ഒരു പ്രാണി ഉണ്ട്. അത് കടിച്ചാൽ അവിടമെല്ലാം ചൊറിഞ്ഞു പൊട്ടും. എന്റെ ഇടതു കാൽപാദത്തിൽ ആദ്യം തന്നെ ഒരു സ്കിൻ അലർജിയുണ്ടായിരുന്നു. അതിന്റെ കൂടെ ഈ പ്രാണികൾ കൂടെ കടിച്ചപ്പോൾ ഇടതു കാല്പാദം ചൊറിഞ്ഞു തടിച്ച് നീരുവെക്കുകയും പിന്നീടത് വ്രണമായിത്തീരുകയും ചെയ്തു. പലമരുന്നുകളും ചെയ്തുകൊണ്ട് നാല് ആഴ്ചകളോളം പുറത്തൊന്നും പോകാതിരുന്നു. എന്നാൽ അല്പമൊന്ന് ശമിച്ചതല്ലാതെ ശരിയായി നടക്കാൻ സാധിക്കുന്ന വിധത്തിൽ സുഖം പ്രാപിച്ചില്ല.

ഇങ്ങനെയിരിക്കുമ്പോഴാണ് ആഗസ്റ്റ് 13-ന് നേപ്പാൾഗഞ്ചിൽ നിന്നും മുകുവിലെ വിശേഷങ്ങളറിയാൻ കഴിഞ്ഞത്. മുകുവിൽ ഹാബേൽ മഞ്ഞപ്പിത്തം ബാധിച്ച് പലദിവസങ്ങളായി ഗുരുതരാവസ്ഥയിൽ കഴിയുന്നു...! മുകുവിലേക്ക് നേപ്പാൾഗഞ്ചിൽ നിന്നുമുള്ള വിമാന സർവ്വീസുകൾ റദ്ദാക്കിയിട്ട് പലമാസങ്ങൾ ആയിരുന്നു. വല്ലപ്പോഴും വരാറുള്ള ഹെലികോപ്റ്ററുകളും മൂടൽമഞ്ഞ് കാരണം പല ആഴ്ചകളായി ഇറങ്ങാറില്ല. ഈ വാർത്ത അറിഞ്ഞ ഉടൻതന്നെ ബെന്നി മുകുവിലേക്ക് പോകുവാനായി ഒരുങ്ങിയിറങ്ങി. എനിക്കും കൂടെപോകണമെന്ന് വളരെ ആഗ്രഹം ഉണ്ടായിരുന്നു. എന്നാൽ കാൽ നിലത്തൂന്നി ശരിക്കു നടക്കാൻ പോലും ആവാത്ത അവസ്ഥയിലായിരുന്ന എനിക്ക് മലനിരകൾ പിന്നിട്ട് രണ്ട് ദിവസത്തെ വഴിദൂരമുള്ള മുകുവിൽ നടന്നെത്തുക എന്നത് ഒട്ടും സാധ്യമായിരുന്നില്ല. ഞാനും ജോർജ്ജും ബെന്നിയോടൊപ്പം രണ്ടു കിലോമീറ്റർ മുകൾ വരെ നടന്നു. പിന്നെ ഞങ്ങൾ ഒരുമിച്ച് പ്രാർത്ഥിച്ചു. ഈ ദിവസങ്ങളിൽ മുകുവിലേക്ക് ആരും തന്നെ നടക്കാറില്ല. മാവോവാദികളുടെ ഭീഷണി തന്നെ കാരണം. മാവോവാദികൾ ആരെയും യാത്രചെയ്യാൻ അനുവദിക്കാറില്ലെന്ന കാര്യവും അനേകരെ ഗ്രാമങ്ങളിൽ നിന്നും മറ്റും യുദ്ധം ചെയ്യാനായി പിടിച്ചുകൊണ്ടു പോകുന്ന കാര്യവും ദിവസവും കേൾക്കാറുണ്ടായിരുന്നു. വിജനമായ ആ വഴിയിലൂടെ മലമുകളിലേക്ക് ഏകനായി നടന്നു പോകുന്ന ബെന്നിയെ നോക്കിക്കൊണ്ട് ഞങ്ങൾ അല്പനേരം നിന്നു. കുറച്ചു നേരമായി പെയ്തുകൊണ്ടിരുന്ന ചാറൽ മഴക്ക് ശക്തി കൂടി വന്നു. മഴയും നനഞ്ഞുകൊണ്ട് ബെന്നി മുകുവിനെ ലക്ഷ്യമാക്കി വലിഞ്ഞു നടന്നു. അല്പനിമിഷങ്ങൾ അവിടെ നിന്നശേഷം ഞങ്ങൾ തിരിഞ്ഞു നടന്നു-താഴെ മായാസദനിലേക്ക്.

✸ ✸ ✸ ✸ ✸ ✸ ✸

മുകുവിൽ ഹാബേലും എലിസബെത്തും വലിയൊരു പ്രതിസന്ധിയെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഹാബേൽ വളരെ പരിക്ഷീണാവസ്ഥയിൽ കിടപ്പാണ്. താഴെ നേപ്പാൾഗഞ്ചിലേക്ക് പോകാൻ യാതൊരു മാർഗ്ഗവുമില്ല. ഭക്ഷണസാധനങ്ങൾ കിട്ടാൻ പോലും മുകുവിൽ വളരെ വിഷമം. ഗ്രാമങ്ങളെല്ലാം

മാവോവാദികൾ ബ്ലോക്ക് ചെയ്തിരുന്നതിനാൽ വിറകും ധാന്യങ്ങളും ഒന്നും മുകുബസാറിലേക്ക് എത്താറില്ലായിരുന്നു. ഇതിനിടെ വിവരമറിഞ്ഞ കാഠ്മണ്ഡുവിലുള്ള സി.വി.ഏബ്രഹാം ഇവരെ എങ്ങനെയെങ്കിലും താഴെ, നേപ്പാൾഗഞ്ചിലെത്തിക്കാൻ പലമാർഗ്ഗങ്ങളും അന്വേഷിക്കുന്നുണ്ടായിരുന്നു. (കാഠ്മണ്ഡുവിൽ അനേക വർഷങ്ങളായി കുടുംബ സമേതം സുവിശേഷ വേലയിൽ വ്യാപൃതനായിരിക്കുന്ന മലയാളിയായ ഈ ദൈവഭക്തൻ ജുംലയിലേയും മുകുവിലേയും നേപ്പാൾഗഞ്ചിലേയും കർത്താവിന്റെ പ്രവർത്തനങ്ങൾക്ക് നൽകിക്കൊണ്ടിരിക്കുന്ന സഹായങ്ങൾ ചെറുതല്ല. ബെന്നിയുടെയും കൂട്ടുവേലക്കാരുടേയും ഹൃദയങ്ങളെ തണുപ്പിക്കുന്നതിലും അവർക്കുവേണ്ടി പ്രാർത്ഥനയിൽ വലിയ പോരാട്ടം കഴിക്കുന്നതിലും തക്കസമയത്ത് സഹായം എത്തിക്കുന്നതിലുമൊക്കെയായി ഇദ്ദേഹത്തെ ദൈവം അത്ഭുതകരമായി ഉപയോഗിച്ചു കൊണ്ടിരിക്കുന്നു.) അദ്ദേഹത്തിന്റെ ശ്രമഫലമായി മുകുവിലുള്ള ആർമി ക്യാമ്പിലെ ക്യാപ്റ്റൻ മായാസദനിലെത്തി വിവരമന്വേഷിച്ചു. മൂടൽ മഞ്ഞ് അല്പം മാറിയാൽ ആർമി ഹെലികോപ്റ്റർ അയച്ച് ഹാബേലിനെ നേപ്പാൾഗഞ്ചിലെത്തിക്കാം എന്നദ്ദേഹം പറഞ്ഞു. എന്നാൽ ആ ദിവസങ്ങളിൽ മൂടൽ മഞ്ഞിന് ഒരു ശമനവും ഉണ്ടായില്ല.

അവസാനം കോവർകഴുതപ്പുറത്തോ മറ്റോ ഹാബേലിനെ ജുംലയിലേക്ക് കൊണ്ടുവരുവാനുള്ള സാധ്യതകളെക്കുറിച്ച് അന്വേഷിക്കുമ്പോഴാണ് ബെന്നി നടന്ന് മുകുവിലെത്തിച്ചേരുന്നത്. ഇതിനോടകം ഹാബേൽ വളരെ അപകടകരമായ നിലയിൽ എത്തിയിരുന്നു. എന്നാൽ പിന്നീടുള്ള ദിവസങ്ങളിൽ ദൈവം അത്ഭുതകരമായിത്തന്നെ അദ്ദേഹത്തിന് സൗഖ്യം നൽകി. ആരോഗ്യം വീണ്ടെടുക്കാൻ പിന്നെയും ചിലമാസങ്ങൾ തന്നെ വേണ്ടിവന്നു എങ്കിലും ആ ദിവസങ്ങളിൽ വളരെ വേഗം അപകടനില തരണം ചെയ്യുകയും രോഗത്തിൽ നിന്നും സൗഖ്യം പ്രാപിക്കുകയും ചെയ്തു.

✸ ✸ ✸ ✸ ✸ ✸ ✸

ബെന്നി മുകുവിലായിരുന്ന ആ ദിവസങ്ങളിൽ എന്റെ കാലിന്റെ അസുഖം വീണ്ടും കൂടി. അതുകൊണ്ട് ഞാൻ ലെപ്രസി ക്ലിനിക്കിലെ ഡോ. ആൻസിയുടെ ഉപദേശപ്രകാരം ആന്റിബയോട്ടിക്കും മറ്റുചില മരുന്നുകളും ഉപയോഗിച്ചു. നേപ്പാളിൽ ലഭ്യമായ പല മരുന്നുകളും ശരിയായ ഗുണനിലവാരം ഇല്ലാത്തതാണ്. ഞാൻ ഉപയോഗിച്ച മരുന്നുകൾ യാതൊരു ഗുണവും ചെയ്തില്ല എന്നുമാത്രമല്ല കാലിലെ വ്രണം കൂടുതൽ ഗുരുതരമാക്കുകയും ശരീരം മുഴുവൻ അലർജി ബാധിച്ച് പൊട്ടിയൊലിക്കാൻ കാരണമാവുകയും ചെയ്തു. പിന്നീട് ആന്റിബയോട്ടിക്കുകൾ പലതും മാറ്റിക്കഴിച്ചെങ്കിലും കഴിക്കുന്ന മരുന്നുകളെല്ലാം കൂടുതൽ അലർജി ഉണ്ടാക്കുകയാണ് ചെയ്തത്. മുഖവും ചെവിയുമെല്ലാം പൊട്ടിയൊലിക്കുകയും ചുണ്ടുകൾ നീരുവെച്ച് തടിക്കുകയും ചെയ്തു. വായ് തുറന്ന് ഭക്ഷണം പോലും ശരിക്ക് കഴിക്കാൻ പറ്റാത്ത അവസ്ഥ. ദേഹമാസകലം ചൊറിച്ചിലും നീറ്റലും. വേദനാസംഹാരി ഗുളികകൾ പോലും കഴിക്കാൻ പറ്റാതെ ആ ദിവസങ്ങൾ തള്ളിനീക്കേണ്ടിവന്നു. ചികിത്സക്കായി നേപ്പാൾഗഞ്ചിലേക്ക് പോകുന്നതാണ് നല്ലതെന്ന് എല്ലാവരും ഉപദേശിച്ചു. എന്നാൽ ബെന്നി മുകുവിൽ നിന്ന് തിരിച്ചെത്തുന്നതിന് മുമ്പ് ജുംല വിടാൻ എനിക്ക് മനസ്സുവന്നില്ല. എല്ലാറ്റിന്റേയും പിന്നിൽ ദൈവത്തിനെ

ന്തെങ്കിലും നല്ല ഉദ്ദേശം ഉണ്ടാകുമെന്ന് ഞാൻ ചിന്തിച്ചു. എന്തെങ്കിലും രോഗം വന്നാൽ ശരിയായ ചികിത്സ ഒന്നും ലഭിക്കാൻ മാർഗ്ഗമില്ലാത്ത ജുംലയിലെ ജനങ്ങളുടെ ജീവിതത്തെക്കുറിച്ച് ഞാൻ ചിന്തിച്ചു. അവരുടെ അവസ്ഥ മനസ്സിലാക്കാനുള്ള ഒരു ചെറിയ അവസരമായിരിക്കും ഇതെന്ന് ഞാൻ കരുതി. എന്നാൽ ഇടത് കാല്പാദത്തിലെ വൃണം കൂടുതൽ ഗുരുതരമായപ്പോൾ ഡോ. ആൻസിയും ഭയപ്പെട്ടു. എത്രയും വേഗം നേപ്പാൾഗഞ്ചിലേക്ക് പോകുന്നതാണ് നല്ലതെന്നു അവർ പറഞ്ഞു. ആ ദിവസങ്ങളിൽ തന്നെ ഞങ്ങൾക്ക് പോകുവാൻ വിമാന ടിക്കറ്റിനുള്ള പണവും ലഭിച്ചു. ഇനി താമസിക്കേണ്ട, പോവുക തന്നെ എന്നു കരുതി.

ആഗസ്റ്റ് 20, 2004. ഞാനും ജെസ്സിയും കുട്ടികൾ രണ്ടുപേരുമായി നേപ്പാൾഗഞ്ചിലേക്ക് പോകുവാനായി ഒരുങ്ങി. രാവിലെ 9.30 ആയപ്പോഴേക്കും അടുത്തുള്ള തിബറ്റുകാരൻ കുതിരയുമായെത്തി. കടിഞ്ഞാണില്ലാത്ത ഒരു വലിയ കറുത്ത കുതിര! കുതിരയുടെ മുഖത്ത് കെട്ടിയിട്ടുള്ള കയറിന്റെ അറ്റത്ത് പിടിച്ചുകൊണ്ടാണ് അയാൾ വന്നത്. ഞാൻ മറ്റുള്ളവരുടെ സഹായത്തോടെ ഒരുവിധത്തിൽ കുതിരപ്പുറത്ത് കയറിപ്പറ്റി. എന്നോട് കുതിരയുടെ കുഞ്ചിരോമത്തിൽ പിടിച്ചിരുന്നുകൊള്ളാൻ പറഞ്ഞു. തിബറ്റുകാരന്റെ മറ്റു രണ്ടു കുതിരകൾ കൂടി ബസാറിലേക്കുള്ള വഴിക്ക് പോകേണ്ടതായിട്ട് ഉണ്ടായിരുന്നു. രണ്ട് വെള്ളക്കുതിരകൾ. ഞങ്ങളുടെ ലഗ്ഗേജുകൾ അവയുടെ പുറത്ത് കെട്ടിവച്ചു. വെള്ളക്കുതിരകളെ നയിച്ചു കൊണ്ട് തിബറ്റുകാരന്റെ ഭാര്യ മുമ്പിൽ നടന്നു. പിറകെ ഞാനിരിക്കുന്ന കറുത്ത കുതിരയെ നയിച്ചുകൊണ്ട് തിബറ്റുകാരനും. പിന്നാലെ ജോർജ്ജും ശിമോനും ദീർഘയും മദനും. പിന്നെ ജെസ്സിയും ആശിഷ് മോനും തുഷാര മോളെ എടുത്തുകൊണ്ട് പത്മദീദിയും. ഇങ്ങനെ ഒരു ഘോഷയാത്രപോലെ ഞങ്ങൾ എയർപോർട്ടിലേക്കുള്ള വഴിയിലൂടെ നീങ്ങി.

കുതിരപ്പുറത്ത് വളരെ ശ്രദ്ധിച്ച് ഞാൻ പിടിച്ചിരുന്നു. ഇടത് കാലിന് അസഹ്യമായ വേദന. മുഖം മുഴുവൻ കലാമിൻ ലോഷൻ തേച്ചിട്ട്- പെയിന്റ് ചെയ്തതുപോലെ. ഉരുളൻ കല്ലുകളും കുഴികളും കയറ്റവും ഇറക്കവുമുള്ള ആ വഴിയിലൂടെ കടിഞ്ഞാണില്ലാത്ത കുതിരപ്പുറത്തുള്ള സവാരി വല്ലാത്തൊരു അനുഭവം തന്നെയായിരുന്നു. തിബറ്റുകാരൻ കുതിരയെ വളരെ സാവധാനം നടത്താൻ ശ്രദ്ധിച്ചിരുന്നു എങ്കിലും പലപ്പോഴും കുതിര വേഗതകൂട്ടി. വഴിയുടെ ഇരുവശങ്ങളിലും നിരനിരയായുള്ള തിബറ്റൻ ഭവനങ്ങളിൽ നിന്ന് സ്ത്രീകളും കുട്ടികളും ഈ വിചിത്രമായ ഘോഷയാത്രകണ്ട് കൗതുകത്തോടെ തലനീട്ടി നോക്കുന്നുണ്ടായിരുന്നു. സദാ പ്രാർത്ഥനാ ചക്രം കറക്കി പ്രാർത്ഥനാമന്ത്രങ്ങൾ ഉരുവിട്ടുകൊണ്ട് തന്റെ വീടിന്റെ വരാന്തയിൽ ഇരിക്കുന്ന തിബറ്റുകാരി അമ്മൂമ്മ ഒരു നിമിഷം ചക്രം കറക്കുന്നത് നിർത്തി ചോദ്യഭാവത്തിൽ എന്നെ നോക്കി. ( ഈ അമ്മൂമ്മ ഇതിനോടകം ഞങ്ങൾക്ക് വളരെ സുപരിചിതയായിത്തീർന്നിരുന്നു. പ്രാർത്ഥന കേൾക്കുന്ന ജീവനുള്ള ദൈവത്തെക്കുറിച്ച് ഞങ്ങൾ ഈ അമ്മൂമ്മയോട് പറഞ്ഞിട്ടുമുണ്ട്.)

'ബിരാമി, തലിത്തീര ജാഞ്ചു'( സുഖമില്ല; താഴേക്ക് പോവുകയാണ്) ഞാൻ പുഞ്ചിരിക്കാൻ ശ്രമിച്ചുകൊണ്ട് പതിയെപ്പറഞ്ഞു.

അമ്മൂമ്മ തലകുലുക്കി. പിന്നെ സഹതാപത്തോടെ എന്റെ പോക്കും നോക്കിയിരുന്നു.

ബസാറിനോടടുത്തപ്പോൾ മാവോവാദി ഭീഷണിമൂലം കാവൽ നിൽക്കുന്ന തോക്കുധാരികളായ ഒരു സംഘം പോലീസുകാർ ഞങ്ങളെ തടഞ്ഞു നിർത്തി. ഞാൻ എന്റെ ഇടതു കാല്പാദത്തിലേക്ക് ചൂണ്ടിക്കാണിച്ചു. കാര്യം മനസ്സിലായ അവർ ഞങ്ങളോട് പൊയ്ക്കൊള്ളാൻ പറഞ്ഞു.

എയർപോർട്ടിൽ എത്തിയപ്പോഴേക്കും നേപ്പാൾ ഗഞ്ചിലേക്കുള്ള ഒരു വിമാനം പോയിക്കഴിഞ്ഞിരുന്നു. അന്വേഷിച്ചപ്പോൾ അടുത്ത ട്രിപ്പ് അല്പം കഴിഞ്ഞേ ഉണ്ടാവുകയുള്ളൂ എന്നറിഞ്ഞു. സെക്യൂരിറ്റി പരിശോധന നടത്തുന്ന പോലീസുകാർക്കും ആർമിക്കാർക്കും സഹതാപം തോന്നി എന്നെ ടിക്കറ്റില്ലാതെ തന്നെ എയർപ്പോർട്ടിനുള്ളിൽ കടന്ന് അവിടെയിട്ടിരിക്കുന്ന ബെഞ്ചിൽ കിടക്കാൻ അനുവദിച്ചു. മണിക്കൂറുകൾ ഇഴഞ്ഞു നീങ്ങി. ഇനി വിമാനം ഒന്നും വരാതിരിക്കുമോ എന്ന് ഞാൻ ഭയപ്പെട്ടു. എങ്കിലും പ്രതീക്ഷയോടെ പ്രാർത്ഥിച്ചുകൊണ്ട് ബഞ്ചിൽ കിടന്നു. ശിമോൻ എന്നെ ശ്രദ്ധിച്ചുകൊണ്ട് അരികെ നിന്നു. ബാക്കിയെല്ലാവരും എയർപ്പോർട്ടിന് പുറത്തായിരുന്നു. ഇടക്ക് കാവൽ നിൽക്കുന്ന പട്ടാളക്കാരിൽ ചിലർവന്ന് എന്തുപറ്റിയതാണെന്നന്വേഷിച്ചു. ഇരുപത് വയസ്സോളം മാത്രം പ്രായമുള്ള ചെറുപ്പക്കാർ. ചെറുപ്പത്തിലേ ആയുധമേന്തേണ്ടി വന്നവർ! ശിമോൻ അവരോട് വിവരങ്ങൾ എല്ലാം പറഞ്ഞു. ഞാൻ നേപ്പാളി അല്ലെന്ന് അറിഞ്ഞപ്പോൾ അവർക്ക് ജിജ്ഞാസ കൂടി. ഞാൻ ജുംലയിൽ എന്തു ചെയ്യുകയാണ് എന്നവർ അന്വേഷിച്ചു. അനാഥകുഞ്ഞുങ്ങളെ നോക്കുകയാണെന്ന് പറഞ്ഞപ്പോൾ എത്ര ശമ്പളം കിട്ടും എന്നായി അവരുടെ ചോദ്യം. ശമ്പളം ഒന്നും ഇല്ലെന്നും സൗജന്യ സേവനമാണെന്നും പറഞ്ഞപ്പോൾ ഇവിടെ വന്ന് അങ്ങനെയാരെങ്കിലും ചെയ്യാൻ തയ്യാറാകുമോ എന്ന് അവർ ആശ്ചര്യത്തോടെ ചോദിച്ചു. സാധാരണ ആരും അങ്ങനെ ചെയ്യില്ലെന്നും ക്രിസ്ത്യാനികൾ മാത്രമേ ചെയ്യുകയുള്ളൂ എന്നും ശിമോൻ പറഞ്ഞപ്പോൾ എന്തൊക്കെയോ മനസ്സിലായതുപോലെ അവർ തലകുലുക്കി. അല്പ നിമിഷം കൂടെ എന്റെ കിടപ്പും നോക്കി നിന്നിട്ട് അവർ നടന്നു നീങ്ങി.

ഉച്ചയായിട്ടും പിന്നെ വിമാനമൊന്നും വന്നില്ല. ഉച്ചകഴിഞ്ഞപ്പോഴേക്കും മലനിരകൾ ഇരുണ്ട് മൂടുവാൻ തുടങ്ങി. രണ്ടര മണിയായപ്പോൾ ഒരു പോലീസുകാരൻ വന്നു പറഞ്ഞു, ട്രിപ്പുകളെല്ലാം റദ്ദാക്കിയെന്ന്. ഭയപ്പെട്ടതു തന്നെ സംഭവിച്ചു. ഇനിയെന്തു ചെയ്യും? അല്പസമയം എന്തുചെയ്യണമെന്നറിയാതെ അവിടെത്തന്നെയിരുന്നു. പിന്നെ ജോർജ്ജിന്റേയും ശിമോന്റെയും തോളിൽ തൂങ്ങി എയർപോർട്ടിന് പുറത്ത് കടന്ന് ഒരു ചായക്കടയിലിരുന്നു. ജെസ്സിയേയും മക്കളെയും പത്മദീദിയുടെ കൂടെ മായാസദനിലേക്ക് തിരിച്ചയച്ചു. എനിക്ക് പോകാൻ കുതിരയില്ല. തിബറ്റുകാരൻ എന്തോസാധനങ്ങൾ കൊണ്ടുവരാൻ കുതിരകളുമായി എവിടെയോ പോയിരിക്കുകയാണ്. അവസാനം ലെപ്രസി ക്ലിനിക്കിൽ പോയി സ്ട്രെച്ചർ കൊണ്ടുവരാൻ തീരുമാനമായി. സഹോദരന്മാർ എല്ലാവരും ചേർന്ന് എന്നെ സ്ട്രെച്ചറിൽ ചുമന്നു. ഹോ, ആദ്യമായൊരു സ്ട്രെച്ചർ യാത്ര! വളരെ ജാള്യതയോടും വിഷമത്തോടും കൂടെ ഞാൻ സ്ട്രെച്ചറിൽ കിടന്നു. ദൈവത്തിന് എന്തെങ്കിലും ഉദ്ദേശം കാണും എന്നു ഞാൻ ആശ്വസിച്ചു. വീണ്ടും ഡോ. ആൻസി

യുടെ അടുത്തേക്ക് തന്നെ പോകാൻ തീരുമാനിച്ചു. ബസാറിലുള്ളവർ വീണ്ടും ആകാംക്ഷയോടെ നോക്കി. രാവിലെ പരിക്ഷീണനായി കുതിരപ്പുറത്ത് പോകുന്നതായിക്കണ്ട എന്നെ സ്റ്റ്രച്ചറിൽ തിരിച്ചു കൊണ്ട് വരുന്നത് കണ്ടപ്പോൾ മരിച്ചു പോയിക്കാണും എന്ന് പലരും വിചാരിച്ചിരിക്കാം.

ഡോ. ആൻസി വീണ്ടും എന്നെ ശ്രദ്ധാപൂർവ്വം പരിശോധിച്ചു. കാലിലെ വ്രണം വളരെ സാവധാനം വൃത്തിയാക്കി. പഴുത്ത് വീർത്ത തൊലിയെല്ലാം മുറിച്ചു നീക്കി. ആന്റിസെപ്റ്റിക് ലോഷനുപയോഗിച്ച് കഴുകി, വ്രണം വൃത്തിയാക്കി, ഡ്രസ്സ് ചെയ്തു. എല്ലാം കഴിഞ്ഞപ്പോൾ ഡോ. ആൻസി ആശ്വാസത്തോടെ പറഞ്ഞു: 'പ്രതീക്ഷിച്ചത്രയും ഉള്ളിലേക്ക് പഴുപ്പ് വ്യാപിച്ചിട്ടില്ല. രണ്ടു മൂന്ന് ദിവസം കൂടി ഡ്രസ്സ് ചെയ്തു നോക്കാം. മറ്റൊരു ആന്റിബയോട്ടിക്കും കഴിക്കാം. കുറയുന്നില്ലെങ്കിൽ നേപ്പാൾഗഞ്ചിലേക്ക് പോയാൽ മതി.' വീണ്ടും സ്റ്റ്രച്ചറിൽ മായാസദനിലേക്ക്. എന്റെ ശരീരം ആസകലമുള്ള അലർജി കൂടുതലായി പൊട്ടിയൊലിക്കാൻ തുടങ്ങിയെങ്കിലും അടുത്ത ദിവസങ്ങളിൽ എന്റെ കാലിലെ വ്രണം സാവധാനം സുഖപ്പെട്ടു വന്നു. പിന്നീടുള്ള ദിവസങ്ങളിൽ എന്നും രാവിലെ, ദീർഘ, മായാസദനിൽ എത്തി കഴുകി കെട്ടുവാൻ തുടങ്ങി. വളരെ സൂക്ഷ്മതയോടെ കഴുകി വൃത്തിയാക്കി ഡ്രസ്സ് ചെയ്ത ശേഷം അദ്ദേഹം ദിവസവും പ്രാർത്ഥിക്കും. ചില ദിവസങ്ങളിൽ ഡോ. ആൻസിയും വന്ന് പരിശോധിച്ചു കൊണ്ടിരുന്നു.

✸ ✸ ✸ ✸ ✸ ✸ ✸

ആഗസ്റ്റ് 20, 2004. രാത്രി 10 മണിയായപ്പോഴേക്കും മായാസദനിൽ എല്ലാവരും ഉറങ്ങി. പകൽ മുഴുവൻ കിടപ്പായിരുന്നതുകൊണ്ട് ഞാൻ രാത്രി ഉറക്കം വരാതെ കിടന്നു. ഏകദേശം 10.45 ആയപ്പോൾ ജുംലാബസാറിൽ നിന്നും വെടിയൊച്ച കേട്ടുതുടങ്ങി! ആദ്യം ഒറ്റപ്പെട്ട ശബ്ദങ്ങൾ. പിന്നീടത് രൂക്ഷമായ വെടിവെയ്പായിത്തീർന്നു. ഇടക്കിടെ വലിയ ബോംബ് സ്ഫോടനത്തിന്റെ ശബ്ദങ്ങളും! മാവോവാദികൾ എത്തിയിരിക്കുന്നു! ജുംലബസാർ അവർ വീണ്ടും ആക്രമിക്കാൻ പോകുന്നു എന്ന ശ്രുതി കുറെനാളുകളായി ഉണ്ടായിരുന്നു. ഇതുപോലൊരു രാത്രിയിൽ, 2002 നവംബർ 13-ന്, നടന്ന ജുംലാ ആക്രമണത്തെക്കുറിച്ച് പറഞ്ഞു കേട്ടിട്ടുള്ളത് ഞാൻ ഓർത്തു. അന്ന് ജുംലാബസാർ പാടെ തകരുകയും ഒരു ശവപ്പറമ്പുപോലെ ആകുകയും ചെയ്തു. ഇന്നെന്തൊക്കെയാണാവോ സംഭവിക്കുക? ഏതു നിമിഷവും അവർ മായാസദനിലേക്കും ഇരച്ച് കയറിവരാം. മാവോവാദികൾ ആക്രമിക്കുന്നിടത്തെല്ലാം കടകളും വീടുകളും ഓഫീസുകളുമെല്ലാം കൊള്ളയടിക്കാറുമുണ്ട്. ജനൽ തുറന്ന് ഞാൻ അല്പസമയം നോക്കിയിരുന്നു. എന്തിനെന്നറിയാതെ അന്യോന്യം പൊരുതി മരിക്കുന്ന മനുഷ്യാത്മാക്കളെക്കുറിച്ച് ഞാനോർത്തു. ജുംലാതാഴ്വരയെ കിടിലം കൊള്ളിക്കുന്ന മരണത്തിന്റെ മുഴക്കം...! ശരിയായ ആഹാരമൊന്നും ഇല്ലാതെയുള്ള ജുംലയിലെ ജീവിതം കൊണ്ടും പല ആഴ്ചകളായുള്ള അസുഖത്താലും ആരോഗ്യം ക്ഷയിച്ച് തികച്ചും ക്ഷീണിതനായിത്തീർന്നിരുന്ന ഞാൻ വീണ്ടും കിടക്കയിൽ വന്നു കിടന്നു. ഈ രാത്രയിൽ എന്തൊക്കെയാവും സംഭവിക്കുക? നാളെ രാവിലെ എന്തെല്ലാമായിരിക്കും കേൾക്കുക? ഞാൻ അസ്വസ്ഥമായ മനസ്സോടെ അല്പസമയം ചിന്തിച്ചു കൊണ്ടു കിടന്നു. പിന്നെ ഞാൻ കർത്താവിങ്കലേക്ക് മുഖം തിരിച്ചു. പെട്ടെന്ന് 91-ാം സങ്കീർത്തനത്തിലെ വാക്യങ്ങൾ എന്റെ മനിസ്സിലേക്ക് ഒഴുകി വന്നു:

'അത്യുന്നതന്റെ മറവിൽ വസിക്കുകയും

സർവ്വശക്തന്റെ നിഴലിൻകീഴിൽ പാർക്കുകയും ചെയ്യുന്നവൻ

യഹോവയെക്കുറിച്ച്: അവൻ എന്റെ സങ്കേതവും കോട്ടയും

ഞാൻ അശ്രയിക്കുന്ന എന്റെ ദൈവവും എന്നുപറയുന്നു.

അവൻ നിന്നെ വേട്ടക്കാരന്റെ കണിയിൽ നിന്നും

നാശകരമായ മഹാമാരിയിൽ നിന്നും വിടുവിക്കും.

തന്റെ തൂവലുകൾ കൊണ്ട് അവൻ നിന്നെ മറെക്കും;

അവന്റെ ചിറകിൻ കീഴിൽ നീ ശരണം പ്രാപിക്കും

അവന്റെ വിശ്വസ്തത നിനക്കു പരിചയും പലകയും ആകുന്നു.'

സർവ്വശക്തനും സർവ്വാധികാരിയുമായ എന്റെ സ്വർഗ്ഗീയ പിതാവിന്റെ നിയന്ത്രണത്തിലാണല്ലോ സകലവും ഇരിക്കുന്നത് എന്ന ചിന്ത എന്റെ ഹൃദയത്തെ വലിയ സമാധാനം കൊണ്ട് നിറച്ചു. ആ വലിയ ആശ്വാസത്തോടെ ഞാൻ കർത്താവിനോട് പ്രാർത്ഥിച്ചു.

ജുംലാതാഴ്‌വരയിലെ നിസ്സഹായരായ ജനങ്ങളുടെ സംരക്ഷണത്തിനായി,

മാവോവാദികളുടെ ആലോചന വിഫലമാകുന്നതിനായി,

ജുംലാബസാർ വീണ്ടുമൊരു ശവപ്പറമ്പായി തീരാതിരിക്കുന്നതിനായി,

ജുംലയിൽ കർത്താവിനുള്ളവരെയോർത്ത്.......

പിന്നെ ഞാൻ സമാധാനത്തോടെ കിടന്നുറങ്ങി.

പിറ്റെ ദിവസം തലേരാത്രിയിലെ ആക്രമണത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിഞ്ഞു. മിക്കവാറും സർക്കാർ ഓഫീസുകളും മാവോവാദികൾ ബോംബ് വെച്ചു തകർത്തു. ജില്ലാ പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം നിലംപരിചാക്കി. പോലീസുകാർ എല്ലാവരും മാവോവാദികൾ വരുന്നത് കണ്ടയുടൻതന്നെ ആയുധമുപേക്ഷിച്ച് ഓടി രക്ഷപ്പെട്ടു. 2002–ലെ ആക്രമണത്തിലുണ്ടായിരുന്നതിലും കൂടുതൽ ആധുനികമായ ആയുധങ്ങളുമായാണത്രെ മാവോവാദികൾ ഇത്തവണ എത്തിയിരുന്നത്. ലൈറ്റ് മെഷീൻ ഗണ്ണുകളും റോക്കറ്റ് ലോഞ്ചറുകളും ഒക്കെയായി. എങ്കിലും മൂന്ന് മണിക്കൂർ നേരത്തെ ആക്രമണത്തിന് ശേഷം തങ്ങൾക്ക് പിടികിട്ടിയ ആറു പോലീസുകാരെയും തങ്ങൾക്കെതിരെ പ്രവർത്തിക്കുന്നവരെന്ന് തോന്നിയ മറ്റ് ചിലരെയും ബന്ദികളായി പിടിച്ചുകൊണ്ട് അവർ മടങ്ങിപ്പോയി.

ആർമിയുടെ പ്രത്യാക്രമണത്തിൽ മാവോവാദികളിൽ ചിലർ കൊല്ലപ്പെട്ടിട്ടുണ്ട് എന്നാണ് കേട്ടത്. എന്നാൽ മൃതശരീരങ്ങളൊന്നും കണ്ടെത്താനായില്ല.

ജുംലാബസാറിന്റെ നടുവിൽ തന്നെയുള്ള ഒരു വാടക കെട്ടിടത്തിലെ വലിയ ഒരു മുറിയിലാണ് ജുംലാസഭ കൂടി വന്നിരുന്നത്. തൊട്ടടുത്ത രണ്ട് മുറികളിലായാണ് സുവിശേഷകനായ ശീമോനും കുടുംബവും താമസിക്കുന്നത്. ആ കെട്ടിടത്തിലെ ബാക്കി മുറികളിലെല്ലാം താമസിക്കുന്നത് പോലീസുകാരാണ്. മാവോവാദികൾ എത്തിയ വിവരമറിഞ്ഞ ഉടൻ പുരുഷന്മാരായ പോലീസുകാരെല്ലാം തങ്ങളുടെ കുടുംബാംഗങ്ങളെ തനിച്ചാക്കി പുറത്തേക്ക് ഓടി രക്ഷപ്പെട്ടു. മാവോവാദികൾ ഈ കെട്ടിടത്തിനു ചുറ്റുമുള്ള കെട്ടിടങ്ങളെല്ലാം ഒന്നൊന്നായി ബോംബ് വെച്ച് തകർത്തു. ശീമോനും ഭാര്യയും നാലു മക്കളും രാത്രി മുഴുവൻ ഉറങ്ങാതെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ചുറ്റുപാടും നടന്ന ഓരോ സ്ഫോടനത്തിലും, കല്ലും ചെളിയുമുപയോഗിച്ച് പണിത ആ കെട്ടിടം കിടിലം കൊണ്ടു. ചുറ്റുപാടും നടന്ന സ്ഫോടനങ്ങളുടെ ആഘാതത്തിൽത്തന്നെ തകരുവാനുള്ള ഉറപ്പ് മാത്രമേ അതിനുണ്ടായിരുന്നുള്ളൂ. എങ്കിലും ആ കെട്ടിടത്തിന് ആപത്തൊന്നും സംഭവിച്ചില്ല. തൊട്ടു ചേർന്നുള്ള കെട്ടിടങ്ങളെല്ലാം തകർത്തിട്ടും മാവോവാദികൾ ഈ കെട്ടിടം നശിപ്പിക്കാൻ തുനിഞ്ഞുമില്ല. സർവ്വശക്തിയുള്ള ദൈവം വളരെ അത്ഭുതകരമായി തന്റെ നിഴലിൻ കീഴിൽ അവരെ സംരക്ഷിക്കുകയായിരുന്നു! ( പിന്നീട് ശീമോന് കുടുംബമായി താമസിക്കുവാൻ മായാസദനടുത്തായി നല്ല സൗകര്യമുള്ള ഒരു വീട് കുറഞ്ഞ വാടകയിൽ ലഭിച്ചു. അതുപോലെതന്നെ സഭായോഗത്തിനായി 150 പേർക്കോളം ഇരിക്കാവുന്ന വളരെ സൗകര്യപ്രദമായ ഒരു ഹാൾ ജുംലാബസാറിൽ തന്നെ ലഭിക്കുകയും ചെയ്തു.)

22-ാം തീയ്യതി ഞായറാഴ്ച ഉച്ചകഴിഞ്ഞപ്പോഴേക്കും ബെന്നി മുകുവിൽ നിന്നും തിരിച്ചെത്തി. മുകുവിലേക്കുള്ള യാത്രയിലും ബെന്നിയെ മാവോവാദികളുടെ യാതൊരു ഉപദ്രവവും നേരിടാതെ ദൈവം സംരക്ഷിച്ചു. മുകുവിൽ ഹാബേൽ സുഖം പ്രാപിച്ചു വരുന്നു എന്നറിഞ്ഞ് ഞങ്ങൾ വളരെ സന്തോഷിച്ചു. ( എന്നാൽ പിന്നീട് രണ്ട് മാസത്തിന് ശേഷം, മാവോവാദികൾ മുകു ആക്രമിച്ച് നിശ്ശേഷം തകർത്തു. ചുറ്റുപാടുമുള്ള കെട്ടിടങ്ങളെല്ലാം തകർക്കപ്പെട്ടപ്പോഴും മുകു മായാസദനെ ദൈവം അത്ഭുതകരമായി സംരക്ഷിച്ചു. പിന്നീട് അവിടെയുള്ള 10 കുട്ടികളേയും ഹാബേലിനേയും എലിസബെത്തിനെയും തൽക്കാലത്തേക്ക് നേപ്പാൾഗഞ്ചിലെ ബേസ്ക്യാമ്പിലേക്ക് മാറ്റി.)

ഞാനും പിന്നീടുള്ള ദിവസങ്ങളിൽ വളരെ വേഗം സുഖം പ്രാപിച്ചു വന്നു. ശരീരം പൊട്ടിയൊലിച്ചു കൊണ്ടിരുന്നത് ഉണങ്ങിത്തുടങ്ങി. കാലിലെ വ്രണവും കരിഞ്ഞു തുടങ്ങി. എന്റെ ശരീരത്തിൽ നിന്നും മരത്തിന്റെ തൊലി പൊളിഞ്ഞു പോകുന്നതു പോലെ ചർമ്മം പൊളിഞ്ഞ് പൊയ്ക്കൊണ്ടിരുന്നു.

✸ ✸ ✸ ✸ ✸ ✸ ✸

ആഗസ്റ്റ് 28, 2004. പല ആഴ്ചകൾക്ക് ശേഷം ജുംലയിലെ ദൈവമക്കളോടൊപ്പം ഞാൻ, സഭയായി വീണ്ടും ദൈവത്തെ ആരാധിച്ചു. ഒരിക്കൽക്കൂടി ജുംലാ

സഭയിൽ ദൈവവചനം പങ്കുവെക്കുവാനും ദൈവമെന്നെ ശക്തീകരിച്ചു. ചുണ്ടുകളിലെ വ്രണം കാരണം എനിക്ക് ശരിയായി വായ് തുറന്ന് സംസാരിക്കുവാൻ കഴിയുമായിരുന്നില്ല. നിറകണ്ണുകളോടെ തൽക്കാലത്തേക്ക് ആ പർവ്വതവാസികളായ എന്റെ സഹോദരങ്ങളോട് ഞാൻ യാത്ര പറഞ്ഞു പിരിഞ്ഞു. മനസ്സിൽ അവരുടെ നിഷ്കളങ്കമായ സ്നേഹത്തിന്റേയും ക്രിസ്തുവിലുള്ള അവരുടെ അചഞ്ചലമായ വിശ്വാസത്തിന്റേയും ഒളിമങ്ങാത്ത ഓർമ്മകളുമായി........

✸ ✸ ✸ ✸ ✸ ✸ ✸

സെപ്റ്റംബർ ഒന്ന്, ബുധനാഴ്ച, രാവിലെ ജുംലാ മായാസദനിലെ കുട്ടികളോട് യാത്ര പറഞ്ഞിറങ്ങി. ഇത്തവണ കുതിരപ്പുറത്തല്ല. എന്റെ മുഖം കരുവാളിച്ചും കൈകാലുകളിൽ നിന്നും ചർമ്മം പൊളിഞ്ഞു പൊയ്ക്കൊണ്ടും ഇരുന്നു എങ്കിലും എനിക്ക് നല്ലവണ്ണം നടക്കാമായിരുന്നു. ജുംലാ എയർപോർട്ടിലേക്ക് ബെന്നിയും ജോർജ്ജും ജുംലയിലെ ചില വിശ്വാസികളും ഞങ്ങളോടൊപ്പം വന്നു. ഉച്ചക്ക് 12 മണിയോടെ നേപ്പാൾഗഞ്ചിലേക്കുള്ള വിമാനം വന്നു. ഞങ്ങൾ ഇങ്ങോട്ട് വന്ന യതി എയർലൈൻസിന്റെ അതേ കൊച്ചു വിമാനം തന്നെ! ജുംലാ താഴ്വരയോട് വിടപറഞ്ഞ് അത് ഞങ്ങളേയും കൊണ്ട് പറന്നുപൊങ്ങി. താഴെ മലനിരകൾക്കിടയിലൂടെ അങ്ങ് താഴേക്ക് ഒഴുകിപ്പോകുന്ന തിലക് നദി. ജുംലാ താഴ്വര സാവധാനം കണ്ണിൽ നിന്ന് മറഞ്ഞെങ്കിലും മനസ്സ് നിറയെ മായാത്ത ഓർമ്മകൾ... . അല്പസമയം മലനിരകൾക്കിടയിലായുള്ള ഗ്രാമങ്ങളേയും കൃഷിയിടങ്ങളേയും നോക്കിയിരുന്നു. പിന്നെ മേഘക്കൂട്ടങ്ങൾ മലനിരകളേയും താഴ്വരകളെയുമെല്ലാം കാഴ്ചയിൽ നിന്നും മറച്ചു. അന്തമില്ലാതെ പരന്നു കിടക്കുന്ന മനോഹരമായ വെള്ളിമേഘക്കൂട്ടങ്ങൾ! രണ്ട് ചെവികളിലും പഞ്ഞിതിരുകി വെച്ചിട്ടും അന്തരീക്ഷമർദ്ദ വ്യതിയാനം കാരണം കർണ്ണപുടങ്ങളിൽ ശക്തിയായ വേദന. മുമ്പിലിരുന്ന ഒരു യുവാവ് ഞെളിപിരികൊള്ളുകയും ഛർദ്ദിക്കാൻ ശ്രമിക്കുകയും ചെയ്തുകൊണ്ടിരുന്നു. സാവധാനം വിമാനം താഴ്ന്ന് തുടങ്ങി. മലനിരകൾ പിന്നിട്ട് സമതലപ്രദേശത്തിന്റെ മുകളിലൂടെ. താഴെ വിശാലമായ ഗോതമ്പ് പാടങ്ങളും കൃഷിയിടങ്ങളും! പുറപ്പെട്ട് 40 മിനിട്ടുകൾക്ക് ശേഷം ആ കൊച്ചു വിമാനം നേപ്പാൾഗഞ്ച് എയർപോർട്ടിലിറങ്ങി. വീണ്ടു ശബ്ദ കോലാഹലങ്ങളും തിരക്കും നിറഞ്ഞ പുറം ലോകത്തേക്ക്! അനേക വർഷങ്ങൾക്കു ശേഷം കാണുന്നതു പോലെ വിമാനത്തിന് പുറത്തിറങ്ങി ഞാൻ ചുറ്റും നോക്കി. പിന്നെ സാവധാനം എയർപോർട്ടിന് പുറത്ത് കടന്ന് ഒരു സൈക്കിൾ റിക്ഷയിൽ ജെസ്സിയേയും കുട്ടികളേയും കൂട്ടി ലഗ്ഗേജുകളുമായി ബേസ്ക്യാമ്പിലേക്ക് നീങ്ങുമ്പോൾ എന്റെ മനസ്സ് വീണ്ടും വീണ്ടും അറിയാതെ മന്ത്രിച്ചുകൊണ്ടിരുന്നു: 'കർത്താവേ, സ്തോത്രം....സകലത്തിനുമായി.....! ■

# 13. കൊയ്ത്ത് വളരെ ഉണ്ട്...!

നമ്മുടെ നാട്ടിൽ പലപ്പോഴും പറഞ്ഞു കേൾക്കാറുള്ള ഒരു പരാതിയുണ്ട് : 'സുവിശേഷത്തോട് ഇപ്പോൾ ഇവിടെ ആർക്കും ഒരു താല്പര്യവുമില്ല. ആത്മീയ കാര്യങ്ങളിൽ ഇവിടെയുള്ള ജനങ്ങൾക്ക് താല്പര്യം കുറഞ്ഞ് വരികയാണ്...'എന്ന്. സുവിശേഷതൽപരർ നമ്മുടെ നാട്ടിൽ കുറഞ്ഞ് പോയാൽ നമ്മൾ എന്തു ചെയ്യണം? നിസ്സഹായരായി നെടുവീർപ്പിട്ട് കരയണമോ? സുവിശേഷത്തിന് വാതിലുകൾ അടയ്ക്കപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞ് വിലപിച്ചു കൊണ്ട് കഴിയണമോ?

സുവിശേഷം സ്വീകരിക്കാതെ തള്ളിക്കളഞ്ഞ യഹൂദന്മാരോട് പൌലൊസും ബർണബാസും പറഞ്ഞതിങ്ങനെയാണ്: 'ദൈവവചനം ആദ്യം നിങ്ങളോട് പറയുന്നത് ആവശ്യമായിരുന്നു. എന്നാൽ നിങ്ങൾ അതിനെതള്ളി നിങ്ങളെത്തന്നേ നിത്യജീവന്നു അയോഗ്യർ എന്നു വിധിച്ചുകളയുന്നതിനാൽ ഇതാ, ഞങ്ങൾ ജാതികളിലേക്ക് തിരിയുന്നു.' (അപ്പൊ. പ്രവ. 13: 46). ഫലശൂന്യമായ വയലുകളിൽ ചുറ്റിനടന്ന് വിലപിച്ചുകൊണ്ട് കാലം പോക്കുന്നത് മതിയാക്കി തലയുയർത്തി നോക്കുക. കൊയ്ത്തിന് വിളഞ്ഞു പാകമായിരിക്കുന്ന അനേകം വയലുകൾ നമുക്ക് കാണാൻ കഴിയും. 'കൊയ്ത്ത് വളരെയുണ്ട് സത്യം, വേലക്കാരോ ചുരുക്കം' എന്ന കർത്താവിന്റെ വാക്കുകൾ സത്യമാകാതെ വരുമോ? കർത്താവിന്റെ വാക്കുകളെ വിശ്വസിച്ചുകൊണ്ട് ഒന്ന് തലയുയർത്തി നോക്കുക. വേലക്കാർക്കായി മാത്രം കാത്തിരിക്കുന്ന വിളഞ്ഞുണങ്ങിയിരിക്കുന്ന വയലുകൾ മാടിവിളിക്കുന്നത് നിങ്ങൾ കാണും!

'കൊയ്ത്ത് വളരെ ഉണ്ട്....കൊയ്ത്ത് വളരെയുണ്ട്...' ഉന്നതമായ ഹിമാലയ മലനിരകളിൽ തട്ടി പ്രതിധ്വനിച്ച് ഈ ശബ്ദം നമ്മുടെ കേരളത്തിൽ മുഴങ്ങിയിരുന്നെങ്കിൽ!

'കൊയ്ത്ത് വളരെ ഉണ്ട് ' എന്ന കർത്താവിന്റെ ശബ്ദത്തെ ശരിവെച്ചുകൊണ്ട് ഇന്ത്യയിലെ നിരവധി സംസ്ഥാനങ്ങളിൽ നിന്നും നേപ്പാളിൽ നിന്നും തിബറ്റിൽ നിന്നും ഭൂട്ടാനിൽ നിന്നും മറ്റനേകം രാജ്യങ്ങളിൽ നിന്നും എല്ലാം ഉള്ള ദീനവിലാപങ്ങൾ മുഴങ്ങുകയാണ്. ലോകത്തിന്റെ ഒട്ടേറെ കോണുകളിൽ നിന്നും ഈ നിലവിളി കേൾക്കാം. ക്രിസ്തുവിനെക്കൂടാതെ ഇരുട്ടിൽകഴിയുന്ന ജനകോടികളുടെ നിലവിളി.'നീ മക്കദോന്യക്കു കടന്നുവന്നു ഞങ്ങളെ സഹായിക്ക്' എന്ന്

തന്നോടപേക്ഷിക്കുന്ന മക്കെദോന്യക്കാരനായൊരു പുരുഷനെ ദർശനത്തിൽ കണ്ട പൌലൊസിനെപ്പോലെ, വിവിധ ജാതിക്കാരും ദേശക്കാരുമായ ജനങ്ങളുടെ ഈ നിലവിളിയോട് പ്രതികരിക്കാൻ നമ്മൾ തയ്യാറാവേണ്ടതല്ലേ?

നമ്മൾ ജീവിക്കുന്ന ഇന്ത്യാ മഹാരാജ്യം തന്നെ ലോകത്തിലെ ഏറ്റവും വലിയ ഒരു മിഷൻ ഫീൽഡാണ്. ആധുനികമിഷണറിപ്രസ്ഥാനത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന വില്യം കേറി തുടങ്ങി, എത്രയെത്ര മിഷനറിമാരാണ് തങ്ങളുടെ സ്വന്ത രാജ്യം വിട്ട് ഇന്ത്യയിൽ വന്ന് തങ്ങളുടെ ആയുസ്സ് മുഴുവനും ക്രിസ്തുവിന്റെ സുവിശേഷഘോഷണത്തിനായി ഇവിടെ ചെലവഴിച്ചിട്ടുള്ളത്! എത്രയോ പേർ കഷ്ടങ്ങളിലും ഉപദ്രവങ്ങളിലും ഇവിടെത്തന്നെ മരിച്ചു. അവരുടെ കണ്ണുനീരിന്റെയും അദ്ധ്വാനത്തിന്റെയും ഫലങ്ങളാണ് നാമിന്ന് ആസ്വദിക്കുന്ന അനുഗ്രഹങ്ങളിൽ ഒരു നല്ല ശതമാനവും എന്ന് പലപ്പോഴും നമ്മൾ മറന്നു പോകുന്നു. ഇന്ത്യയ്ക്കുവേണ്ടി ലോകമെമ്പാടുമുള്ള അനേകഭക്തന്മാർ കാലങ്ങളായി പ്രാർത്ഥിക്കുന്നുണ്ട്. വിദേശമിഷണറിമാർക്ക് നിരോധനം ഏർപ്പെടുത്തിയതിനു ശേഷമുള്ള ഇക്കാലത്ത് ഇന്ത്യയുടെ സുവിശേഷീകരണം ഭാരതീയരായ സുവിശേഷ പ്രവർത്തകരെ ആശ്രയിച്ചാണിരിക്കുന്നത്.

അനേകം രാജ്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു മഹാരാജ്യമാണ് ഇന്ത്യ എന്നു പറഞ്ഞാൽ അക്ഷരാർത്ഥത്തിൽത്തന്നെ ശരിയാണ്. ഒട്ടനവധി ഭാഷക്കാരും ഗോത്രക്കാരും വംശക്കാരും ജാതിക്കാരുമായ അനേക കോടി ജനങ്ങൾ! ഇന്ത്യയിലെവിടെയും സ്വതന്ത്രമായി സഞ്ചരിക്കാനും ഇവരുടെയിടയിലെല്ലാം ക്രിസ്തുവിന് സാക്ഷ്യം വഹിക്കുവാനും കഴിയും എന്നുള്ളത് ഇന്ത്യൻ പൗരന്മാരായ നമ്മുടെ വലിയ സാധ്യതയാണ്. ഇന്ത്യയിലെ എത്രയോ പ്രദേശങ്ങൾ ഇനിയും സുവാർത്താദൂതികളുടെ കാലടിശബ്ദത്തിനായി കാതോർക്കുന്നു. യാതൊരു വിധപ്രവർത്തനങ്ങളും എത്തിയിട്ടില്ലാത്ത എത്രയെത്ര ഗോത്രക്കാർ, ഭാഷക്കാർ. നമ്മുടെ ജീവനായകനായ ക്രിസ്തു ക്രൂശിൽ മരിച്ചത് സർവ്വഗോത്രത്തിലും ഭാഷയിലും വംശത്തിലും ജാതിയിലും നിന്നുള്ളവരെ ദൈവത്തിനായി വിലക്കു വാങ്ങുവാൻ വേണ്ടിയായിരുന്നല്ലോ ( വെളിപ്പാട് 5:9,10). ഇത്രയേറെ ഭാഷക്കാരും ഗോത്രക്കാരും വംശക്കാരും ജാതിക്കാരുമുള്ള മറ്റൊരു രാഷ്ട്രവും ലോകത്ത് ഉണ്ടെന്ന് തോന്നുന്നില്ല. നമുക്കുള്ള സാധ്യതകളും ഉത്തരവാദിത്തങ്ങളും എത്ര വലുതാണ്. തെക്കെ ഇന്ത്യയിൽ പ്രത്യേകിച്ച് കർണ്ണാടകത്തിലും വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ മുഴുവനുമുള്ള സുവിശേഷഘോഷണം നമുക്കിന്നും ഒരു വെല്ലുവിളിയായിത്തന്നെ കിടക്കുന്നു.

നമ്മുടെ മാതൃരാജ്യമായ ഇന്ത്യയെ ഓർത്ത് നമ്മൾ ദൈവസന്നിധിയിൽ വളരെ കണ്ണുനീർ വാർക്കേണ്ടതാവശ്യമാണ്. ഇന്നും ബഹുഭൂരിപക്ഷം ജനങ്ങളും കൊടിയ വിഗ്രഹാരാധനയിലും അന്ധവിശ്വാസങ്ങളിലും ദാരിദ്ര്യത്തിലും കഴിയുന്നു. ദേവദാസി സമ്പ്രദായം, സതി, നരബലി, ബാല്യവിവാഹം എന്നിത്യാദി ഹീനവും നികൃഷ്ടവുമായ ഒട്ടേറെ ആചാരങ്ങൾ ഇന്നും ഇന്ത്യയിൽ പലയിടങ്ങളിലും നിലനിൽക്കുന്നുണ്ട് എന്നകാര്യം ഒരുപക്ഷേ അധികമാരും ചിന്തിക്കാറുണ്ടാവില്ല. ഇവിടെ സ്രഷ്ടാവായ ദൈവത്തിനു പകരം പാമ്പും പശുവും പക്ഷിയും കുരങ്ങും മാത്രമല്ല, 'മനുഷ്യദൈവ'ങ്ങളും സഹർഷം ആരാധിക്കപ്പെടുന്നു. ഇന്ത്യയിൽ പലസ്ഥലങ്ങളിലായുള്ള ഇത്തരം'മനുഷ്യദൈവ'ങ്ങളുടെ ആരാധകർ

പത്തോ നൂറോ അല്ല. സാധാരണക്കാർ മുതൽ രാജ്യം ഭരിക്കുന്നവർവരെയുള്ള ദശലക്ഷക്കണക്കിന് പേരാണ് ഇവരുടെ മുമ്പിൽ സാഷ്ടാംഗം പ്രണമിക്കുന്നത്. ഇന്ത്യയുടെ ആത്മീയാന്ധത എത്രവലിയതും ഇന്ത്യയുടെമേലുള്ള ദൈവകോപം എത്രഭയങ്കരവുമായിരിക്കും എന്ന് ചിന്തിച്ചു നോക്കുക!

നമ്മുടെ രാജ്യമെന്നപോലെ തന്നെ നമുക്ക് ചുറ്റുമുള്ള അയൽ രാജ്യങ്ങളും നമുക്കുള്ള വലിയ വെല്ലുവിളിയാണ്. നേപ്പാളും ഇന്ത്യയും തമ്മിൽ വളരെയേറെ സാമ്യമുണ്ട്. നേപ്പാൾ ഔദ്യോഗികമായി ലോകത്തിലെ ഏക ഹിന്ദുരാഷ്ട്രമാണ്. ഇന്ത്യ പ്രായോഗികമായി ലോകത്തിലെ ഏറ്റവും വലിയ ഹിന്ദുരാഷ്ട്രമാണ്. നേപ്പാളിലെ ജനങ്ങളിൽ വലിയൊരു ശതമാനവും ഇന്ത്യൻ വംശജരാണ്. ഇന്ത്യയുമായി കെട്ടുപിണഞ്ഞുകിടക്കുന്നതാണ് അവരുടെ വിശ്വാസങ്ങളും ആചാരങ്ങളും സംസ്കാരവുമെല്ലാം. ഇന്ത്യൻ പൗരന്മാരെന്ന നിലയിൽ ചുറ്റുപാടുമുള്ള അയൽ രാജ്യങ്ങളിൽപ്പോലും നമുക്ക് വലിയ സ്വാതന്ത്ര്യവും സ്വാധീനവും ഉണ്ട്. ഇന്ത്യയുടെ ചുറ്റും കിടക്കുന്ന പലരാജ്യങ്ങളിലും പ്രത്യേക വിസ ഒന്നും കൂടാതെതന്നെ നമുക്ക് സ്വതന്ത്രമായി സഞ്ചരിക്കാം. തന്നെയുമല്ല സംസ്കാരത്തിലും രൂപത്തിലും നിറത്തിലുമുള്ള സമാനത യൂറോപ്യൻ രാജ്യക്കാരെ അപേക്ഷിച്ച് നമുക്കുള്ള വലിയ ഒരു അനുകൂലഘടകമാണ്. ഈ സാധ്യതകളെല്ലാം സുവിശേഷത്തിന്റെ വ്യാപനത്തിനുവേണ്ടി നാം പ്രയോജനപ്പെടുത്തുന്നു എങ്കിൽ ഇന്ത്യയിലും ചുറ്റുപാടുമുള്ള പലരാജ്യങ്ങളിലും ഫലപ്രദമായി പ്രവർത്തിക്കുവാനും വളരെ ഫലം കൊയ്യുവാനും നമുക്ക് സാധിക്കും.

ഹിന്ദുരാഷ്ട്രമായ നേപ്പാളും, പ്രധാനമായി ബുദ്ധമതക്കാരുള്ള ഭൂട്ടാനും, ബർമ്മയും, ലോകത്തിന്റെ മേൽക്കൂര എന്നറിയറിയപ്പെടുന്ന തിബറ്റും, മുസ്ലിം രാജ്യങ്ങളായ ബംഗ്ലാദേശ്, മാലദ്വീപ്, പാകിസ്ഥാൻ, അഫ്ഗാനിസ്ഥാൻ എന്നീ രാജ്യങ്ങളും നമ്മുടെ കേരളത്തോട് വളരെ അടുത്തുകിടക്കുന്ന ശ്രീലങ്കയുമെല്ലാം നമ്മുടെ പ്രത്യേക പരിഗണന അർഹിക്കുന്ന രാജ്യങ്ങളാണ്. ആത്മീയമായി ലോകത്തിലെ ഏറ്റവും ഇരുണ്ട ഒരു മേഖലയാണിത് എന്നത് ശ്രദ്ധേയമാണ്. ഈ രാജ്യങ്ങളിൽ നിന്നെല്ലാമുള്ള വളരെയധികം ജനങ്ങൾ അഭയാർത്ഥികളോ തൊഴിൽ തേടിയെത്തിയവരോ ഒക്കെയായി ഇന്ത്യയിൽ ഉണ്ട് എന്നത് നമുക്കുള്ള ഒരു തുറന്ന വാതിലാണ്. ഇവരുടെ ഭാഷ പഠിക്കാനും ഇന്ത്യയിൽ വച്ചുതന്നെ ഇവരുടെ ഇടയിൽ പ്രവർത്തിച്ചു തുടങ്ങാനും ഉള്ള അവസരങ്ങളും അതുകൊണ്ട് തന്നെ നമുക്കുണ്ട്. പിന്നീടത് അതാത് രാജ്യങ്ങളിലേക്കുള്ള ഒരു വാതിലായിത്തീരും. വളരെ പ്രാർത്ഥനയോടെയും കണ്ണുനീരോടെയും കർത്താവിലുള്ള ആശ്രയത്തിലും ഇതു ചെയ്യുന്നു എങ്കിൽ അത്ഭുതകരമായ ഫലങ്ങൾ ഉണ്ടാകുമെന്നതിൽ സംശയമില്ല.

ലോകസുവിശേഷീകരണത്തിൽ നമ്മുടെ കൊച്ചു കേരളത്തിനുള്ള പങ്ക് ഒട്ടും ചെറുതല്ല. കേരളത്തിൽ നിന്നും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലേക്കും ലോകത്തിന്റെ അനേക കോണുകളിലേക്കും മിഷണറിമാരായി പോയിട്ടുള്ള എല്ലാവരെയും ഓർത്ത് നമുക്ക് ദൈവത്തെ സ്തുതിക്കാം. ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളേക്കാൾ കേരളം ഈ കാര്യത്തിൽ മുൻപന്തിയിൽ തന്നെയാണ്. എങ്കിലും കേരളത്തിലെ വിശ്വാസികളായ നമുക്ക് ദൈവം നൽകിയിരിക്കുന്ന വലിയ അനുഗ്രഹങ്ങളും സാധ്യതകളും വെച്ചു നോക്കുമ്പോൾ ഇനിയും എത്രയോ അധികം

കർത്താവിന്റെ രാജ്യത്തിനുവേണ്ടി അദ്ധ്വാനിക്കുവാൻ കടപ്പെട്ടവരാണ്. കേരളത്തിലുള്ള ഓരോ സുവിശേഷവിഹിത സഭകളും മിഷണറിമാരെ അയക്കുകയും മിഷണറിപ്രവർത്തനങ്ങളിൽ പങ്കാളിത്തം വഹിക്കുകയും ചെയ്യുന്ന സഭകളായി തീർന്നിരുന്നെങ്കിൽ!

കർത്താവിന്റെ ദിവസം ഏറ്റവുമടുത്തിരിക്കുന്ന ഈ നാളുകളിൽ നമുക്ക് അത്യാവശ്യമല്ലാത്ത ആഡംബരങ്ങളും ചെലവുകളുമെല്ലാം ഒഴിവാക്കി കർത്താവിന്റെ രാജ്യത്തിന്റെ കെട്ടുപണിക്കായി പരമാവധി നമ്മുടെ സമ്പത്തും നമ്മെത്തന്നെയും സമർപ്പിക്കാം. ദൈവം പണ്ട് ബാരൂക്കിനോട് പറഞ്ഞു: '...നീ നിനക്കായിട്ടു വലിയകാര്യങ്ങളെ ആഗ്രഹിക്കുന്നുവോ? ആഗ്രഹിക്കരുത്.....' (യിരമ്യാവ് 45:5). ഈ നശ്വരമായ ലോകത്തിൽ നമുക്കായിത്തന്നെ വലിയ കാര്യങ്ങൾ ആഗ്രഹിക്കാതെ ക്രിസ്തുവിന്റെ വലിയ നിയോഗം പൂർത്തീകരിക്കുക എന്ന മുഖ്യലക്ഷ്യം മുമ്പിൽ വെച്ചുകൊണ്ട് നമുക്ക് അദ്ധ്വാനിക്കാം. 'സുവിശേഷത്തിൽ ഒരു പങ്കാളിയാകേണ്ടതിനു ഞാൻ സകലവും സുവിശേഷം നിമിത്തം ചെയ്യുന്നു' (1 കൊരിന്ത്യർ 9:23) എന്നും, 'എങ്കിലും ഞാൻ എന്റെ പ്രാണനെ വിലയേറിയതായി എണ്ണുന്നില്ല; എന്റെ ഓട്ടവും ദൈവകൃപയുടെ സുവിശേഷത്തിന് സാക്ഷ്യം പറയേണ്ടതിനു കർത്താവായ യേശു തന്ന ശുശ്രൂഷയും തികക്കേണം എന്നേ എനിക്കുള്ളൂ.'(അപ്പൊ. പ്രവ. 20:24) എന്നും ഉള്ള അപ്പൊസ്തലനായ പൌലൊസിന്റെ വാക്കുകൾ നമുക്ക് ഈ കാര്യത്തിൽ പ്രചോദനമായിത്തീരട്ടെ.

മനുഷ്യചരിത്രത്തിന്റെ അവസാന അധ്യായത്തിൽ എത്തിനിൽക്കുന്ന നാം നമുക്ക് ചുറ്റും മുഴങ്ങുന്ന അനേകകോടി ജനങ്ങളുടെ നിലവിളിക്ക് ചെവികൊടുക്കേണ്ടതല്ലേ? 'അരിഷ്ടതയാലും ഇരിമ്പുചങ്ങലയാലും'ബന്ധിക്കപ്പെട്ട അവരെ വിമോചിപ്പിക്കുവാൻ അവരുടെ പണത്തിനോ, രാഷ്ട്രീയ സിദ്ധാന്തങ്ങൾക്കോ, ശാസ്ത്രസാങ്കേതിക വിദ്യക്കോ, വിദ്യാഭ്യാസത്തിനോ ഒന്നിനുമാവില്ലല്ലോ. ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ സത്യം, സ്വാതന്ത്ര്യം നൽകുന്ന ആ സത്യം, അവരിലേക്കെത്തിക്കുക എന്നത് മാത്രമാണ് ഏക പോംവഴി. അതുകൊണ്ട് 'നിങ്ങൾ ഭൂലോകത്തിലൊക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ' (മർക്കൊസ് 16:15) എന്ന സർവ്വാധികാരിയായ കർത്താവിന്റെ കല്പന നമുക്ക് അർഹിക്കുന്ന ഗൗരവത്തോടെ സ്വീകരിക്കാം.

ക്രിസ്തുവിനെക്കൂടാതെ നശിച്ചുകൊണ്ടിരിക്കുന്ന രാജ്യക്കാരെ, ഭാഷക്കാരെ, ഗോത്രക്കാരെ ഓർത്ത് നമുക്ക് ദൈവസന്നിധിയിൽ കണ്ണുനീർ വാർക്കാം. ഭൂമിയിൽ പാഴായിപ്പോകുന്ന നമ്മുടെ കണ്ണുനീർ ദൈവത്തിന്റെ യാഗപീഠത്തിൽ അർപ്പിക്കുമ്പോൾ അത്ഭുത ഫലങ്ങൾ അവ ഉളവാക്കുമല്ലോ. നമ്മുടെ നോട്ടം നമ്മിലേക്കും നമ്മുടെ ചുറ്റുപാടുകളിലേക്കും മാത്രം ഒതുക്കാതെ തലയുയർത്തി വിദൂരങ്ങളിലേക്ക്, കൊയ്ത്തിന് പാകമായിരിക്കുന്ന വിശാലമായ വയലുകളിലേക്ക് നോക്കാം. നമ്മുടെ കർത്താവിന്റെ ആർദ്രഹൃദയത്തിൽ നിന്നുമൊഴുകിയ ആ വാക്കുകൾ നമ്മുടെ ഹൃദയങ്ങളിൽ എപ്പോഴും മുഴങ്ങിക്കൊണ്ടിരിക്കട്ടെ: 'കൊയ്ത്ത് വളരെ ഉണ്ട് സത്യം, വേലക്കാരോ ചുരുക്കം; ആകയാൽ കൊയ്ത്തിന്റെ യജമാനനോട് കൊയ്ത്തിലേക്ക് വേലക്കാരെ അയക്കേണ്ടതിന്നു യാചിപ്പിൻ.....' (മത്തായി 9:37,38) ■

# അനുബന്ധം

ഈ ചെറുപുസ്തകം എഴുതിതീർന്നിട്ട് ഏകദേശം രണ്ടുവർഷത്തോളമായെങ്കിലും പലകാരണങ്ങളാൽ പ്രസിദ്ധീകരണം ഇത്രത്തോളം നീണ്ടുപോയി. എന്നാൽ ഈ കാലയളവിനുള്ളിൽ നേപ്പാളിൽ ശ്രദ്ധേയമായ പല മാറ്റങ്ങളും സംഭവിക്കുവാൻ സ്വർഗ്ഗത്തിലെ ദൈവം ഇടവരുത്തി.

രാഷ്ട്രീയമായി, ആഭ്യന്തരകലാപങ്ങളുടെയും ജനാധിപത്യത്തിനുവേണ്ടിയുള്ള ജനകീയ പ്രക്ഷോഭങ്ങളുടെയും മൂർദ്ധന്യാവസ്ഥയിലേക്ക് ഈ കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ നേപ്പാൾ എത്തിച്ചേർന്നു എങ്കിലും അതിനെല്ലാം പരിസമാപ്തി കുറിച്ചുകൊണ്ട് 2006, മെയ് മാസത്തിൽ നേപ്പാളിൽ ജനാധിപത്യഗവൺമെന്റ് അധികാരമേറ്റു. രാജാവിന്റെ അധികാരങ്ങൾ നീക്കികളയുകയും സൈന്യത്തെ പാർലമെന്റിന്റെ നിയന്ത്രണത്തിലാക്കുകയും ചെയ്തു. പിന്നീട് മാവോവാദികളുമായി പലവട്ടം സമാധാനചർച്ചകൾ നടത്തുകയും ചില വ്യവസ്ഥകളോടെ അവർ ഒത്തുതീർപ്പിന് തയ്യാറാകുകയും ചെയ്തു. ജനാധിപത്യഗവൺമെന്റിൽ പങ്കാളികളാകാൻ മാവോവാദികളും തയ്യാറായത് നേപ്പാളിന്റെ രാഷ്ട്രീയ ചരിത്രത്തിന് ഒരു വഴിത്തിരിവായിത്തീർന്നു.

മാത്രമല്ല, ഔദ്യോഗികമായി ലോകത്തിലെ ഏകഹിന്ദുരാഷ്ട്രമായിരുന്ന നേപ്പാൾ 2006, മെയ് 18-ന് ഒരു മതേതര രാഷ്ട്രമായി പ്രഖ്യാപിക്കപ്പെട്ടു!

മായാസദനിലെ കുട്ടികളുടെ എണ്ണം ഇതിനോടകം നൂറായി ഉയർന്നിരിക്കുന്നു.

വളരെ പ്രാർത്ഥനകൾക്കൊടുവിൽ ഉത്തരാഞ്ചലിലെ പിത്രോഗഡിൽ ഒരു പ്രവർത്തനം ആരംഭിക്കുവാൻ സാധിച്ചു. അവിടെ പലരും ക്രിസ്തുവിങ്കലേക്ക് വന്നുകൊണ്ടിരിക്കുന്നു.

എന്നാൽ, ആത്മീയമണ്ഡലത്തിൽ നേപ്പാൾ ഇനിയും എത്രയോ മുന്നേറേണ്ടിയിരിക്കുന്നു...! ഇപ്പോൾ സംജാതമായിരിക്കുന്ന ഈ അനുകൂല അന്തരീക്ഷം നേപ്പാളിൽ സുവിശേഷത്തിന്റെ ദ്രുതഗതിയിലുള്ള വ്യാപനത്തിന്, പ്രത്യേകിച്ച് സുവിശേഷത്തിന്റെ വെളിച്ചം എത്തിയിട്ടില്ലാത്ത ദുർഘടമായ ഹിമാലയൻ പ്രദേശങ്ങളിൽ സുവിശേഷമെത്തുന്നതിന്, പരമാവധി പ്രയോജനപ്പെടട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം. ■



അനേകനൂറ്റാണ്ടുകൾ സുവിശേഷത്തിന് പ്രവേശനമില്ലാതെ അടഞ്ഞുകിടന്ന, ഹിമാലയൻ രാജ്യമായ നേപ്പാളിലെ സുവിശേഷീകരണശ്രമങ്ങളെയും അഭിമുഖീകരിക്കേണ്ടി വന്ന വെല്ലുവിളികളെയും ഹൃദയസ്പർശിയായി വിവരിക്കുന്നതാണ് ഈ ചെറുഗ്രന്ഥം. പ്രത്യേകിച്ച്, നേപ്പാളിലെത്തന്നെ ഹിമാലയൻ പർവ്വതനിരകൾക്കിടയിൽ പുറംലോകത്തുനിന്ന് തികച്ചും ഒറ്റപ്പെട്ടു കിടക്കുന്ന കർണാലിപ്രദേശത്തെ ജനങ്ങളുടെ അരിഷ്ടതനിറഞ്ഞ ജീവിതങ്ങളിലേക്കും അവരിലേക്ക് ക്രിസ്തുവിന്റെ സുവിശേഷം എത്തിക്കുവാനുള്ള പരിശ്രമങ്ങളിലേക്കുമുള്ള ഒരു എത്തിനോട്ടമാണിത്. പുറംലോകത്തിന് തികച്ചും അവിശ്വസനീയമായി തോന്നാവുന്ന, ഹിമാലയൻ പ്രദേശത്തെ ജനങ്ങളെ സംബന്ധിക്കുന്ന, അനേകയാഥാർത്ഥ്യങ്ങൾ വായനക്കാരുടെ വിചിന്തനത്തിനായി അവതരിപ്പിക്കുന്നു.

*"അനുപമമായ അനുഭവങ്ങൾ അവതരിപ്പിക്കുമ്പോൾ, അനുവാചകനും അതിന് ദൃക്സാക്ഷിയാകുന്നതായി തോന്നിപ്പോകും......... ഹിമാലയൻ മലനിരകളിലൂടെ കയറിയറങ്ങി നടക്കുന്നവർക്കുണ്ടാകുന്ന കുളിർമ വായനക്കാരന്റെ മനസ്സിൽ സൃഷ്ടിക്കുവാൻ ഗ്രന്ഥകാരന് കഴിഞ്ഞിട്ടുണ്ട്. അപ്പോൾ തന്നെ, സുവിശേഷീകരണത്തിന്റെ അഗ്നി നമ്മുടെ ഉള്ളിൽ ആളിക്കത്തിക്കുവാനും സാധിച്ചിരിക്കുന്നു"*

-ജോർജ്ജ് കോശി മൈലപ്ര (ഡയറക്ടർ - ഏഷ്യ മീഡിയ അസോസിയേറ്റ് ഇന്റർനാഷണൽ)